# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



**ജൂലൈ 03 – മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ**

Vol. LXXIV July 2024 No. 7



അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിശ്വാസപരിശീലനപ്രഥമാധ്യാപകരുടെ
സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.




സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെറിറ്റ് ഡേ ആഘോഷം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടന്ന കുടുംബസംഗമം
അരുണാപുരം പള്ളി പാരിഷ് ഹാളിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ചു നടത്തിയ
നൂതനസംരംഭകത്വപദ്ധതി **WINGS 2.0** അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്യുന്നു.



പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന റീജിയണൽ ബിഷപ്സ് കോൺഫറൻസിൽ
സായാഹ്നനമസ്കാരത്തിൽ പങ്കെടുക്കുന്ന അഭിവന്ദ്യ പിതാക്കന്മാർ



പാലാ രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ പഠിച്ച്
ഹയർ സെക്കൻഡറി പരീക്ഷയിൽ മുഴുവൻ മാർക്കും നേടിയ വിദ്യാർത്ഥികൾ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനൊടൊപ്പം




ദീപികയുടെ എക്സലൻസ് ഇൻ മെഡിക്കൽ സർവീസസ് ആൻഡ് ഹെൽത്ത്കെയർ അവാർഡ്
പശ്ചിമബംഗാൾ ഗവർണർ ബഹു. ഡോ. സി.വി. ആനന്ദബോസിൽനിന്ന് മാർ സ്ലീവാ മെഡിസിറ്റി
മാനേജിംഗ് ഡയറക്ടർ വെരി. റവ. ഡോ. ജോസഫ് കണിയോടിക്കൽ ഏറ്റുവാങ്ങുന്നു.



മികച്ച പരിസ്ഥിതി പ്രവർത്തനങ്ങൾക്കുള്ള ഈ വർഷത്തെ സർക്കാർ പുരസ്കാരം
ബഹു. മുഖ്യമന്ത്രി പിണറായി വിജയനിൽനിന്ന് മാർ സ്ലീവാ ആശുപത്രി ഓപ്പറേഷൻസ് ആൻഡ്
പ്രൊജക്ട് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ ഏറ്റുവാങ്ങുന്നു.




കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ഫാ. എബ്രാഹം മുത്തോലത്ത് സ്മാരക നാച്വറൽ
ഇക്കോളജി അവാർഡ് ബിഷപ് മാർ ജോസ് പുളിക്കൽ പിതാവിൽനിന്ന് പി.എസ്.ഡബ്ല്യു.എസ്.
ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ,
ഫാ. ഇമ്മാനുവൽ കാഞ്ഞിരത്തിങ്കൽ എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**JULY 2024**
**Vol. LXXIV No. 7**

# CONTENTS

ഇടയലേഖനം -80 .......... 499

എപ്പാർക്കിയൽ അസംബ്ലിയനന്തര കർമ്മപദ്ധതി .......... 509

ഇടയലേഖനം .......... 515

സർക്കുലർ .......... 522

സംയുക്തസർക്കുലർ .......... 529

അറിയിപ്പ് .......... 535

കച്ചേരിക്കാര്യം .......... 538

Collection List .......... 540

അറിയിപ്പ് .......... 549

വാർത്തകൾ .......... 551

ആദരാഞ്ജലികൾ .......... 585

അഭിവന്ദ്യപിതാവിന്റെ ഡയറി .......... 587

ഇടയലേഖനം - 80

# പാലാ രൂപതയുടെ എഴുപത്തഞ്ചു വർഷങ്ങൾ

## ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീ സന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്. നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

1950, ജൂലൈ 25 നാണ് പാലാ രൂപത സ്ഥാപിതമായത്. എഴുപത്തഞ്ചു വർഷങ്ങൾ ഇന്നത്തെ ഒരു പുരുഷായുസ്സാണ്. ദൈവം കനിഞ്ഞനുഗ്രഹിച്ച 75 വർഷങ്ങളുടെ സമ്പാദ്യമായി പാലാ രൂപതയ്ക്കുള്ളത് ഈ രൂപതയിൽ ജനിച്ചു വളർന്ന് സമർപ്പിതജീവിതത്തിലേക്കു പ്രവേശിച്ച വൈദികരുടെയും സന്ന്യസ്തരുടെയും ത്യാഗവും ദൈവാലയങ്ങളുടേയും സ്ഥാപനങ്ങളുടെയും നിർമ്മാണത്തിനും നടത്തിപ്പിനുമായി ആത്മസമർപ്പണം ചെയ്ത അല്മായസഹോദരങ്ങളുടെ സന്മനസ്സുമാണ്.

1950 നവംബർ 9 നാണ് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി റോമിലെ സെന്റ് തെരേസാസ് ബസിലിക്കായിൽ വച്ചു കർദ്ദിനാൾ തിസ്സറാന്റ് തിരുമേനിയിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചത്. 2024 ജൂൺ 26 ന് ആ ദൈവാലയം സന്ദർശിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചശേഷമാണ് ഈ ഇടയലേഖനം റോമിൽവച്ച് എഴുതുന്നത്.

കഴിഞ്ഞ 74 വർഷങ്ങളിലൂടെ ദൈവം നമ്മെ കൈ പിടിച്ചു നടത്തി. സത്യവിശ്വാസം സംരക്ഷിക്കുക, കൈമാറ്റം

ചെയ്യുക എന്നീ ഉത്തരവാദിത്വങ്ങളാണ് ഈ നാളുകളിൽ നമ്മൾ ഒരുമിച്ചു ചെയ്തുകൊണ്ടിരിക്കുന്നത്. ഭാഗ്യസ്മരണാർ ഹനായ വയലിൽ തിരുമേനി 'കർത്താവ് എന്റെ പ്രകാശമാകുന്നു' എന്ന ആപ്തവാക്യംവഴിയും, അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവ് 'ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും' എന്ന ആപ്തവാക്യത്തിലൂടെയും നമ്മുടെ രൂപതയെ സമൃദ്ധമായി നയിച്ചു. 75 വർഷങ്ങൾ ജീവിച്ചപ്പോൾ അത് അഭിമാനത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും ചിന്തകളാണ് നമ്മിൽ ഉണർത്തുന്നത്. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻപിതാവിന്റെയും നാളിതുവരെയുള്ള വികാരി ജനറാൾ അച്ചന്മാരുടെയും രൂപതാകേന്ദ്രത്തിലെ മറ്റു വൈദികരുടെയും ശുശ്രൂഷകളെ പ്രത്യേകമായി സ്മരിക്കുന്നു.

കുറ്റങ്ങളും കുറവുകളും പോരായ്മകളും മനസിലാക്കുന്നതിനും തിരുത്തുന്നതിനുമുള്ള അവസരം കൂടിയാണ് പ്ലാറ്റിനം ജൂബിലി. സഭയുടെ വിശുദ്ധപാരമ്പര്യവും ലിറ്റർജിയും ദൈവശാസ്ത്രവും ആധ്യാത്മികതയും ശിക്ഷണക്രമവും ചരിത്രവും പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞവർഷം പാലാ രൂപതയുടെ ചരിത്രം അതിമനോഹരമായിട്ട് ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കാൻ നമുക്കു കഴിഞ്ഞു. രൂപതയിലെ ഒട്ടനവധി പള്ളികളും പാരിഷ്ഹാളുകളും വൈദികമന്ദിരങ്ങളും സ്കൂളുകളും പുത്തനാക്കി പണിയുകയും അല്ലെങ്കിൽ നവീകരിക്കപ്പെടുകയും ചെയ്തുകഴിഞ്ഞു. ബഹുമാനപ്പെട്ട വൈദികരുടേയും സമർപ്പിതരുടെയും അല്മായരുടെയും കഠിനാധ്വാനത്തിന്റെ ഫലമാണിത്. അപ്രകാരം ദൈവാനുഗ്രഹത്തിന്റെ നിറവോടെയാണ് പ്ലാറ്റിനം ജൂബിലിയിലേക്കു പ്രവേശിക്കുന്നത്. അജപാലനം, വിശ്വാസപരിശീലനം, ആതുരശുശ്രൂഷ, കാരുണ്യ പ്രവർത്തനങ്ങൾ, സംഘടനാപ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം രൂപതയുടെ തനിമ വെളിപ്പെടുത്തുന്നു. മുപ്പതിലധികം വൈദികമേലധ്യക്ഷൻമാർക്കു ജന്മം നൽകിയ രൂപതയാണ്

നമ്മുടേത്. ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി, മാർ ജോൺ പെരുമറ്റം, അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് സ്രാമ്പിക്കൽ, മാർ ജോസഫ് കൊല്ലംപറമ്പിൽ എന്നീ മെത്രാൻമാർ പാലാ രൂപതയിലെ വൈദികസമൂഹത്തിലെ അംഗങ്ങളായിരുന്നു.

ധനലാഭമായിരുന്നില്ല രൂപതയുടെ പ്രവർത്തനലക്ഷ്യം. ഇന്ന് മാർ സ്ലീവാ മെഡിസിറ്റി നൽകുന്ന സേവനം ഇതുവരെ രൂപതവഴി ദൈവം നൽകിയ സേവനങ്ങളുടെ ചെറിയൊരംശം മാത്രമാണ്. അതിലെത്രയോ മടങ്ങാണ് കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടിൽ പാവപ്പെട്ടവരായ മനുഷ്യർക്കു തണലായിത്തീർന്ന നിരവധി പദ്ധതികളിലൂടെ രൂപതയിൽ നടന്നത്. അവയുടെ ഒരു ഓഡിറ്റ് നോക്കിയാൽ ലാഭത്തിന്റെ കോളം ശൂന്യമായിരിക്കും. ലാഭം ഒരിക്കലും നമ്മൾ ആഗ്രഹിക്കുന്നുമില്ല.

വാണിജ്യതത്ത്വങ്ങൾ ധനനഷ്ടങ്ങളുടെ കണക്ക് ആവശ്യപ്പെടുമ്പോഴും വാണിജ്യനിഘണ്ടുവിൽ കാണുന്ന ആത്മീയ നേട്ടങ്ങളാണ് രൂപതയുടെ കൈമോശം വരാത്ത ആസ്ഥിയും നിധിയും. ഇന്ന് രൂപതയിൽ ഉയർന്നുനിൽക്കുന്ന സ്ഥാപനങ്ങളെല്ലാം രൂപതയിലെ ദൈവജനത്തിന്റെ വിശ്വാസത്തിന്റെയും ത്യാഗത്തിന്റെയും മൂർത്തരൂപങ്ങളാണ്. ഇന്ന് നാം അനുഭവിക്കുന്ന സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന ആ കാലം സങ്കൽപ്പിക്കാൻ ഇന്നത്തെ കുട്ടികൾക്കോ യുവജനങ്ങൾക്കോ സാധിക്കുകയില്ല. കറുപ്പും വെളുപ്പുമായ മങ്ങിയ കുറെ ഫോട്ടോ, മഷി മാഞ്ഞുപോകാറായ കുറെ കയ്യെഴുത്തുരേഖകളോ അന്നത്തെ ദുരിതങ്ങളുടെ ചിത്രം തരുകയില്ല. കാരണം, അന്ന് ദുരിതങ്ങൾ എന്താണെന്നു തിരിച്ചറിയാൻ വൈദികർക്കോ അല്മായർക്കോ താരതമ്യം ഒന്നുമില്ലായിരുന്നു. മൈക്രോവേവോ വൈദ്യുതിവിളക്കോ ഫാനോ ശീതീകരിണി എന്ന റഫ്രിജറേറ്ററോ എയർകണ്ടീഷൻ ചെയ്ത മുറികളോ വാഹനങ്ങളോ ഒരു സ്ഥാപനത്തിനുമില്ലായിരുന്നു. ഇന്ന്

ജനങ്ങൾക്കു ലഭ്യമായ ഭക്ഷണവസ്തുക്കൾ അന്ന് അന്യമായിരുന്നു. ജനങ്ങൾ പൊതുവേയും വൈദികർക്കും സന്ന്യസ്തർക്കും പ്രത്യേകിച്ചും പോഷകാഹാരം എന്നത് അന്നജം മാത്രമായി സങ്കൽപ്പിച്ച കാലമായിരുന്നു അത്. രൂപതയുടെ ആദ്യത്തെ പതിറ്റാണ്ടിൽ വിശുദ്ധ കുർബാനയുടെ അർപ്പണത്തിനുമുമ്പുള്ള ഉപവാസം 12 മണിക്കൂറായിരുന്നു. യാത്രാസൗകര്യങ്ങൾ വളരെ കുറവായിരുന്നതിനാൽ വൈദികർ ദുരിതപ്പെട്ടു ജീവിച്ച ആ കാലഘട്ടം ഇന്ന് സങ്കൽപ്പിക്കാൻ സാധിക്കുകയില്ല. അന്ന് എല്ലാവർക്കും ഊർജ്ജം പകർന്നതു ദൈവവിശ്വാസവും പരിശുദ്ധ സിംഹാസനത്തോടും സഭാനിയമങ്ങളോടുമുള്ള വിശ്വസ്തതയും കൂദാശകളുടെ മുടങ്ങാത്ത സ്വീകരണവുമായിരുന്നു. സുകൃതമഞ്ജരി എന്ന പേരിൽ വൈദികർക്കും മെത്രാന്മാർക്കും സമർപ്പിക്കപ്പെട്ടിരുന്ന വലിയ സമ്മാനങ്ങൾ അമൂല്യമായ ആത്മീയസമ്പത്തിന്റെ തെളിഞ്ഞ രേഖകൾ ആയിരുന്നു.

സാമ്പത്തികഞെരുക്കമുള്ള കാലത്തും രൂപതയിലെ വിശ്വാസികളും വൈദികരും അതു ആത്മീയസമ്പത്താക്കി മാറ്റി എന്നു പറയുമ്പോൾ ഇന്ന് ഒരു സാമ്പത്തികശാസ്ത്രജ്ഞനും അതു വിശദീകരിക്കാനാവില്ല. ആത്മീയതയുടെ മൂർത്തരൂപങ്ങളായ സ്ഥാപനങ്ങളെ തകർന്നുവീഴാതെ കാത്തുപോന്നത് രൂപതയുടെ വലിയ ധാർമികശക്തികൊണ്ടാണ്. മീനച്ചിൽ താലൂക്കിലെയും അടുത്തുള്ള വൈക്കം താലൂക്കിലെയും പ്രദേശങ്ങളുടെ സാംസ്കാരിക - കാർഷിക പാരമ്പര്യങ്ങൾ ഈ ആത്മീയശക്തിയിൽ പച്ചപിടിച്ചു എന്ന് പറയാൻ നമുക്കു സാധിക്കും. കാരണം, ആത്മീയമായ ദിശാബോധം ഭൗതികമായ നേട്ടങ്ങൾക്കും പിന്നിലുണ്ടായതുകൊണ്ടാണ് ഇതു സാധ്യമായത്. ആദർശവാദവും ഭൗതികവാദവും (idealism and materialism) വിപരീതരീതിയിലാണ് വസ്തുക്കളെ കാണുന്നത്. ഭൗതികവാദികൾ ആശയങ്ങളെ വസ്തുവിന്റെ ഉത്പന്നങ്ങളായിട്ടു കാണുന്നു. ആദർശവാദികൾ വസ്തുക്കളെ ആശയ

ങ്ങളുടെ ഉത്പന്നമായി കാണുന്നു. ഈ രണ്ടു ചേരികളിലും പെടാതെ ദൈവരാജ്യത്തിന്റെ നന്മയിലും ദൈവപുത്രന്റെ കൃപയിലും പരിശുദ്ധ റൂഹായുടെ സഹവാസത്തിലും എല്ലാ പ്രവർത്തനങ്ങളെയും വിശുദ്ധീകരിക്കാനും വിശദീകരിക്കാനും നമുക്കു സാധിച്ചിട്ടുണ്ട്.

ഗലീലിത്തടാകത്തിൽ മുങ്ങാൻ തുടങ്ങിയ വഞ്ചിയിലെ ശിഷ്യരുടെ അനുഭവത്തിലൂടെ നമ്മൾ കടന്നുപോയിട്ടുണ്ട്. ദൈവവിശ്വാസം വർദ്ധിക്കാനിടവരുത്തിയ നിരവധി നന്മകൾ മാത്രമല്ല, ഈശോയോടൊപ്പം സഹനം ഏറ്റുവാങ്ങിയതിലുള്ള ഭാഗ്യവും നമ്മുടെ രൂപതയിലെ വൈദികരും സന്ന്യസ്തരും അല്മായരും തിരിച്ചറിഞ്ഞിട്ടുണ്ട്.

വിശുദ്ധ അൽഫോൻസാമ്മയുടെയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെയും ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെയും ദൈവദാസൻ കണിയാരകത്ത് ബ്രൂണോ അച്ചന്റെയും ദൈവദാസി കൊള്ളേത്താമ്മയുടേയും പുണ്യകുടീരങ്ങളിൽ നിന്ന് ദൈവാനുഗ്രഹം ഏറ്റുവാങ്ങി ജീവിക്കുന്നവരാണ് നമ്മൾ. സ്കൂൾപരീക്ഷയിൽ ജയിച്ചതുകൊണ്ടോ വിദേശത്തു ജോലി കിട്ടിയതുകൊണ്ടോമാത്രമല്ല ജീവിതപരീക്ഷയിൽ ജയിക്കുന്നതിനുവേണ്ടിയാണ് നമ്മുടെ പ്രിയപ്പെട്ട വിശ്വാസിസമൂഹം ഈ കബറിടങ്ങളിൽ തീർത്ഥാടകരായി എത്തുന്നത്. രൂപതയുടെ പ്ലാറ്റിനം ജൂബിലി പ്രമാണിച്ച് വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സ്ഥിതിചെയ്യുന്ന ദൈവാലയം നവീകരിച്ചു ജൂലൈ 11-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് കൂദാശ ചെയ്യുകയാണ്.

ഭൗതികമായി നിസ്വരായ സമർപ്പിതരുടെയും ആത്മീയമായി സഹനങ്ങൾ നേരിടുന്ന വിശ്വാസികളുടെയും ത്യാഗങ്ങൾ ഒരു യൂട്യൂബിലും ഫേസ്ബുക്കിലും ലൈക്ക് നേടുന്നില്ലെങ്കിലും അദൃശ്യനായ ദൈവത്തിന്റെ മുമ്പിൽ അവ വിലപ്പെട്ട നിധികളാണ്. മക്കളെച്ചൊല്ലിയും കുടുംബസമാധാനം

കൊതിച്ചും എത്രയോ മാതാക്കളും അവിവാഹിതരായ സ്ത്രീജനങ്ങളും ആരും കാണാതെ കണ്ണീരൊഴുക്കുന്നുണ്ട്. ആധുനികകാലത്തും വലിയ മാറ്റമില്ലാതെ തുടരുന്ന ഇത്തരം നിമിഷങ്ങൾ ടെലിവിഷന്റെ കണ്ണീർ പരമ്പരങ്ങൾക്കു പ്രചോദനം നൽകിയിട്ടുണ്ടാവും. എന്നാൽ, യഥാർത്ഥമായ വേദന കലാരൂപങ്ങളിലല്ല. കാണപ്പെടാതെപോകുന്ന നല്ല ശമറായക്കാർ നമുക്കു ചുറ്റുമുണ്ടെന്നതാണ് കണ്ണീർപ്പടങ്ങളെക്കാളും കണ്ണീർപ്പരമ്പരകളെക്കാളും വിലമതിക്കേണ്ടത്. ആ കണ്ണീർ ദൈവം കാണാതിരിക്കുകയില്ല. തിരുക്കുടുംബത്തിന്റെയും ഈശോയുടെയും പരിശുദ്ധ അമ്മയുടെയും ചിത്രങ്ങൾക്കുമുമ്പിലും ക്രൂശിതരൂപത്തിന്റെയും മാർ സ്ലീവായുടെയും മുമ്പിലും ഏതാനും നിമിഷങ്ങൾ പ്രാർത്ഥനാനിരതരാകാത്തവർ ഈ രൂപതയിൽ ആരുമില്ലെന്ന് എനിക്ക് ഉറപ്പുണ്ട്. അവർക്കു ലഭിക്കുന്ന ശാന്തിയും സമാധാനവും അന്ന് ഗലീലിയിൽ ക്ഷോഭിച്ച കടൽ ശാന്തമാക്കിയ മിശിഹാ നൽകുന്നതുതന്നെയാണ്. കിടപ്പാടവും വാസയോഗ്യമായ ഭവനവും ഇല്ലാതെ കഴിയുന്ന ഏറെപ്പേർ നമ്മുടെ രൂപതയ്ക്കുള്ളിലുണ്ട്. അത്തരം ആളുകൾക്കുവേണ്ടി 1200 ഭവനങ്ങൾ പണിയാൻ മൂന്നുവർഷത്തിനുള്ളിൽ നമുക്കു കഴിഞ്ഞതു ബഹുമാനപ്പെട്ട വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും അത്യധ്വാനംകൊണ്ടാണ്.

യുവജനങ്ങളുടെ ഇടയിലെ കോളിളക്കങ്ങൾ ശാന്തമാക്കുന്നതും ഇതേ പ്രാർത്ഥനതന്നെയാണ്. കുടുംബപ്രാർത്ഥനയുടെ നിമിഷങ്ങൾ നമുക്ക് സമ്മാനിച്ച ശാന്തി പിൽക്കാലങ്ങളിലെങ്കിലും മധുരമായ ഓർമ്മകളായി ഇന്നു മുതിർന്നവരിലും യുവജനങ്ങളിലും ഉണ്ടെന്ന് നമുക്കറിയാം. വർത്തമാനകാലത്തെ ദുഃഖങ്ങളെ കരുണയോടെ കാണുന്ന നേത്രങ്ങൾ തിരുസ്സഭയിലൂടെ പ്രകാശിക്കുന്നുണ്ട്. അതേസമയം, വിവേകം വെടിഞ്ഞു വ്യാപാരിക്കുന്നവരെ മാതാപിതാക്കൾ തിരുത്തുന്നതുപോലെ സഭയും സഭാമക്കളെ പല അവസരങ്ങളിലും

തിരുത്തിയിട്ടുണ്ട്. ഈ തിരുത്തൽ ഏറ്റുവാങ്ങാത്ത ബാല്യങ്ങൾ കുറവായിരിക്കും. തിരുത്തലുകൾ കുറയുമ്പോൾ കുടുംബങ്ങളിലെ അച്ചടക്കം നഷ്ടമാകും.

കുടുംബങ്ങളിലും ഇടവകകളിലും കലാലയങ്ങളിലും മനസ്സിനു മുറിവേറ്റവരെ പ്രത്യേകം ഓർക്കുകയാണ്. എന്നും തിരുത്തപ്പെടേണ്ട, നവീകരിക്കപ്പെടേണ്ട മനസ്സുള്ളവരെയാണല്ലോ സന്മനസ്സുകൾ എന്നു വിളിക്കേണ്ടതും. മുതിർന്നവരുടെ കാർക്കശ്യങ്ങളും പക്വതയോടു സമരസപ്പെടാൻ ക്ഷോഭിക്കുന്നവരുടെ ചാഞ്ചല്യങ്ങളും തിരുത്തലിനു വിധേയമാകണമെന്നു നമുക്കറിയാം. കുട്ടികളുടെ പല ശാഠ്യങ്ങളും അനുവദിക്കാൻ നിർബന്ധിതരായ മുതിർന്നവർ കടന്നുപോകുന്ന പ്രയാസങ്ങൾ നിരവധിയാണല്ലോ. ഉച്ചത്തിൽ പ്രാർത്ഥിക്കുകയും പാടുകയും ചെയ്യാനാഗ്രഹിക്കുന്ന ചെറുപ്പക്കാരും ഹൃദയത്തിലേക്കു കയറി കതകടച്ചു പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്നവരും ഒരേ ദൈവത്തിന്റെ മുമ്പിലാണല്ലോ നിൽക്കുന്നത്.

എഴുപത്തിയഞ്ചു വർഷങ്ങൾ ദൈവം തന്ന നന്മകൾക്കു നന്ദി പറയാൻ നമ്മുടെ പരേതരായ പൂർവികരും ആഗ്രഹിക്കുന്നുണ്ടാവും. ഈ രൂപതയുടെ മണ്ണിൽ അലിഞ്ഞ ഇവിടുത്തെ പരേതരെ പ്രത്യേകം നമുക്ക് ഓർക്കാം. അവരുടെ പ്രതീക്ഷകളെല്ലാം പൂർണ്ണതയിലെത്തിക്കാൻ അവർക്കു കഴിഞ്ഞില്ലെങ്കിലും അവർ അക്കാര്യം നമ്മെ ഭരമേൽപ്പിക്കുകയാണ്. പറമ്പിൽ/പള്ളിവീട്ടിൽ ചാണ്ടിമെത്രാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും നിധീരിക്കൽ മാണിക്കത്തനാരും നമ്മുടെ സഭയുടെയും രൂപതയുടെയും അനശ്വരവ്യക്തിത്വങ്ങളാണ്. പാരമ്പര്യത്തിൽ അടിയുറച്ച, പ്രതീക്ഷയിൽ വളരുന്ന പുതിയ തലമുറകളെ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്താൻ വിശ്വാസപരിശീലകരായ എല്ലാ മുതിർന്നവർക്കും ചുമതലയുണ്ട്. കൂടുതൽ ക്ഷമയോടെ കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനം നടത്താൻ നിസ്വാർത്ഥരായ യുവജനങ്ങൾ മുമ്പോട്ടു വരുന്നതിൽ രൂപത എന്നും ആനന്ദിക്കുന്നു.

ഇക്കൂടെ സ്മരണീയമാകുന്നത് കഴിഞ്ഞ 74 വർഷങ്ങളിൽ ദൈവാലയശുശ്രൂഷികളായിരുന്ന മഹത്വ്യക്തികളെയാണ്. അവരുടെ നന്മയും സന്മനസ്സും പ്രതിഫലംകൊണ്ടു സമ്മാനിക്കാവുന്നതല്ല; പ്രതിഫലം എന്തെങ്കിലും നൽകി അവരുടെ സേവനത്തിന്റെ മൂല്യത്തെ ചെറുതാക്കാനുമാവില്ല. അമൂല്യം എന്നു കരുതാവുന്ന ആ സേവനങ്ങൾ അവരുടെ മൂല്യം നഷ്ടപ്പെടുത്താത്ത സ്മാരകങ്ങളായി നിലനിൽക്കട്ടെ. നിർഭാഗ്യകരമായ ഏതെങ്കിലും സാഹചര്യങ്ങളാൽ ശുശ്രൂഷ ഉപേക്ഷിച്ചവരെയും നമുക്ക് ആദരവോടെ സ്മരിക്കാം. കഴിഞ്ഞ 74 വർഷങ്ങളിൽ പള്ളിജീവനക്കാരായി ശുശ്രൂഷിച്ച എല്ലാവരെയും ഇത്തരുണത്തിൽ സ്നേഹത്തോടെ സ്മരിക്കുന്നു.

രൂപതയോടുള്ള വിധേയത്വം പുലർത്താനായി ജീവിതം സമർപ്പിച്ച വൈദികരുടെ ജീവിതങ്ങൾ സ്മരിക്കാൻ നമുക്ക് സമയം കണ്ടെത്താം. ഒപ്പം, രൂപതയിലെ സമർപ്പിതസഹോദരിമാരെയും. Covid കാലത്ത് നമ്മുടെ രൂപതയിലെ യുവജനങ്ങൾ Covid Fighters ആയിട്ട് അങ്ങോളമിങ്ങോളം എല്ലാ ശുശ്രൂഷകളിലും പങ്കെടുത്തത് അനുഗൃഹീതമായ കൃപയായി മാറിയിരുന്നു. കാർഷികമേഖലയിൽ പ്രതിസന്ധികൾ ഏറെയുള്ളപ്പോഴും അവസരോചിതമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. എ.കെ.സി.സി.പോലെയുള്ള അല്മായ മുന്നേറ്റ പ്രസ്ഥാനങ്ങൾ സുസംഘടിതമായി. സമുദായസ്നേഹം വർധിച്ചിട്ടുണ്ട്. ജലപ്രളയങ്ങൾ ഉണ്ടായപ്പോൾ നമ്മുടെ രൂപത ഉണർന്നു പ്രവർത്തിച്ചു.

നമുക്ക് ഏറ്റവും പ്രിയങ്കരനായ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ 50 വർഷങ്ങളുടെ സ്മരണ നമ്മുടെ ഭദ്രാസനദൈവാലയത്തിൽവച്ച് സമുചിതമായി ആഘോഷിക്കുവാൻ നമുക്ക് കഴിഞ്ഞു. 2014 ൽ പാലായിൽവച്ചു നടത്തിയ CBCI സമ്മേളനവും ചരിത്രസ്മാരകമായി ഇന്നും നിലനിൽക്കുന്നു. നമ്മുടെ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ഈ

വർഷം ആഗസ്റ്റ് 22, 23, 24, 25 തീയതികളിൽ നമ്മുടെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെടുകയാണ്. സീറോമലബാർ സഭയിലെ എല്ലാ മെത്രാന്മാരും തിരഞ്ഞെടുക്കപ്പെട്ട വൈദികരും സമർപ്പിതരും അല്മായരുമാണ് അസംബ്ലിയിൽ പങ്കെടുക്കുന്നത്. നാം നടത്തിയ എപ്പാർക്കിയൽ അസംബ്ലിയുടെ (2023 നവംബർ 21-23) കണ്ടെത്തലുകളും നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ഇതിനോടൊപ്പം പ്രസിദ്ധീകരിക്കുകയാണ്. അജപാലനമേഖലയിൽ നാം മുൻഗണന കൊടുക്കേണ്ട നിരവധി കാര്യങ്ങളാണ് അതിൽ പ്രതിപാദിച്ചിരിക്കുന്നത്. നമ്മുടെ രൂപതയുടെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായ സെന്റ് തോമസ് കോളേജിന് ഓട്ടോണമസ് പദവി ലഭിച്ചതും ദൈവം നമ്മോടു കാണിച്ച ഏറ്റവും വലിയ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും അടയാളമായി കരുതുകയാണ്.

അഭിവന്ദ്യ വയലിൽ പിതാവ് മെത്രാൻപട്ടം സ്വീകരിച്ച റോമിലെ സെന്റ് തെരേസാസ് ദൈവാലയത്തിലും, സെന്റ് പീറ്റേഴ്സ് ദൈവാലയത്തിലുംവച്ച് രൂപതാംഗങ്ങൾ എല്ലാവരെയും ഓർത്ത് സമർപ്പിച്ചു പ്രാർത്ഥിക്കാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി കരുതുകയാണ്.

രൂപതയുടെ സമസ്ത മേഖലകളുടെയും നവീകരണമാണ് പ്ലാറ്റിനം ജൂബിലിയിൽ ലക്ഷ്യം വയ്ക്കുന്നത്. നവീകരണത്തിന്റെ ആദ്യപടിയായി രൂപതയിലെ എല്ലാ ഭവനങ്ങളിലും ഹോം മിഷൻ ആരംഭിച്ചുകഴിഞ്ഞു. നാൽപ്പതിനായിരത്തിൽ അധികം വീടുകളിൽ ഇതിനോടകം നമ്മുടെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് സന്ദർശിച്ചു പ്രാർത്ഥിച്ചു.

പ്ലാറ്റിനം ജൂബിലിയുടെ ഔപചാരികമായ ഉദ്ഘാടനം ജൂലൈ 26 ന് ഭരണങ്ങാനം അൽഫോൻസാ ഷ്രൈനിൽ വച്ചു നടത്തുകയാണ്. അന്നേദിവസത്തെ പരിശുദ്ധ കുർബാനയ്ക്ക് സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ മുഖ്യകാർമ്മികത്വം വഹിക്കും. രൂപത

യിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരും വലിയമെത്രാപ്പോലീത്തായോടുചേർന്നു പരിശുദ്ധ കുർബാന അർപ്പിക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന ആത്മീയപ്രാധാന്യമുള്ള കാര്യങ്ങൾക്കു മുൻഗണന നൽകിക്കൊണ്ടുള്ള കാര്യങ്ങളാണ് ജൂബിലിവർഷത്തിൽ നടത്തുന്നത്. രൂപതക്കച്ചേരി, ശലോം സെന്ററിലെ വൈദികർ, ഫൊറോനാവികാരിമാർ, ആലോചനാ സമിതിയംഗങ്ങൾ, പാസ്റ്ററൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽമാർ എന്നിവരോട് ആലോചിച്ച് ഒരു വർഷത്തേക്കുള്ള പദ്ധതികൾക്ക് രൂപഭാവങ്ങൾ നൽകിക്കഴിഞ്ഞു. അതിന്റെ വിശദാംശങ്ങൾ അധികം താമസിപ്പിക്കാതെ എല്ലാവരെയും അറിയിക്കുന്നതാണ്.

പ്ലാറ്റിനം ജൂബിലിവർഷം നമുക്കു വിശ്വാസത്തിൽ ആഴപ്പെടാനും സുവിശേഷചൈതന്യത്തിൽ കൂടുതൽ വളരാനുമുള്ള അവസരമാകട്ടെ. പാലാ രൂപതയിലെ ഓരോ വ്യക്തിയുടെയും ജൂബിലിയാണ് ഇത് എന്ന് ഓർമിപ്പിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 02.07.2024

---

NB: ഈ ഇടയലേഖനം 2024 ജൂലൈ 7-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനയർപ്പണമുള്ള സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# പാലാ രൂപത മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയനന്തര കർമ്മപദ്ധതി

പാലാ രൂപത മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയനന്തര കർമ്മപദ്ധതി പ്രധാനമായും നാല് മേഖലകളെ കേന്ദ്രീകരിച്ചാണു തയ്യാറാക്കിയിട്ടുള്ളത്.

1. വ്യക്തികളുടെ ആത്മീയശക്തീകരണം
2. കുടുംബശക്തീകരണം
3. ഇടവകശക്തീകരണം
4. സമുദായശക്തീകരണം

**വ്യക്തികളുടെ ആത്മീയശക്തീകരണം**

വ്യക്തികളുടെ ആത്മീയവളർച്ചയ്ക്ക് കൂദാശാകേന്ദ്രിതമായ ജീവിതമെന്നത് അടിസ്ഥാനശിലയാണ്. വി. കുർബാനയും വി. കുമ്പസാരവും കൃപയിൽ നിറഞ്ഞു വളരാൻ വ്യക്തികളെ സഹായിക്കും.

**1. വി. കുർബാന**

* Actual Participation ആണ് വി. കുർബാനയിൽ ഉണ്ടാകേണ്ടത്. ജ്വലിക്കുന്ന ഹൃദയത്തോടെ തുറന്ന കണ്ണുകളോടെ ഈശോയെ കണ്ടുമുട്ടുന്ന വേദിയാണത്.
* വി. കുർബാനയിൽ ഉൾക്കൊണ്ടിരിക്കുന്ന വിശ്വാസസത്യങ്ങളെ പഠിപ്പിക്കാൻ ക്ലാസ്സുകൾ, ധ്യാനങ്ങൾ മുതലായവ ഇടവകയിൽ സംഘടിപ്പിക്കണം.
* ഇരുസാദൃശ്യങ്ങളിലുള്ള വി. കുർബാന സ്വീകരണം കഴിവതും പ്രോത്സാഹിപ്പിക്കപ്പെടണം.
* കുർബാനപ്പുസ്തകത്തിന്റെ ഉപയോഗം ഏകാഗ്രതയോടെ കുർബാനയിൽ പങ്കെടുക്കാൻ സഹായിക്കും.
* ഗായകസംഘത്തിന്റെ സഹകരണം വി. കുർബാനയുടെ ആഘോഷത്തിന് അനിവാര്യമാണ്. എന്നാൽ, ഗായകസംഘ

ത്തെ ആവശ്യമായ ഒരുക്കത്തോടും നിയന്ത്രണത്തോടും കൂടെ അതിനായി സജ്ജമാക്കണം.

* വ്യത്യസ്തമായ ഈണത്തിൽ ആലപിക്കുക എന്നുള്ളതല്ല; ദൈവജനത്തെ പ്രാർത്ഥിക്കാൻ സഹായിക്കുന്ന ഈണത്തിൽ ആലപിക്കുക എന്നതാണ് ആഘോഷ ഘടകത്തിന്റെ അടിസ്ഥാനം.
* തക്സായിലെ കർമ്മവിധികളും നിർദേശങ്ങളും കൃത്യമായി പാലിച്ച് വി. കുർബാനയർപ്പിക്കുക.

**2. വി. കുമ്പസാരം**

* വി. കുർബാനയ്ക്കുമുമ്പ് എല്ലാദിവസവും കുമ്പസാരിക്കാനുള്ള അവസരങ്ങൾ ഇടവകദൈവാലായങ്ങളിൽ കൂടുതൽ സംലഭ്യമാക്കേണ്ടതാണ്.
* കൗൺസലിംഗ് ആവശ്യമായ സന്ദർഭങ്ങളിൽ രൂപതയിലെ ഔദ്യോഗിക കൗൺസലിംഗ് സേവനങ്ങൾ പരിചയപ്പെടുത്തുക.

**കുടുംബശക്തീകരണം**

കുടുംബങ്ങളുടെ ആത്മീയശക്തീകരണത്തിൽ താഴെപ്പറയുന്ന മേഖലകൾക്ക് ഊന്നൽ നൽകേണ്ടതാണ്.

**1. കുടുംബപ്രാർത്ഥന**

* രൂപതയിലെ ഇടവകദൈവാലയങ്ങളിലും പ്രസ്ഥാനങ്ങളിലും ഭവനങ്ങളിലും എല്ലാ ദിവസവും സന്ധ്യാപ്രാർത്ഥന ഉണ്ടായിരിക്കുകയും അതിന് കൃത്യമായ സമയം സ്ഥിരപ്പെടുത്തുകയും ചെയ്യണം.
* 7:00 pm ന് കുരിശുമണി അടിച്ച് സന്ധ്യാപ്രാർത്ഥന ആരംഭിക്കുന്ന രീതി അഭികാമ്യമാണ്.
* അടിസ്ഥാനവിശ്വാസപരിശീലനം നടത്തുന്ന വേദിയാണ് കുടുംബം എന്നത് മാതാപിതാക്കൾ മറക്കരുത്. അതിനാൽ ത്തന്നെ മക്കളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കാനുള്ള മാതാപിതാക്കളുടെ കടമയിൽ അനിവാര്യശ്രദ്ധ വേണം.

* കുടുംബപ്രാർത്ഥന ഞായറാഴ്ചയുടെ ശരിയായ ആചരണത്തിലേക്കു നയിക്കുന്നുവെന്ന ബോധ്യം ദൈവജനത്തിനു നല്കണം.
* കൈക്കസ്തൂരി (സമാധാനം) കൊടുക്കുന്ന പാരമ്പര്യം തുടരേണ്ടതാണ്. വൈദികരെയും സന്ന്യസ്തരെയും മുതിർന്നവരെയും കണ്ടുമുട്ടുമ്പോൾ 'ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ' എന്ന ആശംസാരീതി തുടരുന്നതിന് പ്രോത്സാഹിപ്പിക്കണം.
* സായാഹ്നങ്ങളിൽ സ്ഥിരപ്പെടുത്തിയിരിക്കുന്ന വി. കുർബാനയർപ്പണം കുടുംബപ്രാർത്ഥനയ്ക്കു തടസ്സമാകാൻ സാദ്ധ്യതയുണ്ടെങ്കിൽ ഒഴിവാക്കേണ്ടതാണ്.

## 2. ദൈവവിളി പ്രോത്സാഹനം

### വൈദിക - സന്ന്യസ്ത ദൈവവിളി

* ദൈവവിളിയുടെ വളർച്ചയിൽ തിരുബാലസഖ്യം, അൾത്താരബാലസഖ്യം എന്നീ സംഘടനകളുടെ പങ്ക് പ്രാധാന്യമർഹിക്കുന്നു. അൾത്താരബാലന്മാർക്ക് യൂണിഫോം ഉണ്ടാകുന്നതും ആഘോഷമായ ഒരു പ്രാർത്ഥനാശുശ്രൂഷയോടെ അത് നൽകുന്നതും ഉചിതമാണ്.
* ക്യാമ്പുകൾ, ക്ലാസ്സുകൾ എന്നിവയിലൂടെ വൈദികവിദ്യാർത്ഥികൾവഴിയുള്ള സ്വാധീനം ദൈവവിളി വളർത്താൻ സഹായിക്കുമെന്നതിനാൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.
* സെമിനാരികൾ, രൂപതയിലെ വിവിധ പ്രസ്ഥാനങ്ങൾ എന്നിവവഴി ദൈവവിളിപ്രോത്സാഹനം ഊർജസ്വലമാക്കാൻ ശ്രദ്ധിക്കണം.
* സാമ്പത്തികസഹായം, പ്രാർത്ഥന എന്നിവവഴി വൈദികവിദ്യാർത്ഥികളുടെ രൂപീകരണത്തിൽ പങ്കുചേരാൻ സഭാംഗങ്ങളെ പ്രോത്സാഹിപ്പിക്കണം.
* സന്ന്യാസജീവിതത്തിലേക്കു കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

**3. ആർഭാടം ഒഴിവാക്കുക**

* ലുബ്ധും ധൂർത്തും ഒഴിവാക്കി മിതവ്യയം ശീലിക്കുവാൻ പ്രോത്സാഹിപ്പിക്കണം.
* ദശാംശം നല്കുന്ന രീതി പ്രോത്സാഹിപ്പിക്കണം.

## ഇടവകശക്തീകരണം

ഇടവകശക്തീകരണത്തിനായി താഴെ നൽകിയിരിക്കുന്ന പ്രധാനവേദികളിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

**1. വിശ്വാസപരിശീലനവേദികൾ**

**സൺഡേസ്കൂൾ**

* ബഹു വൈദികർ ക്ലാസ്സുകൾ സന്ദർശിക്കുക, വിശ്വാസപരിശീലകരെ പ്രോത്സാഹിപ്പിക്കുക എന്നീ കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകണം.
* ഈശോ ഏകരക്ഷകൻ എന്ന സത്യം പഠിപ്പിക്കുക.
* വി. കുർബാനയർപ്പണത്തിന് വിശ്വാസപരിശീലനത്തിൽ പ്രഥമസ്ഥാനമുണ്ടെന്ന് പഠിപ്പിക്കണം.

**കുടുംബക്കൂട്ടായ്മ**

* തുടർവിശ്വാസപരിശീലനവേദിയാണ് കുടുംബക്കൂട്ടായ്മകൾ.
* ദൈവശാസ്ത്രസംബന്ധവും സമകാലികവും സമുദായത്തെ സംബന്ധിക്കുന്നതുമായ വിഷയങ്ങളുടെ ചർച്ച നടക്കണം.
* ഇടവകയുടെ അജപാലനപ്രവർത്തനങ്ങളിൽ പങ്കുചേരാനുള്ള വേദിയാണിത് എന്ന ബോധ്യം ഇടവകാംഗങ്ങൾക്ക് ഉണ്ടാകണം.

**സംഘടനകൾ**

* രൂപതയിലുള്ള ഔദ്യോഗികസംഘടനകൾ എല്ലാം ഇടവകയിൽ പ്രവർത്തനനിരതമാക്കണം.
* കുടുംബത്തിലെ എല്ലാവരും ഇടവകയിലെ ഒരു സംഘടനയിലെങ്കിലും അംഗമായിരിക്കണം. രണ്ടിൽ കൂടുതൽ

സംഘടനകളിൽ ഒരേസമയം അംഗത്വം എടുക്കാതിരിക്കുകയാണ് ഉത്തമം.

**ഭവനസന്ദർശനം**

* അജപാലകന് അജഗണത്തോട് വ്യക്തിപരമായ ബന്ധം ഉണ്ടാകണം. ജൂബിലിവർഷത്തിൽ എല്ലാ ഭവനങ്ങളും സന്ദർശിക്കുന്നതിൽ ബഹു. അച്ചന്മാർ ശ്രദ്ധിക്കണം. ഒറ്റപ്പെട്ടവർ, ഇടവകയോടു അകൽച്ചയുള്ളവർ, അവഗണിക്കപ്പെട്ടവർ എന്നിവരോടു കരുതൽ വേണം.

**പള്ളിയോഗം**

* വിശ്വാസക്കൈമാറ്റം ഇടവകയിൽ നടക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കാനുള്ള ശ്രദ്ധ പള്ളിയോഗത്തിനുണ്ട്.
* പ്രവർത്തനങ്ങളിൽ ജാഗ്രതയും ചടുലതയും ഉണ്ടാകണം.
* വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യമുള്ളവരും എന്നാൽ, പള്ളിയോഗാംഗങ്ങൾ അല്ലാത്തവരുമായവരുടെ കഴിവ് പ്രയോജനപ്പെടുത്തണം; അതിനുതകുന്ന മാർഗങ്ങൾ സ്വീകരിക്കണം.

## 2. സാമ്പത്തികം

* Economic Planning പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.
* നിർമ്മാണപ്രവർത്തനങ്ങളുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയിലെ കൃത്യത ഉറപ്പാക്കണം. രൂപതാകേന്ദ്രത്തിൽ കൃത്യമായി അത് അറിയിക്കുവാൻ ശ്രദ്ധിക്കണം.
* സാമ്പത്തികസുതാര്യത പാലിക്കണം.

## 3. യുവജനാഭിമുഖ്യം

* ഇടവകപ്രവർത്തനങ്ങളിൽ യുവജനാഭിമുഖ്യം പുലർത്തണം.

## 4. സൈബർ / മീഡിയ വിങ്

* സൈബർ/മീഡിയ വിങ് ഇടവകതലത്തിൽ പ്രോത്സാഹിപ്പിക്കണം.

**5. ഇടയൻ പാരീഷ് സോഫ്റ്റ് വെയർ**

* ഇടവക രജിസ്റ്ററുകളും അക്കൗണ്ടും ആത്മസ്ഥിതിയും പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുവാൻ ശ്രമിക്കണം.

**സമുദായശക്തീകരണം**

സമുദായശക്തീകരണത്തിന് താഴെപ്പറയുന്ന മേഖലകൾ കൂടുതൽ ശക്തിപ്പെടുത്തണം.

**1. സഭാസ്നേഹം വളർത്തുക**

* ചരിത്രാവബോധം വർദ്ധിപ്പിക്കുക.
* സ്വത്വബോധം ജ്വലിപ്പിക്കുക.
* സമുദായശക്തീകരണം എന്നത് ആർക്കും എതിരല്ല, മറിച്ച് നമ്മുടെ വളർച്ചയാണ് ലക്ഷ്യം എന്ന ബോധ്യം ഉണ്ടാക്കുക.

**2. സംരംഭകത്വം**

* 'ഞായറാഴ്ചച്ചന്ത' പ്രോത്സാഹിപ്പിക്കുക.
* തൊഴിൽപരിശീലനസാദ്ധ്യതകൾ വർദ്ധിപ്പിക്കുക.
* സർക്കാർ സ്കോളർഷിപ്പുകൾ/ ഗ്രാന്റുകൾ/ സബ്സിഡികൾ എന്നിവയെക്കുറിച്ച് അറിവ് സംലഭ്യമാക്കുക.

**3. കാർഷികമേഖല ശക്തിപ്പെടുത്തുവാൻ ഉതകുന്ന കാര്യങ്ങൾ ചെയ്യണം.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കാർഷിക പ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ പ്രോത്സാഹിപ്പിക്കണം.

**4. മീഡിയമിനിസ്ട്രി**

* സമുദായത്തിന്റെ നന്മയും വളർച്ചയും എല്ലാവരിലും എത്തിക്കുന്നതിനുതകുന്ന മീഡിയ സംവിധാനങ്ങൾ ക്രമീകരിക്കുക. രൂപത കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മീഡിയ കമ്മീഷന്റെ നേതൃത്വത്തിലുള്ള Facebook, Instagram, YouTube, Whatsapp ഗ്രൂപ്പുകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുക.

**5. ദളിത് സമുദ്ധാരണം**

* ദളിത് ശക്തീകരണത്തിൽ ശ്രദ്ധിക്കുക.

Prot. No. 0642/2024

## ഇടയലേഖനം

# ദുക്റാനത്തിരുനാൾ – സഭാദിനം 2024

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്
**റാഫേൽ തട്ടിൽ**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്,

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ നിറഞ്ഞുനില്ക്കുന്ന ദുക്റാനത്തിരുനാളിനോടനുബന്ധിച്ചു നിങ്ങളെല്ലാവരെയും ഈ ഇടയലേഖനത്തിലൂടെ അഭിസംബോധന ചെയ്യാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വർഷങ്ങളായി നമ്മൾ ഈ ദിവസം സീറോമലബാർസഭാദിനമായി ആചരിച്ചുവരികയാണ്. ഉത്ഥിതനായ നമ്മുടെ കർത്താവിന്റെ തിരുവിലാവിലെ മുറിവിന്റെ ദർശനത്തിൽനിന്നു മാർത്തോമാശ്ലീഹാ നടത്തിയ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന വിശ്വാസപ്രഖ്യാപനം അപ്പസ്തോലന്റെ സുവിശേഷപ്രഘോഷണമായി മാറിയതിലൂടെ രൂപംകൊണ്ടതാണ് നമ്മുടെ സഭ. ദുക്റാനത്തിരുനാൾദിവസം വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായെ അനുസ്മരിക്കുകമാത്രമല്ല, അപ്പസ്തോലന്റെ ചുടുനിണത്തിൽ ഹൃദയംകൊണ്ടുതൊട്ട് ഈശോയിലുള്ള നമ്മുടെ വിശ്വാസം ഏറ്റുപറഞ്ഞ് അരക്കിട്ടുറപ്പിക്കുന്ന വൈകാരികമായ വിശ്വാസാനുഭവങ്ങളുടെ ദിവസംകൂടിയാണത്. തോമാശ്ലീഹായിലൂടെ സുവി

ശേഷത്തിന്റെ വെളിച്ചവും സന്തോഷവും ധൈര്യവും നമുക്കു നല്കിയ ദൈവപരിപാലനയ്ക്ക് ഈ തിരുനാൾദിവസം നമുക്കു പ്രത്യേകം നന്ദിപറയാം.

സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചു ബിഷപ്പായി ഉത്തരവാദിത്വമേറ്റെടുത്തതിനുശേഷം എന്റെ മുൻഗാമികൾ ചെയ്തതുപോലെ സാർവത്രികസഭയുടെ തലവനായ പരിശുദ്ധ മാർപാപ്പയോട് ആദരവും വിധേയത്വവും പ്രകടിപ്പിക്കാൻ 2024 മേയ്മാസം ഞാൻ റോമിൽ പോയിരുന്നു. പെർമനന്റ് സിനഡ് അംഗങ്ങളോടും സഭയുടെ കൂരിയാബിഷപ്പിനോടും റോമിലെ പ്രൊക്യുറേറ്ററിനോടുംകൂടെ മേയ് 13-ാം തീയതിയാണ് ഫ്രാൻസീസ് മാർപാപ്പയെ സന്ദർശിച്ചത്. വലിയ സന്തോഷത്തോടും സ്നേഹത്തോടുംകൂടെ ഞങ്ങളെ സ്വീകരിച്ച പരിശുദ്ധപിതാവ് ഞങ്ങളെ കണ്ടപ്പോഴും തുടർന്നു റോമിലെ സീറോമലബാർസഭാംഗങ്ങളുടെ പ്രതിനിധികളെ അഭിസംബോധനചെയ്തു നടത്തിയ പ്രസംഗത്തിലും സീറോമലബാർസഭയെക്കുറിച്ചു പറഞ്ഞ നല്ല കാര്യങ്ങൾ നമുക്കുള്ള അംഗീകാരവും പ്രോത്സാഹനവുമായിരുന്നു. നമ്മുടെ സഭയോടുള്ള പരിശുദ്ധപിതാവിന്റെ കരുതലിനും വാത്സല്യത്തിനും നന്ദിപറയുന്നതോടൊപ്പം പരിശുദ്ധപിതാവിന്റെ ആരോഗ്യത്തിനുവേണ്ടിയും എല്ലാ നിയോഗങ്ങൾക്കുവേണ്ടിയും പ്രാർഥിക്കാനും എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ വത്തിക്കാൻ പാലസിലെ കൺസിസ്റ്ററി ഹാളിൽ മേയ് 13-ാം തീയതി നടത്തിയ പ്രസംഗത്തിലെ ചില കാര്യങ്ങൾ ദുക്റാനത്തിരുനാളിന്റെയും സഭാദിനാഘോഷങ്ങളുടെയും പശ്ചാത്തലത്തിൽ വിചിന്തനവിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി, നമ്മുടെ സഭയുടെ അപ്പസ്തോലികപാരമ്പര്യത്തെക്കുറിച്ചു നാം അവബോധമുള്ളവരും അതിൽ അഭി

മാനിക്കുന്നവരുമാകണം. മാർപാപ്പാ ഇപ്രകാരം പറഞ്ഞു: "ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വസാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണു നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലികപ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്". നമ്മുടെ സഭയുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ നേരിടേണ്ടിവന്ന എല്ലാ പ്രതികൂലസാഹചര്യങ്ങളിലും പത്രോസിന്റെ പിൻഗാമിയോടു നമ്മൾ എന്നും അചഞ്ചലമായ കൂറുപുലർത്തിയിട്ടുണ്ട് എന്നു ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞതു കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ എന്നും നിലനിന്ന നമ്മുടെ ത്യാഗപൂർണമായ വിശ്വസ്തതയ്ക്കുള്ള അംഗീകാരമായി കണക്കാക്കാം.

നമ്മുടെ പൂർവപിതാക്കന്മാർ കടന്നുപോയ എല്ലാ സഹനങ്ങളിലും സഭാസംവിധാനങ്ങളോടു ചേർന്നുനിന്ന് അനുസരിച്ചതുകൊണ്ടാണ് പൗരസ്ത്യസഭകളുടെയിടയിൽ സീറോമലബാർസഭ ഇന്ന് എണ്ണത്തിലും വിശ്വാസതീക്ഷ്ണതയിലും പ്രേഷിതപ്രവർത്തനത്തിലും പ്രശംസിക്കപ്പെടുന്ന വിധത്തിൽ വളർച്ച പ്രാപിച്ചത്. അനൈക്യവും അനുസരണക്കേടും വിതച്ച വലിയ വിപത്തുകളെ നേരിട്ടവരും അതിന്റെ തിക്തഫലങ്ങൾ കണ്ടുകൊണ്ടിരിക്കുന്നവരുമാണു നമ്മൾ. സഭാധികാരികളോടുള്ള അനുസരണം കത്തോലിക്കർ ജീവിക്കേണ്ട ഒരു പുണ്യമാണ്. അതോടൊപ്പം, നൈയാമികമായി പറഞ്ഞാൽ ഒരു സഭയെന്ന വിധത്തിൽ അനുസരിക്കാൻ നമ്മൾ കടപ്പെട്ടവരുമാണ്. കഴിഞ്ഞ രണ്ടായിരത്തിലധികം വർഷങ്ങളിലൂടെ പ്രതിസന്ധികൾക്കിടയിലും ഇടമുറിയാത്ത അപ്പസ്തോലികപാരമ്പര്യത്തിൽ നമ്മെ നയിച്ച ദൈവത്തിനു നന്ദിപറയാം. ഈ അപ്പസ്തോലികപാരമ്പര്യം ഒരു വലിയ നിധിപോലെ സൂക്ഷിക്കുകയും തലമുറകൾക്കു കൈമാറുകയും ചെയ്യേണ്ടതാണെന്ന ഉത്തരവാദിത്വം നമുക്കു മറക്കാതിരിക്കാം.

രണ്ടാമതായി, നമ്മുടെ സഭയുടെ ആഗോളസാന്നിധ്യവും പ്രേഷിതപ്രവർത്തനങ്ങളുമാണു നമ്മൾ ചിന്തിക്കുന്നത്. പരിശുദ്ധപിതാവ് ഇങ്ങനെ പറഞ്ഞു: “നിങ്ങളുടെ പ്രിയ സഭയുടെ വിശ്വാസികൾ ഇന്ത്യയിൽമാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്.” ഇരുപതാം നൂറ്റാണ്ടുവരെ പ്രധാനമായും കേരളത്തിൽ ഒതുങ്ങിയ നമ്മുടെ സഭ ഇന്ന് ആഗോളസാന്നിധ്യമുള്ള ഒരു സഭയായി വളർന്നുവെന്നത് അഭിമാനകരംതന്നെ. കഴിഞ്ഞ കാലങ്ങളിൽ വിവിധ ദേശങ്ങളിലേക്കു കടന്നുചെന്ന സഭാമക്കൾ നമ്മുടെ കർത്താവിലുള്ള വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കാനും അവരായിരിക്കുന്ന ദേശങ്ങളിൽ തീക്ഷണതയോടെ ജീവിക്കാനും കലർപ്പില്ലാതെ തലമുറകൾക്കു കൈമാറാനും കാണിക്കുന്ന പ്രതിബദ്ധത പ്രശംസനീയമാണ്. ആഗോളകുടിയേറ്റത്തിന്റെ ഈ കാലഘട്ടത്തിൽ ഈ പ്രേഷിതവേല തുടരാൻ പ്രവാസികൾ തുടർന്നും പ്രതിബദ്ധരാകണം.

ഭാരതം മുഴുവനിലും ലോകത്തിന്റെ പല ഭൂഖണ്ഡങ്ങളിലും സീറോമലബാർസഭയ്ക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ രൂപപ്പെടുത്താൻ ചരിത്രപരമായ തീരുമാനങ്ങളെടുത്ത ഫ്രാൻസിസ് മാർപാപ്പാ ഗൾഫുരാജ്യങ്ങളിൽ നമ്മുടെ സഭയ്ക്ക് അജപാലനശുശ്രൂഷചെയ്യുന്നതിനുള്ള അനുവാദം വാക്കാൽ നല്കിയത് ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. ഗൾഫുരാജ്യങ്ങളിലെ അഞ്ചുലക്ഷത്തിലധികംവരുന്ന വിശ്വാസികൾക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ കാലതാമസം കൂടാതെ രൂപപ്പെടുമെന്നു നമുക്കു പ്രത്യാശിക്കാം.

ആഗോളകുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ പഠനത്തിനും ജോലിക്കും മെച്ചമായ ജീവിതസൗകര്യങ്ങൾക്കും വേണ്ടി നമ്മുടെ മക്കളും കുടുംബങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു കടന്നുചെല്ലുമ്പോൾ നമ്മുടെ സഭയുടെ തനതായ പൈതൃകം കാത്തുസൂക്ഷിക്കാൻ ആഗോളസഭയുടെ തല

വൻ ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്: "മഹത്തായ ആരാധനാപരവും ആത്മീയവും സാംസ്കാരികവുമായ നിങ്ങളുടെ പൈതൃകം എന്നും ഏറെ തിളക്കത്തോടെ പ്രകാശിതമാകുന്നതിനുവേണ്ടി, നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയം ഭരണാവകാശമുള്ള സഭയോടു ചേർന്നുനില്ക്കാൻ സീറോമലബാർ കത്തോലിക്കാസഭാംഗങ്ങളായ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു." ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ടു നമ്മുടെ സഭയുടെ ആരാധനക്രമവും വിശ്വാസപാരമ്പര്യങ്ങളും മുറുകെപ്പിടിക്കാനും അഭിമാനത്തോടെ അതു ജീവിക്കാനും എല്ലാവരും പരിശ്രമിക്കണമെന്നും സഭാമക്കളെ സഭാസംവിധാനത്തോടു ചേർത്തുനിറുത്താൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സീറോമലബാർസഭാമക്കളെന്ന നിലയിലുള്ള സ്വത്വബോധത്തിൽ ആഴപ്പെട്ടുവളരാൻ ചില സങ്കുചിതചിന്തകൾ വെടിയേണ്ടിവരും. സഭ വളരുന്നതു പ്രാദേശികമായിട്ടാണെന്നത് യാഥാർഥ്യമാണ്. എന്നാൽ, ആഗോളതലത്തിൽ ഒരു കരുത്തുറ്റ സഭയായി സീറോമലബാർസഭ ഇനിയും വളരാൻ വിശാലമായി ചിന്തിക്കുകയും നിലപാടുകൾ എടുക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

മൂന്നാമതായി, നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പിനെയും വിശ്വാസപരിശീലനത്തിലെ പ്രതിബദ്ധതയെയുംകുറിച്ച് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ ഏറ്റവും വലിയ സമ്പത്ത് നമ്മുടെ കുടുംബങ്ങളാണ്. ആത്മീയതയിലും അദ്ധ്വാനത്തിലും അടിസ്ഥാനമിട്ട നമ്മുടെ കുടുംബങ്ങൾ കൂടിച്ചേരുന്നതാണ് സഭയാകുന്ന വലിയ കുടുംബം. കുടുംബങ്ങളിലാരംഭിക്കുന്ന വിശ്വാസപരിശീലനം ഇടവകകളിലെ മതബോധനക്ലാസ്സുകളിലൂടെയും കുടുംബക്കൂട്ടായ്മകളിലൂടെയും സംഘടനാപ്രവർത്തനങ്ങളിലൂടെയും ശക്തിപ്പെടേണ്ടതുണ്ട്. കാലത്തിന്റെയും സംസ്കാരത്തിന്റെയും പ്രലോഭനങ്ങളിൽ വീണുപോകാത്തവിധത്തിൽ വിശ്വാസമാ

കുന്ന പാറമേൽ അടിസ്ഥാനമിടാൻ പുതിയ തലമുറയിലെ കുടുംബങ്ങളെ ശക്തിപ്പെടുത്തണം. ഈശോ, നാഥനും ഏക രക്ഷകനുമാണെന്നു ജീവിതത്തിലൂടെ പ്രഘോഷിക്കാൻ വ്യക്തികൾക്കും കുടുംബങ്ങൾക്കും അതുവഴി സഭമുഴുവനും ഏതു സാഹചര്യത്തിലും സാധിക്കേണ്ടതുണ്ട്.

ദൈവം നമ്മുടെ സഭയിൽ ധാരാളം വൈദികസമർപ്പിത ദൈവവിളികൾ നല്കി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ വൈദികരും സമർപ്പിതരും ലോകമെമ്പാടും ഫലപ്രദമായ ശുശ്രൂഷ ചെയ്യുന്നുമുണ്ട്. സുവിശേഷപ്രഘോഷണദൗത്യം പ്രത്യേകമായ വിധത്തിൽ സ്വീകരിച്ചു വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന അല്മായസഹോദരങ്ങളെയും ഈയവസരത്തിൽ പ്രത്യേകം ഓർക്കുന്നു. ഈ ദൈവവിളികളെയെല്ലാം പ്രോത്സാഹിപ്പിക്കാനും കഴിയുന്ന വിധത്തിലെല്ലാം സഹായിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്കു പ്രത്യേകമായി പരിശ്രമിക്കാം. അതുപോലെ യുവജനങ്ങളെ പ്രത്യേകം ശ്രവിക്കാനും അവരുടെ കൂടെ നടക്കാനും ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനും ആവശ്യമായ മാർഗനിർദേശങ്ങൾ നല്കാനും അജപാലകർ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. യുവജനങ്ങളുടെ വിശ്വാസജീവിതത്തിന്റെ ആഴപ്പെടലും സാക്ഷ്യത്തിന്റെ ശക്തിയുമാണു സഭയുടെ ഭാവിയെന്നതു യുവജനങ്ങളും സഭാശുശ്രൂഷകരും ഒരുപോലെ ഓർമിക്കേണ്ടതാണ്.

ഈശോയിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ സ്നേഹമാർന്ന പരിപാലന എന്നും നമ്മോടൊപ്പമുണ്ട്. പരിശുദ്ധപിതാവിന്റെ വാക്കുകൾ ഞാൻ ആവർത്തിക്കട്ടെ: "ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസ്സഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു." അതിനാൽ, കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ അഭിമാനത്തോടെ വ്യാപരിച്ചുകൊണ്ട്, അപ്പസ്തോ

ലികപ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമായ നമുക്കു നമ്മുടെ സഭയുടെ മഹത്തായ പൈതൃകം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറെ തിളക്കത്തോടെ പ്രകാശിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകം പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെ ശക്തിപ്പെടുത്തിയും വിശ്വാസപരിശീലനസംരംഭങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തും ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും യുവജനങ്ങളെ ചേർത്തുപിടിച്ചും ഈ കാലഘട്ടത്തിന്റെ ദുർഘടമായ വഴികളിലൂടെ സ്വർഗോന്മുഖരായി നമുക്കു യാത്രതുടരാം.

ദുക്റാനത്തിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2024-ാം ആണ്ട് ജൂൺ മാസം 22-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ ഇടയലേഖനം 2024 ജൂൺ 30-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കാൻ നല്കപ്പെട്ടത്.

No. 4031/K-5/KCBC/OL/DS 25.06.2024

# യുവജനദിനം ജൂലൈ 7, 2024

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരങ്ങളേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽനിന്ന് നിങ്ങൾക്ക് കൃപയും സമാധാനവും!

കേരളസഭ 2024 യുവജനവർഷമായി ആചരിക്കുമ്പോൾ എല്ലാവർക്കും ഈ വർഷത്തെ യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി ജനുവരി 7 നു തുടക്കം കുറിച്ച യുവജനവർഷത്തിൽ കേരളത്തിലെ 32 രൂപതകളും സജീവമായി പങ്കുചേരുന്നതിൽ ഏവരെയും ആത്മാർഥമായി അഭിനന്ദിക്കുന്നു.

കേരളസഭയിലെ യുവജനപ്രസ്ഥാനങ്ങളായ കെസിവൈഎം, ജീസസ് യൂത്ത്, സിഎൽസി, ഐക്കഫ്, ബോസ്കോ യൂത്ത്, യൂക്കരിസ്ത്യ, ഇദെന്തെ തുടങ്ങിയവയുടെ നേതാക്കൾക്കും എല്ലാ പ്രവർത്തകർക്കും അവരെ സഹഗമിക്കുന്ന എല്ലാ ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. പിതാവായ ദൈവത്തിന്റെ കരുണയും പുത്രനായ യേശുക്രിസ്തുവിന്റെ തീക്ഷ്ണതയും പരിശുദ്ധാത്മാവിന്റെ അഭിഷേകവും നിറഞ്ഞുനിൽക്കുന്ന പ്രവർത്തനങ്ങൾ സഭയിൽ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന യുവജനസഭയ്ക്കു പുത്തനുണർവ് പ്രദാനം ചെയ്യാൻ യുവജനവർഷപ്രഖ്യാപനത്തിനു സാധിച്ചുവെന്നതിൽ കേരള മെത്രാൻ സമിതിക്കു ചാരിതാർത്ഥ്യമുണ്ട്.

## ക്രിസ്തുവുമായുള്ള സൗഹൃദം

'നമ്മുടെ രക്ഷകനായ ക്രിസ്തു' എന്ന യുവാവായ ദൈവവുമായുള്ള സൗഹൃദമാണ് യുവജന ആത്മീയതയെന്ന് കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പാ 'ക്രിസ്തു ജീവിക്കുന്നു' എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നു. സഭയ്ക്കുള്ളിലെ നമ്മുടെ യുവാക്കളുടെ ഇടപഴകലും ആത്മീയപോഷണവും ദൈവമനുഷ്യസൗഹൃദം നിറഞ്ഞതാവണം. നമ്മുടെ യുവജനങ്ങൾ കേവലം സഭയുടെ ഭാവിമാത്രമല്ല; അവർ അതിന്റെ വർത്തമാനകാലത്തിന്റെ ഒരു സുപ്രധാനഭാഗവുമാണ്. അതിനാൽ, അവരുടെ ആവശ്യങ്ങൾ, അഭിലാഷങ്ങൾ, അതുല്യമായ ആത്മീയയാത്രകൾ എന്നിവയുമായി പ്രതിധ്വനിക്കുന്നതും പരിപാലിക്കുന്നതും ഇത്തരുണത്തിൽ അനിവാര്യമാണ്. ധനികനായ യുവാവ് യേശുവിനെ സമീപിച്ചു നിത്യരക്ഷയ്ക്കുള്ള മാർഗമന്വേഷിച്ചപ്പോൾ അവനുമായുള്ള സൗഹൃദം സ്ഥാപിക്കാൻ യേശു ശ്രമിക്കുന്നുണ്ട് (മത്താ. 19.16). എന്നാൽ, അവനാകട്ടെ ക്രിസ്തുവെന്ന സ്വത്തിനെക്കാൾ മറ്റു പലതിനുംവേണ്ടി ഏറ്റവും അമൂല്യമായ സൗഹൃദംതന്നെ വേണ്ടന്നുവച്ചു, അവസാനം വിഷാദവാനായി തിരികെപ്പോയി (19.22). ഇത് യുവജനതയ്ക്ക് ഒരു പാഠമാണ്. യേശുക്രിസ്തുവെന്ന ഏറ്റവും മൂല്യമേറിയ സുഹൃത്തിനെ കണ്ടെത്താൻ യൗവനത്തിലേ സാധിച്ചാൽ ജീവിതം ആനന്ദപ്രദമാകും. അതിനു സഭയിൽ നടക്കുന്ന രക്ഷാകരമായ ആത്മീയകൂദാശകളിലുള്ള സജീവപങ്കാളിത്തവും കാരുണ്യപ്രവൃത്തികളും സാമൂഹിക സാംസ്കാരിക ഇടപെടലുകളും വിപ്ലവകരമായ മാറ്റങ്ങൾക്കായുള്ള തീക്ഷ്ണത നിറഞ്ഞ നിലപാടുകളും യുവജനങ്ങൾക്ക് ഉൾപ്രേരകങ്ങൾ ആകണമെന്ന് സഭ ആഗ്രഹിക്കുന്നു. അത് ഈ യുവജനവർഷത്തിൽ കൂടുതൽ തെളിവായി വരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

## യുവജനസൗഹൃദസഭ

ഈ യുവജനവർഷത്തിൽ നാം ആത്മവിമർശനത്തോടെ ചോദിക്കേണ്ടത് നമ്മുടെ സഭ, ദൈവാലയങ്ങൾ, സഭാസ്ഥാപനങ്ങൾ തുടങ്ങിയവയൊക്കെ യുവജനസൗഹൃദപരമാണോ എന്നാണ്. സഭയെയും സഭാസംവിധാനങ്ങളെയും യുവജനസൗഹൃദപരമാക്കാൻ സാധിച്ചാൽ ഈ യുവജനവർഷാചരണം സഭാനവീകരണത്തിനു പുതിയ മാനം നൽകുമെന്നതിൽ ഒരു സംശയവുമില്ല. നമ്മുടെ ദൈവാലയങ്ങൾ യുവാക്കളെ സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു യുവജനസൗഹൃദസഭാ പ്രോട്ടോക്കോൾ (Youth Friendly Church Protocole -YFCP) ഉണ്ടാവുന്നത് അഭികാമ്യമാണെന്നു തോന്നുന്നു. അതിനായുള്ള ചില പ്രായോഗിക മാർഗനിർദേശങ്ങൾ താഴെച്ചേർക്കുന്നു.

### സഭയുടെ ആരാധനാജീവിതത്തിൽ യുവജനപങ്കാളിത്തം

യുവാക്കളുടെ വിശാലമായ ശ്രേണിയെ ആകർഷിക്കാൻ പരമ്പരാഗത ആരാധനക്രമങ്ങൾക്കൊപ്പം സമകാലിക ആരാധനാരീതികൾ ഉൾപ്പെടുത്തുക. വായനകൾ, സംഗീതം, മറ്റ് ആരാധനാപരമായ റോളുകൾ എന്നിവയിലൂടെ സേവനങ്ങളിൽ യുവജനപങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

### യുവജനനേതൃത്വവും പങ്കാളിത്തവും

സഭാതീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ യുവജനങ്ങൾക്കു ശബ്ദം നൽകുന്നതിന് യുവജന കൗൺസിലുകളോ ഉപദേശകസമിതികളോ സ്ഥാപിക്കുക. സഭയിലും സമൂഹത്തിലും വിവിധ റോളുകൾക്കായി യുവാക്കളെ സജ്ജരാക്കുന്നതിനു നേതൃത്വപരിശീലനപരിപാടികൾ വാഗ്ദാനം ചെയ്യുക. പള്ളികളിലെ പാസ്റ്ററൽ കൗൺസിൽ, പ്ലാനിങ് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി തുടങ്ങിയവയിൽ യുവജനപ്രാതിനിധ്യം ഉറപ്പാക്കുക.

**യുവജന വിശ്വാസപരിശീലനം**

യുവജനകാറ്റിക്കിസം ആകർഷകവും നിർബന്ധവുമാക്കുക മൾട്ടിമീഡിയയും ഇന്ററാക്ടീവ് സമീപനങ്ങളും ഉപയോഗിച്ച് പ്രസക്തവും ആകർഷകവുമായ കാറ്റക്കെറ്റിക്കിൽ പ്രോഗ്രാമുകൾ വികസിപ്പിക്കുക. വിശ്വാസത്തിന്റെ ആഴത്തിലുള്ള പര്യവേക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ചെറിയ ഗ്രൂപ്പ് ചർച്ചകളും സമപ്രായക്കാരുടെ നേതൃത്വത്തിൽ ബൈബിൾ, യുക്യാറ്റ്, ഡുക്യാറ്റ് പഠന ശിബിരങ്ങളും സംഘടിപ്പിക്കുക.

**സുരക്ഷിതവും സ്വാഗതാർഹവുമായ അന്തരീക്ഷം**

എല്ലാ യുവാക്കളുടെയും ക്ഷേമം സംരക്ഷിക്കുന്നതിനു സമഗ്രമായ സുരക്ഷാനയങ്ങൾ നടപ്പിലാക്കുക. സാമൂഹികവൽക്കരണത്തിനും അനൗപചാരിക ഒത്തുചേരലുകൾക്കുമുള്ള മേഖലകൾ ഉൾപ്പെടെ, യുവജനസൗഹൃദമായ, സ്വാഗതാർഹമായ ഭൗതിക ഇടങ്ങൾ (സംഘടനാകാര്യാലയങ്ങൾ) സൃഷ്ടിക്കുക. രൂപതകളിലും ദൈവാലയങ്ങളിലും യുവജനങ്ങൾക്കു കൂടിവരാനായി യൂത്ത് സെന്ററുകൾ ഉണ്ടാവുക.

**സമുദായസേവനവും സാമൂഹികനീതിയും**

ഗവൺമെന്റുകളുടെയും സഭയുടെയും സാമൂഹികസേവന പദ്ധതികളിലും സാമൂഹികനീതിസംരംഭങ്ങളിലും പങ്കെടുക്കാൻ യുവാക്കളെ പ്രോത്സാഹിപ്പിക്കുക. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും ഉപവിപ്രവൃത്തികളിലൂടെയും സുവിശേഷം ജീവിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുകാണിക്കുക.

**മുതിർന്നവരുടെ മെന്റർഷിപ്പും വൈദികരുടെ അജപാലന സഹഗമനവും ഉറപ്പാക്കൽ**

മാർഗനിർദേശത്തിനും പിന്തുണയ്ക്കുമായി യുവാക്കളെ സഭയിലെ മുതിർന്ന അംഗങ്ങളുമായി സംവദിക്കുന്ന മെന്റർഷിപ്പ് പ്രോഗ്രാമുകൾ നടത്തുക. യുവാക്കളുടെ കാലികമായ വെല്ലുവിളികൾക്കും ആശങ്കകൾക്കും അനുസൃതമായി അവർക്കു തുറന്ന മനസ്സോടെയുള്ള അജപാലനപരിചരണം

നൽകുക. യുവജന അജപാലനശുശ്രൂഷ നിർബന്ധമാക്കുകയും അതിനായി സെമിനാരികളിൽ കാര്യക്ഷമമായ പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുക.

**സാങ്കേതികവിദ്യയുടെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം**

മീഡിയ അസിസ്റ്റഡ് മിനിസ്ട്രി (MAM). യുവാക്കൾ ഏറ്റവും സജീവമായ ഇടങ്ങളിൽ അവരുമായി ഇടപഴകുന്നതിന് സോഷ്യൽ മീഡിയയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും കൃത്യമായി ഉപയോഗിക്കുക. വ്യക്തിഗതപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഓൺലൈൻ ഉറവിടങ്ങളും വെർച്വൽ കമ്മ്യൂണിറ്റികളും വാഗ്ദാനം ചെയ്യുക.

**യുവജനസൗഹൃദകുടുംബങ്ങൾ**

വീടിനുള്ളിൽ യുവാക്കളുടെ വിശ്വാസവികാസത്തെ പിന്തുണയ്ക്കുന്നതിനു മാതാപിതാക്കളുമായും രക്ഷിതാക്കളുമായും പങ്കാളിത്തം വളർത്തുക. സഭയും കുടുംബജീവിതവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന കുടുംബാധിഷ്ഠിത പരിപാടികൾ സംഘടിപ്പിക്കുക.

**യുവജനസൗഹൃദ സഭാസ്ഥാപനങ്ങൾ**

ഇടവകാതിർത്തിയിലെ സഭാസ്ഥാപനങ്ങൾ യുവജന ശുശ്രുഷമേഖലകളായി മാറാനും അവരുടെ കലാകായിക പരിശീലനവേദികളാക്കി മാറ്റാനുമുള്ള പദ്ധതികൾക്ക് അതതു സ്ഥലത്തെ സന്ന്യസ്തഭവനങ്ങളുടെ വിഭവശേഷികൾ യുവജന ശുശ്രുഷയിൽ പങ്കുചേർക്കുക.

**രൂപതയിൽ യുവജന ഡേറ്റാ ബാങ്ക്**

രൂപതയിലെ യുവജനങ്ങളുടെ സമഗ്രമായ വിവരശേഖരണം, ആ വിവരങ്ങളുടെ ശാസ്ത്രീയമായ വിശകലനം, അതിന്റെ അടിസ്ഥാനത്തിൽ ക്രിയാത്മകപദ്ധതികൾ എന്നിവ **യുവജനസൗഹൃദസഭ** എന്ന ദർശനത്തിലേക്കു കേരളസഭയെ നയിക്കും.

### യുവജനശുശ്രൂഷയ്ക്കായി നീതിപൂർവകമായ സാമ്പത്തിക ഓഹരി ബഡ്ജറ്റിൽ ഉൾപ്പെടുത്തൽ നിർവഹണവും വിലയിരുത്തലും

ഈ പ്രോട്ടോക്കോളുകളുടെ നടത്തിപ്പിനു മേൽനോട്ടം വഹിക്കാൻ ഓരോ രൂപതയുടെയും യുവജനമന്ത്രാലയ കോ-ഓർഡിനേറ്ററെ നിയമിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. യുവാക്കളെ ഫലപ്രദമായി പിന്തുണയ്ക്കാൻ അവർ സജ്ജ രാണെന്ന് ഉറപ്പാക്കാൻ വൈദികർക്കും സാധാരണനേതാ ക്കൾക്കും നിരന്തരമായ പരിശീലനവും ശില്പശാലകളും നൽകണം. കൂടാതെ, നമ്മുടെ സമീപനങ്ങൾ തുടർച്ചയായി പരിഷ്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും യുവാക്കളിൽ നിന്നും അവരുടെ കുടുംബങ്ങളിൽനിന്നുമുള്ള ആനുകാലിക വിലയിരുത്തലുകളും ഫീഡ്ബാക്കും അത്യന്താപേക്ഷിതമാണ്.

ഉപസംഹാരമായി, യുവജനസൗഹൃദസഭകൾ സൃഷ്ടി ക്കുന്നത് കേവലം ഘടനാപരമായ ഒരു സംരംഭമല്ല; അത് യുവ ജന അജപാലനത്തിന്റെ അനിവാര്യതയാണ്. ഈ പ്രോട്ടോ ക്കോളുകളും മാർഗനിർദേശങ്ങളും സ്വീകരിക്കുന്നതിലൂടെ, നമ്മുടെ യുവജനങ്ങളുടെ വിശ്വാസം പരിപോഷിപ്പിക്കുന്ന തിനുള്ള സഭയുടെ പ്രതിബദ്ധത ഉറപ്പിക്കുന്നു. ക്രിസ്തു നായിനിലെ വിധവയുടെ മകനോടു പറഞ്ഞതുപോലെ (ലൂക്കാ 7, 11-17), ജായ്റോസിന്റെ മകളോടു പറഞ്ഞതുപോലെ (ലൂക്കാ 8, 40-56), കേരളസഭ തന്റെ യുവതയോട് 'യുവാവേ, യുവതീ എഴുന്നേൽക്കൂ' എന്നു പറയുന്നു. ഏശയ്യാപ്രവാചകനിലൂടെ ഇസ്രായേൽജനത്തോടു പറഞ്ഞതുപോലെ പറയുന്നു, 'ഉണർന്നു പ്രശോഭിക്കൂ' (ഏശയ്യ 60.1). അങ്ങനെ അവർ നമ്മുടെ സഭാസമൂഹത്തിന്റെ അവിഭാജ്യവും തേജസ്സുറ്റതുമായ ഘടകമാണെന്ന് ഉറപ്പാക്കുന്നു. ഈ സുപ്രധാനദൗത്യം ഏറ്റെ ടുക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിനായി നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ യുവജനങ്ങളെ, ക്രിസ്തു വിനോടും അവിടുത്തെ സഭയോടും അടുപ്പിക്കുന്ന സഭയുടെ

പ്രയത്നങ്ങൾ അവരുടെ ജീവിതത്തിൽ ഫലം കായ്ക്കട്ടെ. ഒരു യുവജനസൗഹൃദസഭയായി കേരളസഭ മാറട്ടെ. അതിനായി നമ്മെ ഏവരെയും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

പി.ഒ.സി., കൊച്ചി - 682 025

---

N.B. 2024 ജൂലൈ 14-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലാറ്റിൻ, സീറോ മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

സംയുക്ത സർക്കുലർ

24 Ch. 306-388

# സംരംഭകത്വലോകത്തേക്കു പറന്നുയരാൻ WINGS 2.0

ഈശോമിശിഹായിൽ പ്രിയ വൈദികരേ,
സമർപ്പിതരേ, സഹോദരരേ,

ആധുനികകാലഘട്ടത്തിൽ സഭ നേരിടുന്ന വെല്ലുവിളികൾ അനവധിയാണ്. അവയോടു ക്രിയാത്മകമായി പ്രതികരിക്കുകയെന്നതു സഭയുടെ വിളിയും ദൗത്യവുമാണ്. സീറോമലബാർസഭയുൾപ്പെടെ കേരളസമൂഹം ഇന്നു നേരിടുന്ന വലിയ പ്രതിസന്ധികളിലൊന്നാണ് യുവതലമുറയ്ക്കു സ്വന്തം നാട്ടിൽത്തന്നെ തൊഴിൽ ചെയ്തു മാന്യമായി ജീവിക്കാൻ സാധിക്കുമെന്ന പ്രത്യാശ നഷ്ടപ്പെടുന്നുവെന്നത്. ഈ വെല്ലുവിളിയെ നേരിടാൻ ഉതകുംവിധം നമ്മുടെ സമൂഹത്തിന്, പ്രത്യേകിച്ച് നമ്മുടെ യുവജനങ്ങൾക്കു പ്രത്യാശ നൽകേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്. അതിന്റെ ഭാഗമായി നാട്ടിലെ സംരംഭസാധ്യതകളെ അവർക്കു പരിചയപ്പെടുത്തുകയെന്നതും തൊഴിലന്വേഷകർ എന്നതിലുപരി തൊഴിൽദാതാക്കളായി നാടിന്റെ വികസനത്തിൽ അവരെ പങ്കാളികളാക്കാനുള്ള അവസരങ്ങൾ ഒരുക്കുകയെന്നതും സഭയാകുന്ന അമ്മയുടെ കടമയായി കാണുന്നു.

ഇക്കാര്യത്തിൽ സഭയോടുചേർന്നു ക്രിയാത്മകവും നേതൃത്വപരവുമായി സഹകരിക്കുന്ന പ്രസ്ഥാനമാണു നല്ല

തണ്ണി മാർ തോമാശ്ലീഹാ ദയറാ കേന്ദ്രീകരിച്ച് അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻപിതാവിന്റെ ആത്മീയനേതൃത്വത്തിൽ രൂപീകൃതമായ നസ്രാണിമാർഗം ട്രസ്റ്റ്. വിവിധ മേഖലകളിൽ പരിചയസമ്പന്നരായ പ്രൊഫഷണലുകളുടെ ഒരു കൂട്ടായ്മയാണിത്. ഈ ലക്ഷ്യസാക്ഷാത്കാരത്തിനായി ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളോടു സഹകരിച്ചു കഴിഞ്ഞവർഷം നസ്രാണിമാർഗം ട്രസ്റ്റ് കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിങ് കോളജിൽ നടത്തിയ NEST-23 ന്റെ തുടർച്ചയും വളർച്ചയുമായി ഈ വർഷം ചങ്ങനാശ്ശേരിയിൽ WINGS 2.0 എന്ന നാഷണൽ കോൺഫറൻസ് ഒരുക്കിയിരിക്കുകയാണ്.

2024 ഓഗസ്റ്റ് 2, 3, 4 (വെള്ളി, ശനി, ഞായർ) തീയതികളിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ സെന്റ് ബർക്കുമൻസ് കോളേജ്, അസംപ്ഷൻ കോളേജ് എന്നിവിടങ്ങളിലാണ് WINGS 2.0 നടത്തപ്പെടുന്നത്. NEST- 23 ലൂടെ നമ്മുടെ സമുദായത്തിനു സംരംഭകത്വത്തിന്റെ സാധ്യതകളെ പരിചയപ്പെടുത്താനും അതിനുവേണ്ട പ്രാഥമികപരിശീലനം നൽകാനും സാധിച്ചു. ഇതിന്റെ തുടർച്ചയായ WINGS 2.0 യിൽ അഞ്ചു സംരംഭകത്വമേഖലകൾ കേന്ദ്രീകരിച്ചു പ്രായോഗികപരിശീലനവും ഈ മേഖലകളിൽ പുതിയസംരംഭങ്ങൾ അഥവാ കമ്പനികൾ തുടങ്ങാനാവശ്യമായ സാധ്യതകളും ഒരുക്കുകയാണ്.

താഴെപ്പറയുന്നവയാണ് ഈ അഞ്ചു മേഖലകൾ

1. ആരോഗ്യസഹായസാങ്കേതികവിദ്യയും ആരോഗ്യപരിപാലനവും (Medical Well-being and Assistive Technology)

2. കാർഷികോപകരണങ്ങളും യന്ത്രങ്ങളും (Agricultural Tools and Machinery)

3. ഫാഷൻ ഡിസൈനും ടെക്നോളജിയും

4. ഭക്ഷ്യോത്പന്നങ്ങളും അവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളും (Food and Value Added Products)

5. മാലിന്യനിർമാർജനവും ഊർജപുനരുപയോഗവും (Waste Management and Renewable Energy)

മേല്പറഞ്ഞ അഞ്ചു വിഷയങ്ങളിലായി ത്രിദിനസംരംഭകത്വപരിശീലനവും പ്രവർത്തനക്ഷമമായ ബിസിനസ് മോഡലുകളുടെ അവതരണവും (Hackathon), ബിസിനസ് ആശയങ്ങളുടെ അവതരണവും (Business Idea Piching) വനിതകൾക്കുവേണ്ടിയുള്ള ഏകദിനസംരംഭകത്വപരിശീലനവും നടത്തപ്പെടുന്നതാണ്. നമ്മുടെ സമുദായത്തിലെ യുവജനങ്ങൾക്കും വിദേശങ്ങളിൽനിന്നു മടങ്ങിയെത്തിയവർക്കും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിലുള്ള സംരംഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനും ഫൊറോനകൾ, ഇടവകകൾ എന്നിവയുടെ പിന്തുണയോടെ പുതിയ സംരംഭങ്ങൾ ആരംഭിക്കാനും യുവജനങ്ങൾക്കും മറ്റുള്ളവർക്കും WINGS 2.0 പ്രചോദനമേകും.

ഇതോടുചേർന്നു യുവജനങ്ങൾക്കും സൺഡേസ്കൂൾ വിദ്യാർഥികൾക്കുമായി, വിവിധ മേഖലകളിൽ സഭ ലോകത്തിനു നൽകിയിട്ടുള്ള വിലയേറിയ സംഭാവനകൾ പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനുതകുന്ന വീഡിയോമത്സരങ്ങളും നടത്തപ്പെടുന്നുണ്ട്.

സഭാസമൂഹത്തിന്റെ ഉന്നമനത്തിനായി ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകൾ സംയുക്തമായി ഏറ്റെടുത്തിരിക്കുന്ന ഈ വലിയ പ്രേഷിതദൗത്യത്തിന്റെ വിജയത്തിനായി എല്ലാവരുടെയും, പ്രത്യേകിച്ചു സമർപ്പിതസമൂഹങ്ങളുടെ, പ്രാർഥനാസഹായം അഭ്യർഥിക്കുകയാണ്. ജൂലൈമാസത്തിൽ നടത്തപ്പെടുന്ന പാരിഷ് കൗൺസിലുകളിലും കുടുംബക്കൂട്ടായ്മകളിലും സംഘടനാസമ്മേളനങ്ങളിലും ഇക്കാര്യം ചർച്ച ചെയ്യണമെന്നും WINGS 2.0 യിൽ പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും സംഘടനാഭാരവാഹികളും രൂപത, ഫൊറോന, ഇടവക ഡയറക്ടർമാരും മുൻകൈയെടുക്കണമെന്നും അഭ്യർഥിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ബ്രോഷറുകൾ ഇടവകകളുടെ സമൂഹമാധ്യമഗ്രൂപ്പുകളിലൂടെ ലഭ്യമാക്കുന്നതാണ്.

WINGS 2.0 യുടെ തുടർച്ചയായുള്ള പ്രവർത്തനങ്ങളുടെ ഏകോപനത്തിനും പങ്കെടുത്തവർക്കാവശ്യമായ തുടർസഹായസഹകരണങ്ങൾ ഒരുക്കുന്നതിനുമായി നമ്മുടെ സമുദായത്തിൽനിന്ന് സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളെയും പ്രസ്ഥാനങ്ങളെയും വ്യക്തികളെയും കോർത്തിണക്കിക്കൊണ്ടു നസ്രാണിമാർഗം ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഹെക്മസ് (An Eastern Centre of Excellence) എന്നപേരിൽ ഒരു സെന്റർ ആരംഭിച്ചിരിക്കുന്ന സന്തോഷവാർത്തകൂടി അറിയിക്കുകയാണ്. കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിങ് കോളജിലാണ് ഇതിന്റെ ആദ്യത്തെ സാറ്റ്ലേറ്റ് ഓഫീസ് പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. സമുദായത്തിന്റെ വളർച്ചയുടെ പാതയിൽ ഈ സെന്റർ വലിയൊരു നാഴികക്കല്ലായിത്തീരുമെന്നു പ്രത്യാശിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ

രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും www.nazranimargam.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 7034437003 എന്ന നമ്പറിൽ വിളിക്കുകയോ ചെയ്യുക.

---

NB: ചങ്ങനാശ്ശേരി, പാലാ കാഞ്ഞിരപ്പള്ളി രൂപതകളിലെ പള്ളികളിലും സന്ന്യാസഭവനങ്ങളിലും ഈ സർക്കുലർ ജൂലൈ 14 ന് വായിക്കുകയോ ഇതിന്റെ സാരംശം വിശദീകരിച്ചു നല്കുകയോ ചെയ്യേണ്ടതാണ്.

## പ്രത്യേകം ശ്രദ്ധിക്കുക

ജൂലൈമാസം ഇടവകകളിൽ പ്രായോഗികമായി ചെയ്യേണ്ട കാര്യങ്ങൾ (ജൂലൈമാസത്തിലെ പാരിഷ് കൗൺസിൽ, കുടുംബക്കൂട്ടായ്മകൾ, ഇടവകയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ സമിതികൾ എന്നിവിടങ്ങളിൽ 'WINGS 2.0 സംരംഭകത്വപദ്ധതിയുടെ' അടിയന്തരപ്രാധാന്യവും താഴെ നിർദേശിച്ചിരിക്കുന്ന കാര്യങ്ങളും ചർച്ചചെയ്തു പ്രായോഗികമാക്കുക.)

1. ബ്രോഷറിൽ നൽകിയിരിക്കുന്ന അഞ്ചു മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കാനോ വിപുലപ്പെടുത്താനോ ആഗ്രഹിക്കുന്നവർ, യുവതീയുവാക്കൾ, വിദേശത്തുനിന്നു മടങ്ങിയെത്തിയവർ എന്നിവരെ കണ്ടെത്തി മൂന്നുദിവസത്തെ പരിശീലനക്യാമ്പിൽ പങ്കെടുപ്പിക്കാനായി നേതൃത്വമെടുക്കുക. ഓരോ ഇടവകയും മിനിമം 3 പേരെയെങ്കിലും പങ്കെടുപ്പിക്കുക. ജൂലൈ 20 ശനിയാഴ്ചയ്ക്കുമുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യുക. സാമ്പത്തികസഹായം ആവശ്യമുള്ളവർക്കു നൽകുക.

2. വനിതകൾക്കുവേണ്ടി ഓഗസ്റ്റ് 4 ഞായറാഴ്ച ക്രമീകരിച്ചിരിക്കുന്ന ഏകദിനസംരംഭകത്വസെമിനാറിൽ ജൂലൈ 20 നു മുമ്പു പേര് രജിസ്റ്റർ ചെയ്തു പരമാവധി വനിതകളെ പങ്കെടുപ്പിക്കുക. ഒരു ഇടവകയിൽനിന്നു മിനിമം 10 പേരെ പങ്കെടുപ്പിക്കുക.

3. സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്ന അഞ്ചു മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാൻ കഴിവും താത്പര്യവുമുള്ളവരെ ജൂലൈമാസാരംഭത്തിൽത്തന്നെ ഇടവകകളിൽ ഒന്നിച്ചുകൂട്ടി ചർച്ചചെയ്തു വ്യക്തിപരമായോ ടീമായോ ഹാക്കത്തോൺ, ബിസിനസ് ഐഡിയ അവതരണം എന്നീ മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻവേണ്ട നേതൃത്വമെടുക്കുക. ജൂലൈ 20 നു മുമ്പു പേര് രജിസ്റ്റർ ചെയ്യുക.

(മത്സരത്തിൽ പങ്കെടുത്ത് ആശയങ്ങൾ/പ്രോഡക്റ്റ് അവതരിപ്പിക്കുന്നവർക്ക് അവരുടെ ആശയങ്ങളെ കമ്പനിയായി

വളർത്താൻ വിവിധ കോളജുകളുടെ ഇൻക്യുബേഷൻ സെന്ററുകൾ സൗജന്യമായി ഒരു വർഷത്തോളം നീണ്ടുനിൽക്കുന്ന എല്ലാ പിന്തുണയും നൽകുന്നതാണ്. സാമ്പത്തികസഹായങ്ങൾ കണ്ടെത്തുന്നതിന് WINGS 2.0 യുടെ തുടർച്ചയായി സാങ്കേതികസഹായം ഒരുക്കുന്നതാണ്.

4. സൺഡേസ്കൂൾ, യുവജനങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വീഡിയോമത്സരത്തിൽ ഒരു ടീമിനെ പങ്കെടുപ്പിക്കാൻ മുൻകൂട്ടി പേരുകൾ രജിസ്റ്റർ ചെയ്തു പ്രവർത്തനങ്ങളാരംഭിക്കുക.

5. എല്ലാ ഇടവകകളിലും ജൂലൈമാസം ബിസിനസ് കൂട്ടായ്മയായ CAB (Catholic Association of Businessmen) അടിയന്തരമായി ആരംഭിക്കുകയും അവർ മാസത്തിലൊന്ന് ഒന്നിച്ചുകൂടി പ്രാർഥന-പ്രോത്സാഹനം-ആലോചനകൾ എന്നിവവഴി നിലവിലുള്ള സംരംഭങ്ങളെ പിന്തുണയ്ക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക.

6. 'പള്ളിയോടുചേർന്നു തൊഴിൽശാലസംരംഭം'- നാട്ടിൽ മികച്ച തൊഴിൽസാധ്യതയും കുടുംബങ്ങൾക്ക് അധികവരുമാനവും ഉറപ്പാക്കാൻ കഴിയുന്ന സംരംഭങ്ങൾ ആരംഭിക്കാൻ വ്യക്തികളെയും കുടുംബങ്ങളെയും പ്രോത്സാഹിപ്പിക്കുക. ഇടവകാംഗങ്ങൾക്കു തൊഴിലും അധികവരുമാനവും നൽകാൻ കഴിയുന്ന സംരംഭങ്ങൾ ഇടവകയുടെ നേതൃത്വത്തിൽ പൊതുവായി ആരംഭിക്കാനുള്ള സാധ്യതകൾ ചർച്ച ചെയ്യുക; നടപ്പിലാക്കുക.

7. കർഷകരെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കാനായി ഇടവകയോടുചേർന്ന് 'നാട്ടുവിപണികൾ' ആരംഭിക്കുക.

8. സംഘടനകളുടെ രൂപത, ഫൊറോനാസമിതികൾ ജൂലൈ ആരംഭത്തിൽത്തന്നെ മുകളിൽ നിർദേശിച്ച കർമപദ്ധതികൾ നടപ്പിലാക്കാനാവശ്യമായ നേതൃത്വം ഇടവകകളിൽ നൽകേണ്ടതാണ്.

# അറിയിപ്പ്

## വാർഷികധ്യാനം

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ,

ജൂലൈ മാസം 15-ാം തീയതി തിങ്കളാഴ്ച മുതൽ 19-ാം തീയതി വെള്ളിയാഴ്ച വരെയും 22-ാം തീയതി തിങ്കളാഴ്ച മുതൽ 26-ാം തീയതി വെള്ളിയാഴ്ച വരെയും രണ്ടു ബാച്ചുകളായി ഈ വർഷത്തെ നമ്മുടെ വാർഷികധ്യാനം ക്രമീകരിച്ചിരിക്കുകയാണല്ലോ. ആണ്ടുവട്ടത്തിന്റെ ആത്മീയനവീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദിനങ്ങളായി ഈ വാർഷികധ്യാനദിവസങ്ങളെ പരിഗണിക്കുമല്ലോ. അജപാലനനന്മയിൽ കൂടുതൽ തീക്ഷ്ണതയോടെ മുന്നേറുവാൻ ദൈവവചനത്തിനും ആരാധനജീവിതത്തിനും അജപാലനദൈവശാസ്ത്രത്തിനും പ്രാധാന്യം നൽകുന്ന ധ്യാനമാണ് ഈ വർഷവും ക്രമീകരിച്ചിരിക്കുന്നത്. മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവാണ് വാർഷികധ്യാനം നയിക്കുന്നത്.

നമ്മുടെ രൂപതയിലെ എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കണം. ആരോഗ്യപരമായ കാരണങ്ങളാൽ ആർക്കെങ്കിലും പങ്കെടുക്കാൻ സാധിക്കുകയില്ലെങ്കിൽ പിന്നീട് ഏറ്റവും അടുത്ത നാലു പൂർണദിവസങ്ങളിൽ ധ്യാനിക്കേണ്ടതാണ്. ധ്യാനത്തിനു പോകുന്ന സ്ഥലവും സമയവും എന്നെ നേരിട്ട് അറിയിക്കുമല്ലോ.

വാർഷികധ്യാനത്തിൽ പങ്കെടുക്കാൻ വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പതിവിൽനിന്നു വ്യത്യസ്തമായി തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെയാണ് ഇരുബാച്ചുകളുടെയും ധ്യാനദിവസങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

2. വിശുദ്ധഗ്രന്ഥം, യാമപ്രാർത്ഥനപ്പുസ്തകം (രണ്ടാം വാല്യം), കുർബാനക്കണക്ക്, കൊത്തീന, സൂനാറ, ഊറാറ എന്നിവ കൊണ്ടുവരേണ്ടതാണ്.

3. രണ്ടാം ബാച്ചിൽ പങ്കെടുക്കുന്ന വൈദികർ തിരുവസ്ത്ര ങ്ങൾ മുഴുവനും (സന്ദേയും പൈനയും ഉൾപ്പെടെ) കൊണ്ടു വരേണ്ടതാണ്. നമ്മുടെ രൂപതയുടെ പ്ലാറ്റിനം ജൂബിലി ഉദ്ഘാ ടനം ഭരണങ്ങാനം വി. അൽഫോൻസാമ്മയുടെ തീർത്ഥാടന കേന്ദ്രത്തിൽവച്ച് രണ്ടാം ബാച്ച് ധ്യാനത്തിന്റെ അവസാനദിവ സമായ ജൂലൈ 26 നാണ് നടത്തപ്പെടുന്നത്. തദവസരത്തിൽ തിരുവസ്ത്രങ്ങൾ പൂർണമായി ധരിച്ച് വി. കുർബാന അർപ്പി ക്കുന്നതിനുവേണ്ടിയാണ് ഈ ക്രമീകരണം.

4. ധ്യാനദിവസങ്ങളിലെ പരിശുദ്ധ കുർബാനയിൽ എല്ലാ വൈദികരും പങ്കെടുക്കണം. ആ ദിവസത്തിൽ ഇടവകകളിലോ സ്ഥാപനങ്ങളിലോ വിശുദ്ധ കുർബാന അർപ്പിക്കുവാൻ പോകേ ണ്ടതില്ല.

5. നൂറിൽ കൂടുതൽ വിശുദ്ധ കുർബാനനിയോഗങ്ങൾ കൈവശമുള്ള വൈദികർ അവ ധ്യാനാവസരത്തിൽ രൂപതക്ക ച്ചേരിയിൽ ഏൽപ്പിക്കേണ്ടതാണ്. പതിനായിരം രൂപയിൽ കൂടു തൽ ഏല്പിക്കുമ്പോൾ ചെക്ക് ആയി നൽകുവാൻ ശ്രദ്ധിക്കു മല്ലോ.

6. കഴിഞ്ഞ വാർഷികധ്യാനത്തിനുശേഷം വൈദികർ രൂപ താദ്ധ്യക്ഷന്റെ നിയോഗത്തിൽ അർപ്പിച്ചിട്ടുള്ള വിശുദ്ധ കുർബാനകളുടെ എണ്ണം (binated & trinated) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. ധ്യാനദിവസങ്ങളിൽ ബഹുമാനപ്പെട്ട വൈദികർക്കു വേണ്ടി പ്രാർത്ഥിക്കണമെന്നു വിശ്വാസികളെ ഉദ്ബോധിപ്പിക്കേ ണ്ടതാണ്.

8. ധ്യാനത്തിന്റെ പ്രാരംഭദിവസമായ തിങ്കളാഴ്ച വൈകു ന്നേരം ആറു മണിക്കുമുമ്പായി എല്ലാ വൈദികരും അരുണാ

പുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചേരേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവം,

മെത്രാസനമന്ദിരം
പാലാ, 22.06.2024

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

---

NB: രണ്ടു ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്ന വാർഷികധ്യാനത്തിൽ (ബാച്ച് I: ജൂലൈ 15 തിങ്കൾ - 19 വെള്ളി; ബാച്ച് II : ജൂലൈ 22 തിങ്കൾ - 26 വെള്ളി) പങ്കെടുക്കേണ്ട ബഹുമാനപ്പെട്ട വൈദികരുടെ ലിസ്റ്റ് 2024 മാർച്ചു മാസത്തെ ബുള്ളറ്റിനിൽ (സാന്ത്വനപ്രകാശം Vol. LXXIV March 2024 No. 3) പേജ് 20 ൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

## രൂപത ഡയറക്ടറി 2024-2025

പ്രിയപ്പെട്ടവരേ,

2024-2025 വർഷത്തെ രൂപത ഡയറക്ടറി പ്രസിദ്ധീകരിച്ചിരിക്കുന്നു. രൂപതാകേന്ദ്രത്തിലെ ഫിനാൻസ് ഓഫീസിൽനിന്ന് ഡയറക്ടറി ലഭ്യമാണ്.

**ഫാ. ജോസഫ് കുറ്റിയാങ്കൽ**
ചാൻസലർ

# കച്ചേരിക്കാര്യം

## Transfers & Appointments (June 2024)

| Name | Appointment |
|---|---|
| Mattel Francis | Asst Vicar, Lourdes Matha Church, Mammood & Study Library Science, S B College Changanacherry |
| Pandaraparampil Jacob | Asst Professor, Mar Ivanios College, Thiruvananthapuram & Residence at Mar Gheevarhese Sahada Church Kesavadasapuram |
| Mangalath James | Director, St. Joseph's College of Engineering and Technology (SJCET) and Administrator, St. Joseph's Institute of Hotel Management and Catering Technology |

# സംഭാവനശേഖരണം

**1. സീറോ മലബാർ സഭാദിനം**

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മദിനം ജൂലൈ മൂന്നാം തീയതി സീറോ മലബാർ സഭാദിനമായിട്ടാണല്ലോ നാം ആചരിക്കുന്നത്. അന്നേദിവസം സീറോ മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കേണ്ടതും അന്ന് കുർബാനമധ്യേ ഈ നിയോഗത്തിനായി പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിക്കേണ്ടതും അത് ജൂലൈ 31 നു മുമ്പ് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.

**2. യുവജനദിനം**

ജൂലൈ 14-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ യുവജനക്ഷേമ സംഭാവനശേഖരണം നടത്തേണ്ടതും പിരിഞ്ഞുകിട്ടുന്ന തുക ആഗസ്റ്റ് 17 നുമുമ്പ് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.

# COLLECTION LIST 2024

| SI .NO | Parish | Bible Sunday | Holy Childhood | Holy Land | Hunger & Disease | Madhyav irudha Samithi | Syro Malabar Mission | GSM Seminarians Aid Fund |
|---|---|---|---|---|---|---|---|---|
| 1 | ADIVARAM | 350.00 | 250.00 | 4,000.00 | 500.00 | 250.00 | 700.00 | 1,300.00 |
| 2 | ADUKAM | 500.00 | 500.00 | 1,000.00 | 500.00 | 500.00 | 500.00 | 9,839.00 |
| 3 | AIMCOMBU | 2,000.00 | 1,000.00 | 4,980.00 | 3,000.00 | 1,000.00 | 1,500.00 | 5,000.00 |
| 4 | ALPHONSAGIRI | 500.00 | 750.00 | 2,716.00 | 750.00 | 750.00 | 750.00 | 3,395.00 |
| 5 | ALPHONSAPURAM | 500.00 | 500.00 | 3,000.00 | 500.00 | 500.00 | 500.00 | 1,500.00 |
| 6 | AMPARANIRAPPEL | 3,000.00 | 1,500.00 | 5,040.00 | 1,500.00 | 1,500.00 | 3,500.00 | 5,050.00 |
| 7 | ANTHIALAM | 750.00 | 750.00 | 6,323.00 | 750.00 | 750.00 | 1,000.00 | 15,000.00 |
| 8 | ANTHINADU | 1,100.00 | 1,650.00 | 3,240.00 | 1,825.00 | 1,330.00 | 1,750.00 | 11,240.00 |
| 9 | ARAKULAM NEW | 5,000.00 | ######### | 9,000.00 | 11,051.00 | 9,835.00 | 7,500.00 | 10,000.00 |
| 10 | ARAKULAM OLD | 1,150.00 | 1,000.00 | 4,000.00 | 1,200.00 | 1,000.00 | 1,250.00 | 3,600.00 |
| 11 | ARUNAPURAM | 2,000.00 | 2,000.00 | 14,000.00 | 2,000.00 | 2,000.00 | 2,000.00 | 12,000.00 |
| 12 | ARUNOOTTIMANGALAM | 1,063.00 | 1,431.00 | 18,476.00 | 1,538.00 | 1,348.00 | 1,541.00 | 15,151.00 |
| 13 | ARUVITHURA | 18,150.00 | ######### | 20,150.00 | 19,270.00 | 19,170.00 | 19,250.00 | 50,830.00 |
| 14 | AYYAMPARA | 2,800.00 | 3,050.00 | 6,506.00 | 2,307.00 | 1,496.00 | 2,050.00 | 5,221.00 |
| 15 | BHARANANGANAM FORANE | 5,000.00 | 4,000.00 | 16,000.00 | 15,000.00 | 5,000.00 | 5,000.00 | 22,530.00 |
| 16 | CHAKKAMPUZHA | 1,000.00 | 9,137.00 | 9,680.00 | 9,663.00 | 7,400.00 | 1,000.00 | 12,000.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 17 | CHEMMALAMATTAM | 6,500.00 | 4,800.00 | 31,476.00 | 24,372.00 | 4,125.00 | 7,250.00 | 23,437.00 |
| 18 | CHEMPILAVU | 1,000.00 | 1,000.00 | 1,610.00 | 500.00 | 1,000.00 | 1,000.00 | 2,000.00 |
| 19 | CHENNAD | - | 1,400.00 | 5,506.00 | 4,014.00 | 2,000.00 | - | 7,000.00 |
| 20 | CHERPUMKAL FORANE | 17,600.00 | ######## | 66,000.00 | 16,801.00 | 18,576.00 | 15,000.00 | 32,000.00 |
| 21 | CHETTUTHODU | 2,000.00 | 1,000.00 | 9,106.00 | 1,000.00 | 1,000.00 | 2,000.00 | 7,153.00 |
| 22 | CHITTAR | 1,500.00 | 1,500.00 | 5,520.00 | 2,000.00 | 1,000.0 | 2,000.00 | 10,000.00 |
| 23 | CHOLATHADAM | 250.00 | 250.00 | 3,400.00 | 250.00 | 250.00 | 250.00 | 2,000.00 |
| 24 | CHOONDACHERY | 800.00 | 1,000.00 | 4,000.00 | 1,000.00 | 1,000.00 | 1,000.00 | 5,600.00 |
| 25 | EDADU | 300.00 | 300.00 | 500.00 | 600.00 | 300.00 | 500.00 | 1,000.00 |
| 26 | EDAMARUKU | 2,400.00 | 2,400.00 | 13,137.00 | 2,500.00 | 2,250.00 | 2,600.00 | 10,250.00 |
| 27 | EDAPPADY | 1,000.00 | 1,500.00 | 3,850.00 | 2,000.00 | 1,500.00 | 2,000.00 | 11,350.00 |
| 28 | ELAMTHOTTAM | 1,000.00 | 500.00 | 10,000.00 | 2,000.00 | 500.00 | 5,000.00 | 10,000.00 |
| 29 | ELANJI FORANE | 7,000.00 | 3,100.00 | 34,556.00 | 13,860.00 | 5,000.00 | 9,500.00 | 30,000.00 |
| 30 | ELAPPALLY | 650.00 | 350.00 | 1,216.00 | 350.00 | 650.00 | 850.00 | 1,600.00 |
| 31 | ERAVIMANGALAM | 480.00 | 750.00 | 1,500.00 | 750.00 | 500.00 | 550.00 | 1,620.00 |
| 32 | EZHACHERRY | 1,500.00 | 1,500.00 | 2,000.00 | 1,500.00 | 1,000.00 | 1,200.00 | 3,000.00 |
| 33 | FATHIMAPURAM | 600.00 | 750.00 | 7,500.00 | 3,500.00 | 600.00 | 2,000.00 | 5,000.00 |
| 34 | GAGULTHA | 700.00 | 600.00 | 6,000.00 | 600.00 | 600.00 | 500.00 | 4,000.00 |
| 35 | GEOVALLY | 1,500.00 | 500.00 | 4,765.00 | 3,000.00 | 500.00 | 4,405.00 | 8,142.00 |
| 36 | IDAMATTAM | 3,000.00 | 2,500.00 | 14,970.00 | 2,000.00 | 2,500.00 | 6,000.00 | 7,920.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 37 | JAIGIRI | 750.00 | 1,000.00 | 6,544.00 | 1,000.00 | 1,000.00 | 1,000.00 | 6,000.00 |
| 38 | JOSE MOUNT | 650.00 | 950.00 | 1,200.00 | 1,350.00 | 850.00 | 930.00 | 1,500.00 |
| 39 | JOSEGIRI | 2,000.00 | 1,150.00 | 5,500.00 | 1,250.00 | 1,200.00 | 2,000.00 | 6,000.00 |
| 40 | KADANAD | 8,500.00 | 5,100.00 | 16,956.00 | 7,500.00 | 4,900.00 | 6,800.00 | 10,079.00 |
| 41 | KADAPLAMATTAM | 4,500.00 | 2,500.00 | 16,000.00 | 2,500.00 | 2,500.00 | 2,500.00 | 14,000.00 |
| 42 | KADUTHURUTHY | 8,500.00 | 9,000.00 | 44,270.00 | 9,500.00 | 9,500.00 | 13,500.00 | 32,445.00 |
| 43 | KAIPPALLY | 500.00 | 500.00 | 2,000.00 | 500.00 | 500.00 | 500.00 | 1,500.00 |
| 44 | KAKKOOR | 750.00 | 500.00 | 15,453.00 | 2,000.00 | 500.00 | 1,000.00 | 10,192.00 |
| 45 | KAKOMBU | 1,000.00 | 850.00 | 3,250.00 | 1,000.00 | 900.00 | 500.00 | 5,100.00 |
| 46 | KALATHOOKADAVU | 1,500.00 | 2,000.00 | 3,500.00 | 2,300.00 | 2,000.00 | 1,500.00 | 8,000.00 |
| 47 | KALATHOOR | 2,300.00 | 2,800.00 | 7,660.00 | 3,000.00 | 2,500.00 | 5,500.00 | 6,868.00 |
| 48 | KALIKAVU | 5,000.00 | ######## | 15,200.00 | 7,253.00 | 11,679.00 | 3,000.00 | 12,288.00 |
| 49 | KANJIRAMATTAM | 2,000.00 | 2,000.00 | 8,000.00 | 2,500.00 | 2,000.00 | 2,000.00 | 20,000.00 |
| 50 | KANJIRATHANAM | 3,800.00 | 3,000.00 | 8,000.00 | 4,500.00 | 3,000.00 | 1,000.00 | 12,000.00 |
| 51 | KARIMPANY | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 3,000.00 |
| 52 | KAROOR | 2,300.00 | 1,500.00 | 5,470.00 | 1,500.00 | 1,400.00 | 2,600.00 | 5,925.00 |
| 53 | KATTAMPAK | 1,000.00 | 500.00 | 6,570.00 | 3,000.00 | 1,000.00 | 2,000.00 | 4,400.00 |
| 54 | KAVALY | 700.00 | 500.00 | 2,000.00 | 700.00 | 500.00 | 1,000.00 | 1,000.00 |
| 55 | KAVEEKUNNU | 1,000.00 | 1,000.00 | 1,500.00 | 1,000.00 | 1,000.00 | 1,000.00 | 2,500.00 |
| 56 | KAVUMKANDAM | 2,500.00 | 2,500.00 | 6,943.00 | 2,000.00 | 2,000.00 | 2,500.00 | 3,000.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 57 | KAYYOOR | 500.00 | 500.00 | 5,000.00 | 500.00 | - | 500.00 | 5,000.00 |
| 58 | KEEZHOOR | 800.00 | 800.00 | 9,000.00 | 700.00 | 800.00 | 500.00 | 20,000.00 |
| 59 | KIZHAPARAYAR | 1,500.00 | 800.00 | 10,575.00 | 2,500.00 | 1,500.00 | 1,750.00 | 4,452.00 |
| 60 | KIZHATHADIYOOR | 13,200.00 | ######## | 26,600.00 | 11,750.00 | 13,170.00 | 10,660.00 | 18,830.00 |
| 61 | KONDAD | 700.00 | 300.00 | 1,500.00 | 500.00 | 350.00 | 400.00 | 1,500.00 |
| 62 | KOODALLOOR | 5,000.00 | 3,000.00 | 27,250.00 | 12,000.00 | 5,000.00 | 14,000.00 | 32,750.00 |
| 63 | KOOTHATTUKULAM | - | 4,000.00 | 13,263.00 | 8,482.00 | 4,000.00 | - | 15,391.00 |
| 64 | KOOTTIKAL | 2,500.00 | 1,600.00 | 11,800.00 | 1,800.00 | 1,500.00 | 3,000.00 | 15,620.00 |
| 65 | KOTHANALLOOR | 11,500.00 | ######## | 21,800.00 | 21,000.00 | 12,000.00 | 17,000.00 | 21,640.00 |
| 66 | KOZHUVANAL | 1,000.00 | 1,000.00 | 34,300.00 | 2,000.00 | 1,000.00 | 1,500.00 | 29,600.00 |
| 67 | KUDAKKACHIRA | 2,750.00 | 2,450.00 | 16,543.00 | 3,700.00 | 2,450.00 | 6,247.00 | 12,560.00 |
| 68 | KUDAYATHOOR | 500.00 | 1,000.00 | 5,000.00 | 2,000.00 | 1,200.00 | 1,000.00 | 5,000.00 |
| 69 | KULAMAVU | 700.00 | 500.00 | 3,870.00 | 600.00 | 500.00 | 1,462.00 | 2,252.00 |
| 70 | KUNNONNI | 3,000.00 | 3,000.00 | 8,533.00 | 3,000.00 | 3,000.00 | 3,000.00 | 6,000.00 |
| 71 | KURAVILANGAD | 15,250.00 | ######## | 66,360.00 | 20,320.00 | 17,100.00 | 17,750.00 | 90,960.00 |
| 72 | KURICHITHANAM | 8,250.00 | 8,637.00 | 12,447.00 | 7,000.00 | 7,605.00 | 3,000.00 | 8,538.00 |
| 73 | KURINJI | 3,000.00 | 500.00 | 4,000.00 | 500.00 | 500.00 | 1,000.00 | 5,000.00 |
| 74 | KURUMANNU | 1,000.00 | 800.00 | 13,930.00 | 800.00 | 1,000.00 | 2,500.00 | 5,550.00 |
| 75 | KURUVINAL | 1,000.00 | 1,000.00 | 5,000.00 | 1,500.00 | 1,000.00 | 1,000.00 | 6,000.00 |
| 76 | LALAM NEW PALAI | 16,434.00 | ######## | 14,795.00 | 14,700.00 | 12,864.00 | 5,580.00 | 19,322.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 77 | LALAM OLD PALAI | 10,756.00 | ######## | 12,970.00 | 10,822.00 | 11,066.00 | 10,763.00 | 24,583.00 |
| 78 | LOURDES MOUNT | 300.00 | 300.00 | 1,000.00 | 300.00 | 300.00 | 300.00 | 1,000.00 |
| 79 | MALAPURAM | 2,000.00 | 2,500.00 | 13,301.00 | 2,500.00 | 2,500.00 | 2,000.00 | 8,760.00 |
| 80 | MALAYINCHIPARA | 1,050.00 | 1,100.00 | 2,304.00 | 1,025.00 | 1,175.00 | 1,000.00 | 2,301.00 |
| 81 | MALLIKASSERY | 1,500.00 | 1,500.00 | 7,000.00 | 2,250.00 | 1,500.00 | 2,500.00 | 10,000.00 |
| 82 | MANALUMKAL | 1,250.00 | 1,300.00 | 12,000.00 | 4,500.00 | 1,000.00 | 4,250.00 | 9,000.00 |
| 83 | MANATHOOR | 1,000.00 | 1,000.00 | 12,300.00 | 2,000.00 | 1,000.00 | 1,000.00 | 10,000.00 |
| 84 | MANGALAGIRI | 1,000.00 | 750.00 | 2,500.00 | 2,000.00 | 1,000.00 | 1,500.00 | 1,000.00 |
| 85 | MANGALARAM | 1,500.00 | 1,250.00 | 4,000.00 | 1,750.00 | 1,250.00 | 2,100.00 | 3,647.00 |
| 86 | MANIAMKULAM | 500.00 | 500.00 | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 1,000.00 |
| 87 | MANIAMKUNNU | 1,500.00 | 800.00 | 3,200.00 | 700.00 | 1,000.00 | 700.00 | - |
| 88 | MANJAMATTAM | 1,118.00 | 1,125.00 | 4,100.00 | 1,310.00 | 1,218.00 | 1,230.00 | 3,840.00 |
| 89 | MANNACKANAD | 3,000.00 | 2,000.00 | 11,000.00 | 3,000.00 | 1,500.00 | 4,000.00 | 9,000.00 |
| 90 | MANNAR | 5,000.00 | 3,000.00 | 21,834.00 | 27,398.00 | 2,000.00 | 10,000.00 | 19,405.00 |
| 91 | MANNARAPPARA | 6,000.00 | 8,000.00 | 9,000.00 | 9,000.00 | 5,000.00 | 6,000.00 | 12,000.00 |
| 92 | MANVETTAM | 2,000.00 | 3,500.00 | 23,425.00 | 3,000.00 | 2,500.00 | 5,000.00 | 13,758.00 |
| 93 | MARANGATTUPALLY | 5,200.00 | 4,500.00 | 23,000.00 | 7,000.00 | 5,000.00 | 10,002.00 | 34,000.00 |
| 94 | MARANGOLY | 3,000.00 | 2,000.00 | 2,516.00 | 2,126.00 | 2,016.00 | 4,284.00 | 3,372.00 |
| 95 | MARYLAND | 650.00 | 800.00 | 8,000.00 | 900.00 | 750.00 | 2,000.00 | 15,000.00 |
| 96 | MATTAKKARA | 1,500.00 | - | - | - | - | 3,000.00 | - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 97 | MAVADY | 500.00 | 600.00 | 5,277.00 | 600.00 | 500.00 | 500.00 | 7,140.00 |
| 98 | MEENACHIL | 710.00 | 890.00 | 8,340.00 | 1,510.00 | 432.00 | 1,100.00 | 7,000.00 |
| 99 | MELUKAVUMATTAM | 1,500.00 | 1,500.00 | 8,000.00 | 1,500.00 | 1,500.00 | 1,500.00 | - |
| 100 | MEVIDA | 650.00 | 1,000.00 | 14,714.00 | 1,000.00 | 1,000.00 | 2,000.00 | 10,294.00 |
| 101 | MONIPPALLY | 2,000.00 | 3,000.00 | 21,286.00 | 4,000.00 | 4,000.00 | 5,000.00 | 28,578.00 |
| 102 | MOOLAMATTAM | - | ######### | 14,910.00 | 11,270.00 | 7,450.00 | - | 20,000.00 |
| 103 | MOONNANI | - | - | 3,750.00 | - | - | - | 3,110.00 |
| 104 | MOONNILAVU | 1,000.00 | 1,500.00 | 17,008.00 | 1,000.00 | 1,500.00 | 2,000.00 | 11,226.00 |
| 105 | MOOZHOOR | 2,000.00 | 2,000.00 | 10,000.00 | 10,000.00 | 2,000.00 | 2,000.00 | 19,330.00 |
| 106 | MULAKULAM | 670.00 | 700.00 | 16,422.00 | 720.00 | 680.00 | 1,100.00 | 11,162.00 |
| 107 | MUNDANKAL | 8,000.00 | 6,000.00 | 17,755.00 | 7,000.00 | 6,500.00 | 6,000.00 | 19,715.00 |
| 108 | MUTHOLAPURAM | 4,000.00 | 4,000.00 | 13,427.00 | 15,000.00 | 3,500.00 | 5,514.00 | 12,380.00 |
| 109 | MUTHOLY | 7,243.00 | 4,635.00 | 9,188.00 | 5,250.00 | 4,413.00 | 7,580.00 | 7,241.00 |
| 110 | MUTTUCHIRA FORANE | 3,500.00 | 3,515.00 | 28,392.00 | 5,562.00 | 6,956.00 | 28,973.00 | 40,761.00 |
| 111 | NAMBIAKULAM | 1,000.00 | 2,000.00 | 18,285.00 | 2,000.00 | 2,000.00 | 1,500.00 | 10,846.00 |
| 112 | NARIANGANAM | 500.00 | 500.00 | 11,000.00 | 500.00 | 500.00 | 1,000.00 | 7,777.00 |
| 113 | NEELOOR | 7,000.00 | 2,000.00 | 8,000.00 | 3,000.00 | 2,000.00 | 5,000.00 | 10,000.00 |
| 114 | NEERANTHANAM | 3,500.00 | 1,200.00 | 13,978.00 | 1,500.00 | 1,000.00 | 3,700.00 | 11,370.00 |
| 115 | NELLAPPARA | 2,150.00 | 526.00 | 3,465.00 | 2,083.00 | 745.00 | 1,500.00 | - |
| 116 | NELLIANI | 1,300.00 | 1,250.00 | 7,000.00 | 1,700.00 | 1,800.00 | 1,750.00 | 6,000.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 117 | PADUVA | 3,799.00 | 6,543.00 | 12,474.00 | 7,378.00 | 5,438.00 | 9,945.00 | 8,633.00 |
| 118 | PAIKA | 1,000.00 | 1,000.00 | 26,750.00 | 1,000.00 | 500.00 | 4,000.00 | 13,490.00 |
| 119 | PAINGULAM | 3,200.00 | 2,200.00 | 10,030.00 | 5,400.00 | 2,480.00 | 4,800.00 | 6,690.00 |
| 120 | PALAI CATHEDRAL | 30,000.00 | ######## | 40,000.00 | 32,000.00 | 30,000.00 | 30,000.00 | 113,350.00 |
| 121 | PALAKAD | 200.00 | 200.00 | 11,050.00 | 200.00 | 200.00 | 1,000.00 | 9,000.00 |
| 122 | PALAKATTUMALA | 500.00 | 800.00 | 6,538.00 | 700.00 | 1,000.00 | 700.00 | 8,344.00 |
| 123 | PALAYAM | 1,000.00 | 800.00 | 1,500.00 | 1,000.00 | 900.00 | 1,000.00 | 4,000.00 |
| 124 | PARATHANAM | 200.00 | 650.00 | 1,000.00 | 700.00 | 650.00 | 200.00 | - |
| 125 | PAYYANITHOTTAM | 500.00 | 1,500.00 | 1,500.00 | 3,000.00 | 1,500.00 | 500.00 | 2,000.00 |
| 126 | PERIAPURAM | 5,000.00 | 500.00 | 14,250.00 | 1,000.00 | 500.00 | 5,615.00 | 5,100.00 |
| 127 | PERINGULAM | 3,000.00 | 2,000.00 | 4,000.00 | 2,000.00 | 7,000.00 | 6,000.00 | 11,000.00 |
| 128 | PERUMTHURUTH | 500.00 | 1,000.00 | 1,000.00 | 500.00 | 500.00 | 500.00 | 4,000.00 |
| 129 | PIRAVOM | 1,500.00 | 3,500.00 | 4,000.00 | 4,500.00 | 3,200.00 | 2,000.00 | 10,000.00 |
| 130 | PIUSMOUNT | 1,100.00 | 1,200.00 | 5,650.00 | 1,200.00 | 1,000.00 | 1,000.00 | 4,700.00 |
| 131 | PIZHAKU(URUMPUKAVU) | 1,500.00 | 1,500.00 | 5,600.00 | 3,000.00 | 1,500.00 | 2,000.00 | 9,000.00 |
| 132 | PLASSANAL | 2000.00 | 3,333.00 | 12,222.00 | 11,111.00 | 4,444.00 | 3000.00 | 25,555.00 |
| 133 | POONJAR | 3,000.00 | 3,000.00 | 22,942.00 | 6,000.00 | 4,000.00 | 4,000.00 | 14,682.00 |
| 134 | POOVAKULAM | 800.00 | 700.00 | 1,680.00 | 1,200.00 | 600.00 | 700.00 | 1,320.00 |
| 135 | POOVARANY | 1,000.00 | 1,000.00 | 15,010.00 | 1,500.00 | 1,000.00 | 2,000.00 | 18,280.00 |
| 136 | POOVATHODU | 1,050.00 | 1,080.00 | 11,685.00 | 1,865.00 | 895.00 | 1,000.00 | 5,659.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 137 | POOZHIKOL | 550.00 | 550.00 | 7,000.00 | 550.00 | 500.00 | 500.00 | 5,500.00 |
| 138 | PRAVITHANAM | 15,000.00 | 2,700.00 | 7,000.00 | 5,400.00 | 2,450.00 | 3,500.00 | 7,100.00 |
| 139 | RAMAPURAM | 9,000.00 | ######## | 41,150.00 | 5,000.00 | 5,000.00 | 9,000.00 | 43,820.00 |
| 140 | RATNAGIRI | 5,000.00 | ######## | 17,250.00 | 16,000.00 | 18,000.00 | 12,500.00 | 40,000.00 |
| 141 | SANTHIGIRI | 400.00 | 550.00 | 2,965.00 | 650.00 | 400.00 | 450.00 | 3,000.00 |
| 142 | SANTHIPURAM | 1,000.00 | 1,000.00 | 4,310.00 | 1,000.00 | 500.00 | 2,000.00 | 3,420.00 |
| 143 | SIBIGIRI | 1,000.00 | 3,000.00 | 14,000.00 | 4,000.00 | 3,000.00 | 5,000.00 | 13,800.00 |
| 144 | SLIVAPURAM | 3,000.00 | 500.00 | 9,840.00 | 500.00 | 500.00 | 2,500.00 | 4,140.00 |
| 145 | TEEKOY | 6,000.00 | - | 17,000.00 | - | - | 14,000.00 | 20,356.00 |
| 146 | THAKADI | 300.00 | 300.00 | 1,000.00 | 300.00 | 300.00 | 600.00 | 3,000.00 |
| 147 | THIDANAD | 2,500.00 | 4,500.00 | 16,530.00 | 5,000.00 | 4,200.00 | 3,000.00 | 5,830.00 |
| 148 | THIRUMARADY | 600.00 | 500.00 | 2,030.00 | 810.00 | 800.00 | 1,300.00 | 1,740.00 |
| 149 | THODANAL | 2,057.00 | 2,680.00 | 5,923.00 | 2,774.00 | 3,507.00 | 4,723.00 | 3,980.00 |
| 150 | THUDANGANAD FORANE | 2,315.00 | 1,720.00 | 23,836.00 | 2,430.00 | 2,100.00 | 2,545.00 | 13,570.00 |
| 151 | THURUTHIPALLY | 500.00 | 500.00 | 5,000.00 | 700.00 | 400.00 | 600.00 | 13,695.00 |
| 152 | UDAYAGIRI | 2,000.00 | 1,700.00 | 5,282.00 | 2,000.00 | 1,000.00 | 2,000.00 | 20,000.00 |
| 153 | ULLANAD | 1,500.00 | 1,000.00 | 15,128.00 | 3,000.00 | 2,000.00 | 1,500.00 | 20,000.00 |
| 154 | URULIKUNNAM | 1,000.00 | 1,100.00 | 10,000.00 | 2,000.00 | 1,100.00 | 1,500.00 | 8,535.00 |
| 155 | VADAKARA | 1,500.00 | 1,000.00 | 15,671.00 | 2,000.00 | 1,000.00 | 2,000.00 | 15,288.00 |
| 156 | VAGAMON | 680.00 | 415.00 | 1,000.00 | 585.00 | 450.00 | 670.00 | 2,500.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 157 | VAKAKKAD | 2,000.00 | 1,800.00 | 3,800.00 | 2,000.00 | 1,850.00 | 5,000.00 | 5,000.00 |
| 158 | VAKKAD | 1,000.00 | 600.00 | 1,150.00 | 800.00 | 400.00 | 1,500.00 | 1,750.00 |
| 159 | VALACHIRA | 600.00 | 500.00 | 8,304.00 | 1,000.00 | 1,000.00 | 2,000.00 | 5,806.00 |
| 160 | VALAVOOR | 1,240.00 | 1,120.00 | 13,670.00 | 535.00 | 735.00 | 930.00 | 9,430.00 |
| 161 | VARIANIKKAD | 900.00 | 700.00 | 1100.00 | 2000.00 | 700.00 | 750.00 | 3,000.00 |
| 162 | VAYALA | 1,500.00 | 2,600.00 | 13,278.00 | 2,800.00 | 2,400.00 | 4,500.00 | 23,771.00 |
| 163 | VEDAGIRI | 2,000.00 | 1,000.00 | 13,775.00 | 1,000.00 | 1,000.00 | 2,000.00 | 6,440.00 |
| 164 | VELANILAM | 500.00 | 500.00 | 7,049.00 | 500.00 | 500.00 | 500.00 | - |
| 165 | VELLIAMATTAM | 1,500.00 | 1,500.00 | 6,955.00 | 1,500.00 | 1,500.00 | 2,000.00 | 5,047.00 |
| 166 | VELLIKULAM | 1,600.00 | 800.00 | 4,000.00 | 3,300.00 | 750.00 | 800.00 | 5,500.00 |
| 167 | VEZHAGANAM | 300.00 | 200.00 | 3,900.00 | 300.00 | 200.00 | 300.00 | 3,100.00 |
| 168 | VILAKUMADAM | 1,000.00 | 1,000.00 | 9,968.00 | - | 1,000.00 | 2,000.00 | - |
| 169 | VIMALAGIRI | 600.00 | 500.00 | 2,000.00 | 550.00 | 600.00 | 600.00 | 1,500.00 |
| 170 | XAVIERPURAM | 585.00 | 520.00 | 7,422.00 | 575.00 | 550.00 | 565.00 | 25,249.00 |
| 171 | YENTHAYAR | 5,000.00 | 6,000.00 | 15,500.00 | 8,000.00 | 8,000.00 | 6,000.00 | 10,000.00 |
| | **INSTITUTIONS** | | | | | | | |
| 172 | KALLORKULAM CHAPEL | | | | | | | |
| 173 | VALAKATTU KUNNU CHAPEL | 1,000.00 | 700.00 | 2,000.00 | 600.00 | 500.00 | | |

## ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ
## ഇന്റൻസീവ് ഹോംമിഷൻ നടന്ന ഇടവകകൾ

1. അടിവാരം
2. അടുക്കം
3. അറക്കുളം ന്യൂ
4. ചക്കിക്കാവ്
5. ചെമ്പിളാവ്
6. ചേറ്റുതോട്
7. ചോലത്തടം
8. ചൂണ്ടച്ചേരി
9. ജയ്ഗിരി
10. കടപ്ലാമറ്റം
11. കാക്കൊമ്പ്
12. കളത്തുക്കടവ്
13. കാവാലി
14. കിഴതടിയൂർ
15. കൂത്താട്ടുകുളം
16. കോതനെല്ലൂർ
17. കൊഴുവനാൽ
18. കുടക്കച്ചിറ
19. കുടയത്തൂർ
20. കുളമാവ്
21. മല്ലികശ്ശേരി
22. മണലുങ്കൽ
23. മണിയംകുളം
24. മണിയംകുന്ന്
25. മഞ്ഞാമറ്റം
26. മരങ്ങോലി
27. മേരിലാന്റ്
28. മൂലമറ്റം
29. മൂന്നിലവ്
30. മുളക്കുളം
31. മുത്തോലി
32. മുട്ടുചിറ
33. നെല്ലിയാനി
34. പൈങ്കുളം
35. പാളയം
36. പെരിയപ്പുറം
37. പയസ്മൗണ്ട്
38. പൂവക്കുളം
39. പ്രവിത്താനം
40. രത്നഗിരി
41. തിടനാട്
42. തിരുമാറാടി
43. ഉരുളികുന്നം
44. വാകക്കാട്
45. വാക്കാട്
46. വേദഗിരി
47. വിളക്കുമാടം
48. ലൂർദ് മൗണ്ട്
49. കുറിഞ്ഞി
50. അൽഫോൻസാഗിരി
51. പൂവരണി
52. അന്തീനാട്
53. ചെമ്മലമറ്റം
54. ജിയോവാലി
55. ഇടമറ്റം
56. പാലാക്കാട്
57. മീനച്ചിൽ
58. മുണ്ടാങ്കൽ
59. പൂഞ്ഞാർ
60. പിറവം
61. ഭരണങ്ങാനം
62. നീലൂർ
63. കാഞ്ഞിരത്താനം
64. പാലക്കാട്ടുമല
65. അമ്പാറനിരപ്പേൽ
66. മൂഴൂർ
67. കരൂർ
68. ഇടപ്പാടി
69. അറക്കുളം ഓൾഡ്
70. മറ്റക്കര
71. നരിയങ്ങാനം
72. തോടനാൽ
73. ശാന്തിഗിരി
74. വേലനിലം
75. കുറുമണ്ണ്
76. പയ്യാനിത്തോട്ടം
77. ഏഴാച്ചേരി
78. മുട്ടം
79. അരുണാപുരം
80. ഇടമറുക്
81. ചിറ്റാർ
82. പെരിങ്ങുളം
83. ഇല്യാരി
84. സേവ്യർപുരം
85. അറുനൂറ്റിമംഗലം
86. മലപ്പുറം
87. ഇരവിമംഗലം
88. കാട്ടാംപാക്ക്
89. കാളികാവ്
90. മണ്ണയ്ക്കനാട്
91. കാവുംകണ്ടം
92. ഐങ്കൊമ്പ്
93. ഇലഞ്ഞി


SMYM - KCYM പാലാ രൂപതയുടെ
സുവർണ്ണ ജൂബിലി
സമാപനാഘോഷം
ORO
OUR RHYTHM ON
13 JULY 2024 | 09:30 AM
BISHOP VAYALIL MEMORIAL HALL,
ST THOMAS CATHEDRAL CHURCH PALA
ഏവർക്കും സ്വാഗതം
Registration
smym_kcym-eparchyofpalai
Location




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന് തറക്കല്ലിട്ടു**

കാൻസർ ചികിത്സാരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിച്ചുള്ള മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ തറക്കല്ലിടീൽ പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. വിദേശരാജ്യങ്ങളിൽ ഉൾപ്പെടെ ലഭിക്കുന്ന ചികിത്സാസൗകര്യങ്ങൾ നാട്ടിലെ സാധാരണക്കാർക്കും ലഭ്യമാക്കുന്ന വിധത്തിലാണ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്തിരിക്കുന്നത്. രണ്ടു വർഷത്തിനുള്ളിൽ പദ്ധതി യാഥാർഥ്യമാക്കാനാണു തീരുമാനം. ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ നന്ദി പറഞ്ഞു.

**മികച്ച പരിസ്ഥിതി പ്രവർത്തനങ്ങൾക്കുള്ള സർക്കാർ പുരസ്കാരം മാർ സ്ലീവാ മെഡിസിറ്റി ഏറ്റുവാങ്ങി**

സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ ഏറ്റവും മികച്ച മലിനീകരണനിയന്ത്രണം, പരിസ്ഥിതി-ഊർജ-ജലസംരക്ഷണപ്രവർത്തനങ്ങൾ എന്നിവ

യ്ക്കായുള്ള ഒന്നാം സ്ഥാനം മാർ സ്ലീവാ മെഡിസിറ്റിക്കു ലഭിച്ചു. ലോകപരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്തു നടന്ന സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി പിണറായി വിജയനിൽനിന്ന് ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ പുരസ്കാരം ഏറ്റുവാങ്ങി. ബഹു. മന്ത്രി എം. ബി. രാജേഷ് അധ്യക്ഷത വഹിച്ചു. 500 നുമുകളിൽ കിടക്കകൾ ഉള്ള ആശുപത്രിവിഭാഗത്തിലാണ് മാർ സ്ലീവാ മെഡിസിറ്റി പുരസ്കാരത്തിന് അർഹമായത്. സാമൂഹികപ്രതിബദ്ധതയുടെ ഭാഗമായി ആശുപത്രിയെ പരിസ്ഥിതി സൗഹാർദ്ദമായി നിലനിർത്തി നടത്തുന്ന പ്രവർത്തനങ്ങളാണ് ഒന്നാം സ്ഥാനനേട്ടത്തിൽ എത്തിച്ചത്. നൂതനസംവിധാനങ്ങളോടെ മലിനീകരണം ഒഴിവാക്കുന്നതിനൊപ്പം ഊർജസംരക്ഷണത്തിനായും മാതൃക സൃഷ്ടിക്കുന്ന പദ്ധതികൾ ആശുപത്രിയിൽ നടപ്പിലാക്കാൻ സാധിച്ചു. ആശുപത്രി എൻജിനീയറിംഗ് വിഭാഗം മാനേജർ പോളി തോമസ്, കൺസൾട്ടന്റ് റോയി എം. തോമസ് എന്നിവരും അവാർഡ് ഏറ്റുവാങ്ങൽ ചടങ്ങിൽ പങ്കെടുത്തു.

**ദീപികയുടെ എക്സലൻസ് ഇൻ മെഡിക്കൽ സർവീസസ് ആൻഡ് ഹെൽത്ത് കെയർ അവാർഡ് മാർ സ്ലീവാ മെഡിസിറ്റിക്ക്**

ദീപികയുടെ 138-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി മികച്ച ആശുപത്രിക്കുള്ള എക്സലൻസ് ഇൻ മെഡിക്കൽ സർവീസസ് ആൻഡ് ഹെൽത്ത് കെയർ അവാർഡ് മാർ സ്ലീവാ മെഡിസിറ്റിക്ക് ലഭിച്ചു. പാലാ ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ പശ്ചിമബംഗാൾ ഗവർണർ ബഹു. ഡോ. സി.വി. ആനന്ദ ബോസിൽനിന്ന് ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ.ജോസഫ് കണിയോടിക്കൽ അവാർഡും ഫലകവും ഏറ്റുവാങ്ങി. ബഹു. മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിച്ചു. ചങ്ങനാശേരി അതിരൂപത ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തി. സാമൂഹിക സാംസ്കാരിക മേഖലയിൽ മികവു തെളിയിച്ച വിവിധ രംഗത്തുള്ളവർക്കും ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്തു.

**രോഗത്തോടുപൊരുതിയ യുവതിക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ അതിവേഗ ശസ്ത്രക്രിയ**

രക്തത്തിൽ പ്ലേറ്റ്ലെറ്റ് കുറയുന്ന രോഗത്തോടു പൊരുതുന്നതിനിടെ വീണു ഇടുപ്പെല്ലിൽ ഗുരുതര പരുക്കേറ്റ യുവതിയെ മാർ സ്ലീവാ മെഡിസിറ്റിയിൽ അതിവേഗ ശസ്ത്രക്രിയയിലൂടെ ജീവിതത്തിലേക്ക് തിരിച്ചെത്തിച്ചു. പ്ലേറ്റ്ലെറ്റ് കുറഞ്ഞ അവസ്ഥയിൽ അമിത രക്തസ്രാവം ഉണ്ടായാൽ അപകടസാധ്യത വരുമെന്നതിനാൽ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ 2 മണിക്കൂർ വേണ്ട ശസ്ത്രക്രിയ മുക്കാൽ മണിക്കൂറിനുള്ളിൽ പൂർത്തിയാക്കിയാണ് യുവതിയെ രക്ഷപ്പെടുത്തിയത്. ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ഒ.റ്റി. ജോർജിന്റെ നേതൃത്വത്തിൽ കൺസൾട്ടന്റുമാരായ ഡോ. ജോസഫ് ജെ. പുല്ലാട്ട്, ഡോ. റിക്കി രാജ്, അനസ്തേഷ്യോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ശിവാനി ബക്ഷി, അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. അജിത് പി. തോമസ് എന്നിവരും ശസ്ത്രക്രിയയിൽ പങ്കെടുത്തു.

**യുവതിയുടെ കഴുത്തിനുള്ളിൽനിന്ന് വലിയ മുഴ മാർ സ്ലീവാ മെഡിസിറ്റിയിൽ നീക്കം ചെയ്തു.**

യുവതിയുടെ കഴുത്തിനുള്ളിൽ സുഷുമ്ന നാഡിയെ ബാധിച്ച വലിയ മുഴ മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ 4 മണിക്കൂർ നീണ്ട ശസ്ത്രക്രിയയിൽ നീക്കം ചെയ്തു. അതിരമ്പുഴ സ്വദേശിനിയായ 46 വയസുകാരിയുടെ കഴുത്തിലാണ് അപൂർവ്വമായി വലിയ മുഴ കണ്ടെത്തിയത്. ശക്തമായ കൈവേദനയും, കൈയിൽ ബലക്കുറവും അനുഭവപ്പെട്ടതിനെത്തുടർന്നാണ് യുവതി ചികിത്സ തേടിയത്. തുടർന്നു നടത്തിയ വിശദമായ പരിശോധനയിലാണ് സ്പൈനൽ കോഡിനെ ഞെരുക്കുന്ന വിധത്തിൽ മുഴ വളരുന്നത് കണ്ടത്. 8 സെന്റിമീറ്ററിധികം വലുപ്പമുള്ള മുഴയാണ് വളർന്നുവന്നിരുന്നത്. സുഷുമ്ന നാഡിയിൽ ഇത്തരത്തിൽ ഉണ്ടാകുന്ന അപൂർവ്വ മുഴകൾ കൈകാലുകൾക്ക് തളർച്ചയും വേദനയും ഉണ്ടാക്കുന്നതാണ്. ന്യൂറോസർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സരീഷ് കുമാർ എം.കെയുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘമാണ് ശസ്ത്രക്രിയയിലൂടെ മുഴ പൂർണമായും നീക്കം ചെയ്തത്. അനസ്തേഷ്യോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. എബി ജോണും ശസ്ത്രക്രിയയിൽ പങ്കെടുത്തു. വേദനയും ബലക്കുറവും മാറി ആരോഗ്യത്തോടെ നടക്കാൻ തുടങ്ങിയ യുവതി സുഖം പ്രാപിച്ചു വീട്ടിലേക്കു മടങ്ങി.

**പരിസ്ഥിതിദിനം ആഘോഷിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പരിസ്ഥിതിദിനാചാരണം വിപുലമായ പരിപാടികളോടെ നടത്തി. പാലാ ഗവ. ആശുപത്രിയങ്കണത്തിൽ ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ വൃക്ഷത്തൈ നട്ടു. ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ.ഫാ. ജോസ് കീരഞ്ചിറ, ഗവ.ആശുപത്രി സൂപ്രണ്ട് ഡോ. ടി.പി. അഭിലാഷ്, നഗരസഭ കൗൺസിലർ ബിനു പുളിക്കകണ്ടം, ആർ.എം.ഒ.മാരായ ഡോ. അരുൺ. എം, ഡോ. രേഷ്മ സുരേഷ് എന്നിവർ പങ്കെടുത്തു. മാർ സ്ലീവാ മെഡിസിറ്റിയിൽ പരിസ്ഥിതി ബോധവൽക്കരണക്ലാസും നടത്തി. ആശുപത്രി നടത്തുന്ന പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളുടെ പ്രദർശനം, ഓരോ മണിക്കൂറിലും നറുക്കെടുപ്പിലൂടെ ഗാർഡിയൻ ഓഫ് എർത്ത് എന്ന പേരിൽ ഭാഗ്യശാലികളെ കണ്ടെത്തി തൈവിതരണം, ചോദ്യങ്ങൾക്കു ശരിയുത്തരം പറയുന്ന രോഗികൾക്കു തൈവിതരണം തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചു.

**നാച്ചുറോപ്പതി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.**

മാർ സ്ലീവാ മെഡിസിറ്റിയിലെ നാച്ചുറോപ്പതി വിഭാഗത്തിന്റെ നേതൃത്വത്തിൽ കോട്ടയം പ്രസ് ക്ലബ്ബുമായി സഹകരിച്ചു പത്രപ്രവർത്തകർക്കായി നാച്ചുറോപ്പതി മെഡിക്കൽ ക്യാമ്പ് നടത്തി. കോട്ടയം നഗരസഭ വൈസ് ചെയർമാൻ ബി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു. പ്രസ് ക്ലബ്ബ് പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. നാച്ചുറോപ്പതി ഫിസിഷ്യൻ ഡോ. വിഷ്ണു മോഹൻ, ഡോ. അഞ്ജു പോൾ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**ആരോഗ്യബോധവൽക്കരണ ക്ലാസ്സ് - ഏറ്റുമാനൂരിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഏറ്റുമാനൂർ സീനിയർ സിറ്റിസൺ അസോസിയേഷനിലെ അംഗങ്ങൾക്കായി ഹൃദയാരോഗ്യം എന്ന വിഷയത്തിൽ ആരോഗ്യബോധവൽക്കരണക്ലാസ്സ് നടത്തി. കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജെയിംസ് തോമസ് ക്ലാസ്സ് നയിച്ചു. അസോസിയേഷൻ പ്രസിഡന്റ് ഡോ. സോമൻ അധ്യക്ഷത വഹിച്ചു.

**ഫൈബ്രോസ്കാൻ മെഡിക്കൽ ക്യാമ്പ് - വലവൂർ ട്രിപ്പിൾ ഐടിയിൽ**

മാർ സ്ലീവാ മെഡിസിറ്റി ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ വലവൂർ ട്രിപ്പിൾ ഐഐഐടിയിൽ ഫാറ്റി ലിവറിനെക്കുറിച്ച് ബോധവൽക്കരണ ക്ലാസും ഫൈബ്രോസ്കാൻ മെഡിക്കൽ ക്യാമ്പും നടത്തി. സീനിയർ കൺസൾട്ടന്റ് ഡോ. രമേശ് എം. നേതൃത്വം നൽകി.

**ബോധവൽക്കരണക്ലാസ് - സെന്റ് തോമസ് കോളജിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കോളജിലെ വിമൺസ് സെൽ, ഐസിസി എന്നിവയുമായി സഹകരിച്ചു ഗാർഹിക പീഡനം തടയാം ആരോഗ്യം വീണ്ടെടുക്കാം എന്ന വിഷയത്തിൽ ബോധവൽക്കരണ സെമിനാർ നടത്തി. കോളജ് പ്രിൻസിപ്പൽ ഡോ. സിബി ജെയിംസ് ഉദ്ഘാടനം ചെയ്തു. മാർ സ്ലീവാ മെഡിസിറ്റി സൈക്കോളജി വിഭാഗം സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. എയ്ഞ്ചൽ തോമസ് ക്ലാസ്സ് നയിച്ചു.

**ബോധവൽക്കരണക്ലാസ് - അരുവിത്തുറയിൽ**

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ മെഡിക്കൽ സെന്ററിന്റെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് ഹൈസ്കൂളിൽ മഴക്കാലരോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി. ഫാമിലി മെഡിസിനിലെ ഡോ. സംഗീത എസ്. ക്ലാസ്സ് നയിച്ചു.

**ബോധവൽക്കരണക്ലാസും മെഡിക്കൽ ക്യാമ്പും - ഇടമറുകിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി, മാതൃവേദി, പിതൃവേദി, എസ്എംവൈഎം എന്നിവയുമായി സഹകരിച്ച് സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസും, മെഡിക്കൽ ക്യാമ്പും ഇടമറുക് സെന്റ് ആന്റണീസ് ചർച്ചിൽ നടത്തി. വികാരി റവ.ഫാ. ആന്റണി ഇരുവേലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഓങ്കോളജി വിഭാഗത്തിലെ ഡോ. സോൻസ് പോൾ നേതൃത്വം നൽകി.

**ബോധവൽക്കരണ ക്ലാസ് - കടപ്ലാമറ്റത്ത്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കടപ്ലാമറ്റം മേരി മാതാ പബ്ലിക് സ്കൂളിൽ പേരന്റിംഗ് എന്ന വിഷയത്തിൽ സൗജന്യബോധവൽക്കരണ ക്ലാസ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ഏയ്ഞ്ചൽ തോമസ് നേതൃത്വം നൽകി.

**കാൻസർ ബോധവൽക്കരണ ക്ലാസ് - മേവടയിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മേവട റസിഡന്റ്സ് അസോസിയേഷനുമായി സഹകരിച്ച് സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ് മേവട

റസിഡന്റ്സ് അസോസിയേഷൻ ഹാളിൽ നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ക്ലാസ് നയിച്ചു. ബഹു. റിട്ട. ജില്ല ജഡ്ജി ആർ. ഗോപാലകൃഷ്ണപിള്ള അധ്യക്ഷത വഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഹെൽത്ത് ടോക്ക് സീരീസ് ആരംഭിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഹ്യൂമൻ റിസോഴ്സസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ജീവനക്കാർക്കുവേണ്ടി ഹെൽത്ത് ടോക്ക് സീരീസ് ആരംഭിച്ചു. മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. പൾമണറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജെയ്സി തോമസ് ക്ലാസ് നയിച്ചു.

**സൗജന്യ യോഗാ ബോധവൽക്കരണ ക്ലാസ് – അരുവിത്തുറ കോളജിൽ**

അന്താരാഷ്ട്ര യോഗാദിനചാരണത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റി ആയുഷ് വിഭാഗത്തിന്റെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് കോളജിൽ യോഗ ബോധവൽക്കരണ ക്ലാസ് നടത്തി. ആയുർവേദവിഭാഗം കൺസൾട്ടന്റ് ഡോ. പൂജ ടി. അമൽ ക്ലാസ് നയിച്ചു.

**സൗജന്യ പിഎഫ്ടി പരിശോധന ക്യാമ്പ് – മാർ സ്ലീവാ മെഡിസിറ്റിയിൽ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പൾമനറി വിഭാഗത്തിന്റെ നേതൃത്വത്തിൽ ടി. സി.എസ് കുടുംബാംഗങ്ങൾക്കായി സൗജന്യ പിഎഫ്ടി പരിശോധന ക്യാമ്പ് നടത്തി.

**ഡോ. ജ്യോതിഷ് രാജ് ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി ജനറൽ മെഡിസിൻ വിഭാഗത്തിൽ അസോസിയേറ്റ് കൺസൾട്ടന്റായി ഡോ. ജ്യോതിഷ് രാജ് ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**
മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**അധ്യയനവർഷാരംഭപ്രാർത്ഥന**

പുതിയ അധ്യയനവർഷം ആരംഭിക്കുന്നതിന് ഒരുക്കമായി അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ജൂൺ 1 ശനിയാഴ്ച വിദ്യാർത്ഥികൾക്കായി അധ്യയന വർഷാരംഭപ്രാർത്ഥന നടത്തി. മുന്നൂറിലധികം കുട്ടികളും അവരുടെ മാതാപിതാക്കളും ചടങ്ങിൽ പങ്കെടുത്തു. റെക്ടർ വെരി. റവ. ഫാ. അഗസ്റ്റിൻ പാലക്കാപ്പറമ്പിലിന്റെ നേതൃത്വത്തിൽ തീർത്ഥാടനകേന്ദ്രത്തിലെ പത്തു വൈദികരും പ്രാർത്ഥനയിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികളുടെയും തലയിൽ കൈവച്ചു പ്രാർത്ഥിച്ചു. തുടർന്നു നടന്ന ദിവ്യകാരുണ്യ ആരാധനയ്ക്ക് റവ. ഫാ. ജീമോൻ പനച്ചിക്കൽ കരോട്ടു നേതൃത്വം നൽകി. റവ. ഫാ. അബ്രാഹം തകടിയേൽ കുട്ടികൾക്ക് ക്ലാസ്സെടുത്തു. എല്ലാ കുട്ടികൾക്കും സമ്മാനങ്ങളും നൽകി.

**വോളന്റിയേഴ്സ് മീറ്റിംഗ്**

വി. അൽഫോൻസാമ്മയുടെ തിരുനാളിന് ആത്മീയ ഒരുക്കമായി തീർത്ഥാടന കേന്ദ്രത്തിലെ വോളന്റിയർമാരുടെ ഒരു മീറ്റിംഗ് ജൂൺ 11 ചൊവ്വാഴ്ച നടത്തി. തീർത്ഥാടനകേന്ദ്രം അസി. റെക്ടർ റവ. ഫാ. ആന്റണി തോണക്കര അച്ചന്റെ പ്രാർത്ഥനയോടെ ശുശ്രൂഷ ആരംഭിച്ചു. മീറ്റിംഗിൽ റെക്ടർ വെരി റവ.ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ ആമുഖപ്രഭാഷണം നടത്തി. തീർത്ഥാടനകേന്ദ്രം അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ഗർവ്വാസീസ് ആനിത്തോട്ടത്തിൽ പൊതുനിർദ്ദേശങ്ങൾ നൽകി. തുടർന്ന് തീർത്ഥാടനകേന്ദ്രം റെക്ടർ വെരി. റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ ചർച്ചകൾക്കു നേതൃത്വം കൊടുക്കുകയും വോളന്റിയേഴ്സിന് ഐ.ഡി. കാർഡ് വിതരണം ചെയ്യുകയും ചെയ്തു. അതിനുശേഷം വോളന്റിയേഴ്സിനായി റവ. ഫാ. തോമസ് തോട്ടുങ്കൽ വി. കുർബ്ബാന അർപ്പിച്ചു. ഉച്ചഭക്ഷണത്തോടെ യോഗം അവസാനിച്ചു.

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**2024-25 വർഷത്തെ CTP കോഴ്സ് ആരംഭവും**

**2023-24 വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും**

2024-25 വർഷത്തെ CTP കോഴ്സ് പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ ഉദ്ഘാടനം ചെയ്തു. 2023-24 വർഷത്തിൽ CTP വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും അദ്ദേഹം നടത്തി. ജൂൺ 8, 17 തീയതികളിൽ നടന്ന CTP ക്ലാസ്സുകളിൽ ഡോ. റ്റി.സി. തങ്കച്ചൻ, റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ജൂലൈമാസത്തെ ക്ലാസ്സുകൾ:**

ജൂലൈ 13 ശനി Bible II -റവ. ഡോ. തോമസ് വടക്കേൽ

ജൂലൈ 16 ചൊവ്വ Media and its Importance in the Catechesis-
റവ. ഫാ. ജോർജ്ജ് നെല്ലിക്കുന്നുചെരിവുപുരയിടം

**സ്കൂൾ മതബോധന-സന്മാർഗപരിശീലനരംഗം**

പുതിയ അധ്യയനവർഷത്തിൽ ഇതര പാഠ്യവിഷയങ്ങളോടൊപ്പം നൽകേണ്ട മതബോധന-സന്മാർഗ പരിശീലനക്ലാസുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം നടത്തിവരുന്നു. 2024 ജൂൺ 20-ാം തീയതി മുതൽ എല്ലാ സ്കൂളുകളിലും മതബോധന-സന്മാർഗ പരിശീലനക്ലാസുകൾ ആരംഭിച്ചു.

**XI-ാം ക്ലാസിലെ അധ്യാപകസംഗമവും പാഠപുസ്തകപരിചയവും**

പതിനൊന്നാം ക്ലാസിലെ അധ്യാപകർക്കുള്ള അധ്യാപകസംഗമവും പുസ്തകപരിചയവും ജൂൺ 16 ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ച് 9:30 AM മുതൽ 4:00 PM വരെ നടത്തപ്പെട്ടു. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട അധ്യാപകസംഗമത്തിൽ ശ്രീ ജോസുകുട്ടി ഇലവനാൽതൊടുകയിൽ ക്ലാസ്

നയിച്ചു. പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളും ചർച്ചകൾക്കു വിധേയമാക്കുകയുണ്ടായി.

**പ്രഥമാധ്യാപകസമ്മേളനം**

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും സമ്മേളനം 2024 ജൂൺ ആറാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിമുതൽ നാലുമണിവരെ പാലാ അരുണാപുരത്തുള്ള പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടത്തപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ഫാ. ജോസഫ് മലേപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ശ്രീ അനിയൻകുഞ്ഞുസാർ ക്ലാസ് നയിച്ചു. പാലാ രൂപത കോർപ്പറേറ്റ് എജ്യൂക്കേഷണൽ സെക്രട്ടറി റവ. ഫാ. ജോർജ് പുല്ലുകാലായിൽ, വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ എന്നിവർ സംസാരിച്ചു. ബ്ര. ദേവസ്യ നടൂപ്പറമ്പിൽ കൃതജ്ഞത പറഞ്ഞു.

**തിരുബാലസഖ്യം ആനിമേറ്റർമാരുടെ സമ്മേളനം**

ഒന്നുമുതൽ നാലുവരെയുള്ള വിശ്വാസപരിശീലനക്ലാസുകളിലെ കുട്ടികൾക്കായുള്ള തിരുബാലസഖ്യം സംഘടനയുടെ ആനിമേറ്റർമാരുടെ സമ്മേളനം ഭരണങ്ങാനം S.H ഗേൾസ് ഹൈസ്കൂളിൽ വച്ച് 2024 ജൂൺ എട്ടാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമുതൽ നാലുവരെ നടത്തപ്പെട്ടു. തിരുബാലസഖ്യം ഡയറക്ടർ റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രഭാഷണം നടത്തി. ഡോ. അലക്സ് കാവുകാട്ട് ഓറിയന്റേഷൻ ക്ലാസ് നയിച്ചു. സമ്മേളനത്തിന്റെ സമാപനത്തിൽ ഡയറക്ടറച്ചൻ സംഘടനാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആനിമേറ്റർമാരുടെ സംശയങ്ങൾക്കു മറുപടി നൽകുകയും സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്തു.

**രൂപത വിശ്വാസപരിശീലനദിനം**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾദിനമായ ജൂലൈ 3-ാം തീയതി രൂപത വിശ്വാസപരിശീലനദിനമായി ആചരിക്കുന്നു. അന്നേദിവസംതന്നെ ചെറുപുഷ്പമിഷൻ ലീഗ്, തിരുബാലസഖ്യം എന്നീ സംഘടനകളുടെ അംഗത്വസ്വീകരണവും അംഗത്വനവീകരണവും യൂണിറ്റുതലത്തിൽ നടത്തപ്പെടുന്നതാണ്.

**രൂപത പ്രൊമോട്ടേഴ്സ് ടീം മീറ്റിങ്**

രൂപത പ്രൊമോട്ടേഴ്സ് ടീം മീറ്റിംഗ് ജൂലൈ 14 ഞായറാഴ്ച 2:30 pm ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നതാണ്.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

## 1. Night vigil

അഹമ്മദാബാദ് സെന്റ് തോമസ് ഇടവകയിൽ ജൂൺ 14 രാത്രി 8 മണി മുതൽ രാത്രി 11 മണി വരെ നൈറ്റ് വിജിൽ നടത്തപ്പെട്ടു. ഇടവകവികാരി റവ. ഫാ. മാത്യു പുതിയിടത്ത് നൈറ്റ് വിജിലിനു നേതൃത്വം നൽകി.

**2. അഭിനന്ദനങ്ങൾ**

രാജ്ക്കോട്ട് രൂപതയിൽ ഏപ്രിൽ 15 മുതൽ മേയ് 31 വരെ നടത്തിയ Intensive Gujarathi Language Course-ൽ റവ. ഫാ. മാത്യു പുതിയിടത്തു പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

**3. ഫാദേഴ്സ് ഡേ**

ബാറുച്ച് സെന്റ് തോമസ് ഇടവകയിൽ പിതൃദിനാചരണത്തിന്റെ ഭാഗമായി യുവജനങ്ങളുടെ ആഭിമുഖ്യത്തിൽ ഇടവകയിലെ എല്ലാ പിതാക്കന്മാരെയും ആദരിച്ചു.

**4. വിശ്വാസപരിശീലന അധ്യയനവർഷ ഉദ്ഘാടനം**

വിശ്വാസപരിശീലനത്തിന്റെ പുതിയ അധ്യയനവർഷ ഉദ്ഘാടനം ജൂൺ 16 ഞായറാഴ്ച സൂററ്റ് സെന്റ് തോമസ് ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ഷംഷാബാദ് രൂപത വികാരി ജനറാൾ മോൺ. അബ്രാഹം പാലത്തിങ്കൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

**ഫാ. ജോർജ് നെല്ലിക്കൽ** (റീജണൽ സെക്രട്ടറി)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ജൂൺമാസത്തെ എക്സിക്യൂട്ടീവ് യോഗം ജൂൺ 2 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി യോഗത്തിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മേയ്മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ജൂൺമാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുകയും ചെയ്തു. യോഗം ജൂൺ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു.

**സെക്രട്ടറിയേറ്റ് മീറ്റിങ്ങ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ ജൂൺമാസത്തെ സെക്രട്ടറിയറ്റ് മീറ്റിങ് ജൂൺ 1 ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു.

**പ്രവർത്തനവർഷ ഉദ്ഘാടനം**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ 2024-2025 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം മിഷൻലീഗ് കുറവിലങ്ങാട് മേഖലയുടെ ആതിഥേയത്വത്തിൽ 2024 ജൂൺമാസം 23-ാം തീയതി ഞായറാഴ്ച കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ദൈവാലയത്തിൽ വച്ചു നടന്നു. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനകർമ്മം നിർവഹിച്ചു. ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി.

ജോണി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ദൈവാലയത്തിന്റെ ആർച്ചുപ്രീസ്റ്റും മിഷൻലീഗ് കുറവിലങ്ങാട് മേഖല രക്ഷാധികാരിയുമായ റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ അനുഗ്രഹപ്രഭാഷണം നടത്തി. സമ്മേളനത്തിൽ മിഷൻലീഗ് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രഭാഷണം നടത്തി. മിഷൻ ലീഗ് കുറവിലങ്ങാട് മേഖല ഡയറക്ടർ റവ.ഫാ. ആന്റണി വാഴക്കാലായിൽ, മിഷൻ ലീഗ് സംസ്ഥാന ജനറൽ ഓർഗനൈസർ ശ്രീ തോമസ് സെബാസ്റ്റ്യൻ അടുപ്പുകല്ലുങ്കൽ, രൂപത വൈസ് ഡയറക്ടർ സി. ഡോ. മോനിക്ക എസ്.എച്ച്., മിഷൻലീഗ് കുറവിലങ്ങാട് മേഖല പ്രസിഡന്റ് ശ്രീ ഡിബിൻ ഡോമിനിക് വാഴപ്പറമ്പിൽ, മേഖല ജോയിന്റ് ഡയറക്ടർ സി. റോസ്‌ലിൻ തോമസ് എസ്.സി. വി, മിഷൻലീഗ് രൂപത ജനറൽ ഓർഗനൈസർ ശ്രീ അമൽ സെബാസ്റ്റ്യൻ വാക്കാട്ടിൽപുത്തൻപുരയിൽ എന്നിവർ പ്രസംഗിച്ചു. രൂപതയിലെ വിവിധ ശാഖകളിൽനിന്നെത്തിയ നൂറുകണക്കിന് മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്ത പ്രേഷിതറാലിയും സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു.

**വൈസ് ഡയറക്ടർമാരുടെ സമ്മേളനവും മാർഗ്ഗരേഖപ്രകാശനവും**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ വൈസ് ഡയറക്ടർമാരുടെ സമ്മേളനവും മാർഗരേഖപ്രകാശനവും നടന്നു. 2024 ജൂൺ മാസം എട്ടാം തീയതി ശനിയാഴ്ച ഭരണങ്ങാനം സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ വച്ചാണ് സമ്മേളനം നടന്നത്. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ 2024–2025 പ്രവർത്തനവർഷത്തെ മാർഗരേഖ ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണിക്കു കൈമാറി പ്രകാശനം ചെയ്തു. മിഷൻലീഗ് ദേശീയ റീജിയണൽ ഓർഗനൈസർ ശ്രീ ബെന്നി മുത്തനാട്ട്, മാർ സ്ലീവാ മെഡിസിറ്റിയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ റവ. ഫാ. മാത്യു ചേന്നാട്ട് എന്നിവർ വൈസ് ഡയറക്ടർമാർക്കായി ക്ലാസുകൾ നയിച്ചു. രൂപത സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ മാർഗരേഖ പരിചയപ്പെടുത്തി സംസാരിച്ചു.

**ജീവദർശൻ കോഴ്സ്**

സി.ടി.പി. പാസ്സായ വിശ്വാസപരിശീലകർക്കായി ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത സംഘടിപ്പിക്കുന്ന ജീവദർശൻ കോഴ്സ് ജൂലൈ മാസം 13–ാം തീയതി ആരംഭിക്കും. കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിശ്വാസപരിശീലകർ 2024 ജൂലൈ മാസം ഒന്നാം തീയതിക്കുമുമ്പായി രൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ പേര് നൽകുവാൻ ശ്രദ്ധിക്കുക.

**ക്ലാസ്സ് നയിച്ചു**

ചെറുപുഷ്പ മിഷൻലീഗ് വിജയപുരം രൂപതയുടെ 2024–2025 പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനം കുറിച്ചി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ വച്ച് 2024 ജൂൺ മാസം പതിനാറാം തീയതി നടന്നു. മിഷൻലീഗ് പാലാ രൂപത വൈസ് ഡയറക്ടർ സി. ഡോ. മോനിക്ക എസ്.എച്ച്. മിഷൻ ലീഗ് അംഗങ്ങൾക്കായി ക്ലാസ് നയിച്ചു.

## മേഖലാവാർത്തകൾ

**ഭരണങ്ങാനം മേഖല**

**മേഖല എക്സിക്യൂട്ടീവ്**

ജൂൺ മാസത്തെ എക്സിക്യൂട്ടീവ് യോഗം ജൂൺ 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മേഖല ഓഫീസിൽ വച്ചു നടത്തപ്പെട്ടു. 2024-2025 പ്രവർത്തനവർഷത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് യോഗം വിശദമായി ചർച്ച ചെയ്തു.

**പ്രവർത്തനവർഷ ഉദ്ഘാടനം**

മേഖലയുടെ 2024-25 പ്രവർത്തനവർഷ ഉദ്ഘാടനം ജൂലൈ 21 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു.

**തീക്കോയി മേഖല**

തീക്കോയി മേഖലയുടെ മേഖല മാനേജിങ് കമ്മിറ്റി ജൂൺ 30 ഞായറാഴ്ച 2.30 ന് നടത്തി. മേഖലയിലെ എല്ലാ ശാഖകളും സന്ദർശിക്കുവാൻ തീരുമാനിച്ചു.

**കുറവിലങ്ങാട് മേഖല**

2/06/2024 മേഖല എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി.

8/06/2024 രൂപത വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ മേഖല വൈസ് ഡയറക്ടർ സി. റോസ്‌ലിൻ തോമസ് പങ്കെടുത്തു.

13/06/2024 CML മേഖല ഡയറക്ടർ റവ.ഫാ. ആന്റണി വാഴക്കാലായിലിന് തിരുനാൾ ആശംസകൾ അർപ്പിച്ചു.

30/06/2024 ന് മേഖലയിലെ എല്ലാ ശാഖകളിലെയും ഹെഡ്മാസ്റ്റർ, വൈസ് ഡയറക്ടേഴ്സ് എന്നിവരുടെ മീറ്റിങ് നടത്താൻ തീരുമാനിച്ചിരിക്കുന്നു.

**ഇലഞ്ഞി മേഖല**

**എയ്ഞ്ചൽസ് മീറ്റ്**

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കായി ചെറുപുഷ്പമിഷൻ ലീഗ് ഇലഞ്ഞിമേഖലയുടെ ആഭിമുഖ്യത്തിൽ 2024 മേയ് മാസം 26-ാം തീയതി മുത്തോലപുരം ഇടവകദൈവാലയത്തിൽവച്ച് എയ്ഞ്ചൽസ് മീറ്റ് സംഘടിപ്പിച്ചു.

**അരുവിത്തുറ മേഖല**

1. ചെറുപുഷ്പ മിഷൻലീഗ് അരുവിത്തുറ മേഖല ഡയറക്ടറായി അരുവിത്തുറ ഫൊറോന അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് കദളിയിൽ, വൈസ് ഡയറക്ടർ ആയി സി. റാണിറ്റ് തേക്കുംകാട്ടിൽ SABS എന്നിവർ നിയമിതരായി.
2. CML അരുവിത്തുറ മേഖല എക്സിക്യൂട്ടീവ് മീറ്റിങ് ജൂൺ 9 ഞായറാഴ്ച 3.30 pm ന് നടത്തപ്പെട്ടു. പ്രസിഡന്റ് ടോം ജോസ് ഒട്ടലാങ്കൽ അധ്യക്ഷത വഹിച്ചു.
3. ചെറുപുഷ്പ മിഷൻലീഗ് അരുവിത്തുറമേഖലയുടെ 2024-2025 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം അരുവിത്തുറ സെന്റ് ജോർജ് ഫൊറോനദൈവാലയത്തിൽ വച്ച് 2024 ജൂൺ 30 ഞായറാഴ്ച നടത്തി.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**ആനിമേറ്റേഴ്സ് മീറ്റ്**

കെ.സി.എസ്.എൽ ആനിമേറ്റേഴ്സ് മീറ്റ് ജൂൺ 15 ശനിയാഴ്ച പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് രാവിലെ 9.30 മുതൽ 12.30 വരെ നടത്തപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കെ.സി.എസ്.എൽ അസി. ഡയറക്ടർ ഫാ. തോമസ് പുതുപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. കെ.സി.എസ്.എൽ ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽ ആമുഖപ്രഭാഷണം നടത്തി. കെ.സി.എസ്.എൽ എക്സിക്യൂട്ടീവംഗം ജോഷി ജോർജ് കൃതജ്ഞത അർപ്പിച്ചു. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകൻ ഷാജി സി.എം. ആനിമേറ്റേഴ്സിന് ക്ലാസ്സ് എടുത്തു. 120 ആനിമേറ്റർമാർ മീറ്റിംഗിൽ പങ്കെടുത്തു.

അന്നേദിവസം മൂന്നു വർഷത്തേക്കുള്ള 15 അംഗ എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പും നടത്തുകയുണ്ടായി. പ്രസിഡന്റായി ജിജോ മാത്യു (അരുവിത്തുറ സെന്റ് ജോർജ് എച്ച്.എസ്.എസ്), ജനറൽ ഓർഗനൈസർ ആയി സോജൻ കെ.ജെ (കുറുപ്പന്തറ സെന്റ് സേവ്യേഴ്സ് വി.എച്ച്.എസ്.എസ്), വൈസ് പ്രസിഡന്റായി സ്നേഹ ജോസഫ് (സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്, പാലാ) ട്രഷറർ ആയി സി. ജെയിൻ റോസ് സി.എം.സി (ഇലഞ്ഞി സെന്റ് പീറ്റേഴ്സ് എച്ച്.എസ്.എസ്) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

**സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റ്**

ഈ വർഷത്തെ സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റ് എറണാകുളം കച്ചേരിപ്പടി ഇ.എസ്.എസ്.എസ്. ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 15 ശനിയാഴ്ച നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്ന് മൂന്ന് ആനിമേറ്റർമാർ പങ്കെടുത്തു.

**കളരി മികച്ച ഹൗസ് മാഗസിൻ**

2022 – 23 വർഷത്തെ മികച്ച ഹൗസ് മാഗസിനായി പാലാ രൂപതയുടെ പ്രസിദ്ധീകരണമായ 'കളരി' തിരഞ്ഞെടുക്കപ്പെട്ടു.

**പ്രവർത്തനവർഷ ഉദ്ഘാടനം**

ഈ വർഷത്തെ കെ.സി.എസ്.എൽ. പ്രവർത്തനവർഷ ഉദ്ഘാടനം പാലാ കാർമൽ പബ്ളിക് സ്കൂളിൽ വച്ച് ജൂൺ 21 വെള്ളിയാഴ്ച നടത്തപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

**കളരി വിതരണം ചെയ്തു**

ഈ വർഷത്തെ കളരി ആദ്യലക്കം ജൂൺമാസം സ്കൂളുകളിൽ വിതരണം ചെയ്തു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)
**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. 'ദൂത്' ജൂബിലിവിളംബരയാത്ര സമാപിച്ചു**

കരുത്തായി, കരുതലായി കൂടെനിന്നവർക്കും സ്വീകരിച്ചവർക്കും പരിഗണിച്ചവർക്കും, ഒരായിരം നന്ദി.

**2.** കെസിവൈഎം ഇരിഞ്ഞാലക്കുട രൂപതയുടെ ഓൾ കേരള മാർഗംകളി മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ കുറവിലങ്ങാട് യൂണിറ്റിന് അഭിനന്ദനങ്ങൾ!

**3. അർദ്ധവാർഷിക സെനറ്റ്**

2024 പ്രവർത്തനവർഷത്തെ അർദ്ധവാർഷികസെനറ്റ് ഉാലം പുത്തൻ പള്ളിയിൽ വച്ച് ജൂൺ 1, 2 തീയതികളിൽ നടത്തപ്പെട്ടു. രൂപതയിലെ 17 ഫൊറോനയിലെയും ഭാരവാഹികളും ഡയറക്ടറച്ചന്മാരും മീറ്റിങ്ങിൽ പങ്കെടുത്തു. യോഗം രൂപതയുടെ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു.

**4.** കെ.സി.വൈ.എം ന്റെ സംസ്ഥാന ക്യാമ്പിൽ രൂപതയിൽനിന്നു യുവജനങ്ങൾ പങ്കെടുത്തു.

**5. എക്സിക്യൂട്ടീവ് മീറ്റിങ്**

രൂപതയുടെ ആറുമാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും ചർച്ച ചെയ്യുവാനും പുതിയ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുവാനുമായി എക്സിക്യൂട്ടീവ് മീറ്റിങ് കൂടി.

**6. പരിസ്ഥിതിദിനാഘോഷം**

പരിസ്ഥിതിദിനാഘോഷത്തോടനുബന്ധിച്ച് രൂപത ഭാരവാഹികൾ അവരവരുടെ ഭവനത്തിൽ വൃക്ഷത്തൈ നട്ട് മാതൃകയായി.

**7. പ്രതിഷേധം രേഖപ്പെടുത്തി**

വിശ്വാസം അവഹേളിക്കുന്ന തരത്തിലുള്ള പോസ്റ്ററുകൾ പ്രദർശിപ്പിച്ചതിനെതിരേ യുവജനപ്രസ്ഥാനം പ്രതിഷേധം രേഖപ്പെടുത്തി.

**8. ഈശോയുടെ തിരുഹൃദയത്തിരുനാൾ ആഘോഷം**

ഈശോയുടെ തിരുഹൃദയത്തിരുനാൾ ആശംസകൾ രൂപത എല്ലാ യുവജനങ്ങളെയും അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**9. ആശംസകൾ**

എസ്.എം.വൈ.എം. സംസ്ഥാനസമിതിയുടെ തിരഞ്ഞെടുപ്പിൽ സംസ്ഥാന വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാലാ രൂപത, പാലാ ഫൊറോന അംഗം അഡ്വ. പ്രതീക്ഷ രാജനും സംസ്ഥാന ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട പാലാ രൂപത, ഇലഞ്ഞി ഫൊറോന അംഗം ശ്രീ നിഖിൽ ഫ്രാൻസിസിനും രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

**10. ആശംസകൾ നേർന്നു**

കേന്ദ്രസഹമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത പാലാ രൂപതാംഗമായ ശ്രീ

ജോർജ് കുര്യന് എസ്.എം.വൈ.എം പാലാ രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

**11.** എസ്.എം.വൈ.എം. പാലാ രൂപത സുവർണ്ണജൂബിലിസ്മാരകവൃക്ഷം സീറോ മലബാർ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന് കൈമാറുകയും സഭാ ആസ്ഥാനത്ത് നടുകയും ചെയ്തു.

**12. റീൽസ് കോമ്പറ്റീഷൻ**

SMYM-KCYM പാലാ രൂപതയുടെ സുവർണ്ണജൂബിലിസമാപനത്തോടനുബന്ധിച്ച് യൂണിറ്റ് – ഫൊറോന തലത്തിൽ റീൽസ് കോമ്പറ്റീഷൻ നടത്തപ്പെട്ടു.

**13. പ്രാർത്ഥനാഞ്ജലികൾ**

കുവൈറ്റ് ലേബർ ക്യാമ്പിലെ തീപ്പിടിത്തത്തിൽ മരണമടഞ്ഞ പ്രിയ സഹോദരങ്ങൾക്ക് എസ്.എം.വൈ.എം. പാലാ രൂപതാകുടുംബത്തിന്റെ കണ്ണീരിൽ കുതിർന്ന പ്രാർത്ഥനാഞ്ജലികൾ!

**14. യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം മൂന്നാം ഘട്ടം**

യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന് മൂന്നാംഘട്ട ക്ലാസ്സ് കുറവിലങ്ങാട് ഫൊറോനയിൽ കൂടല്ലൂർ യൂണിറ്റിൽ വച്ചു നടത്തപ്പെട്ടു.

**15. സീനിയേഴ്സ് മീറ്റ്**

എസ്.എം.വൈ.എം–കെ.സി.വൈ.എം. യുവജനപ്രസ്ഥാനത്തെ നെഞ്ചോട് ചേർത്തുവച്ച് 50 വർഷക്കാലം പ്രവർത്തിച്ച രൂപത ഭാരവാഹികളുടെ മീറ്റിങ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

**16. 'മറുപടി' മുഖപത്രം**

യുവജനപ്രസ്ഥാനത്തിന്റെ മുഖപത്രമായ മറുപടിമാഗസിന്റെ രണ്ടാം പതിപ്പ് പ്രകാശനം ചെയ്തു.

**17. തോമസ് മൂർ ദിനാചരണം**

കെസിവൈഎം സ്വർഗീയമധ്യസ്ഥനായ തോമസ് മൂറിന്റെ ദിനാചരണം നടത്തി.

**18.** KCYM സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ 32 രൂപതാ ഭാരവാഹികൾക്ക്, അല്ലെങ്കിൽ വരുംകാലങ്ങളിൽ നേതൃത്വത്തിലേക്കു വരാൻ സാധ്യതയുള്ള നേതാക്കന്മാർക്കുവേണ്ടി തിരുവനന്തപുരത്ത് തിരുവനന്തപുരം ലാറ്റിൻ സമിതിയുടെ നേതൃത്വത്തിൽ കെസിവൈഎം സംസ്ഥാനസമിതിയുടെ ലീഡർഷിപ്പ് ട്രെയിനിങ് പ്രോഗ്രാം നടന്നു. കെസിബിസി യൂത്ത് കമ്മീഷൻ ചെയർമാൻ റൈറ്റ് റവ.ഡോ. ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ തിരുവനന്തപുരത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയിട്ട് സംഘടനയെക്കുറിച്ച് അറിയാൻ തുടങ്ങിയ കാര്യങ്ങൾ ക്ലാസ്സുകൾ നടന്നു. പാലാ രൂപതയിൽനിന്ന് കടുത്തുരുത്തി, മൂലമറ്റം എന്നീ യൂണിറ്റുകളിലെ അംഗങ്ങൾ പങ്കെടുത്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**പുനസ്സമർപ്പണം**

പന്തക്കുസ്താദിനത്തിൽ പുനസ്സമർപ്പണം നടത്താൻ സാധിക്കാത്തവർക്കായി 2024 ജൂൺ 9 ഞായറാഴ്ച പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പുനസ്സമർപ്പണം നടത്തപ്പെട്ടു. പാലാ ജീസസ് യൂത്ത് ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിയിലാണ് പ്രാർത്ഥനകൾക്കു നേതൃത്വം നൽകിയത്.

**വൈകുന്നേരകൂട്ടായ്മ**

പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ 2024 ജൂൺ 8 രണ്ടാം ശനിയാഴ്ച വൈകുന്നേരം 7 മണിമുതൽ 10 മണിവരെ പാലാ സോണിലെ വിവിധ പ്രായത്തിലുള്ള ജീസസ് യൂത്ത് അംഗങ്ങൾക്കായി വൈകുന്നേരകൂട്ടായ്മ നടത്തപ്പെട്ടു. ആഴമായ കൂട്ടായ്മയിലും ദൈവസ്നേഹാനുഭവത്തിലും വളരുന്ന വിധത്തിലുള്ളതായിരുന്നു ഈ കൂട്ടായ്മ. ഏകദേശം നാല്പതോളം ജീസസ് യൂത്ത് അംഗങ്ങൾ ഒന്നുചേർന്നു. പാലാ കാർമൽ സ്കൂളിൽവച്ചാണ് ഈ പ്രോഗ്രാം നടത്തപ്പെട്ടത്. ആദ്യകാല ജീസസ് യൂത്ത് കോഡിനേറ്റർ ആയ രാജൻ ചേട്ടൻമുതൽ നിലവിലെ കോർഡിനേറ്റർമാരായ ഷിബ്രീസ് വരെയടങ്ങിയ പല പ്രായത്തിലുള്ള അംഗങ്ങൾ ഒന്നുചേർന്ന കൂട്ടായ്മയായിരുന്നു കഴിഞ്ഞത്.

**ആർമി ഫോർ ടീൻസ്**

പാലാ ജീസസ് യൂത്ത് ടീൻസ് ടീമിന്റെ നേതൃത്വത്തിൽ കൗമാരക്കാർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിന് ആർമി ഫോർ ടീൻസ് എന്ന വാട്സാപ്പ് ഗ്രൂപ്പ് തുടങ്ങി. ഓരോ ദിവസവും ഏതാനും വിദ്യാർത്ഥികളെ ഈശോയ്ക്കു സമർപ്പിച്ചുകൊണ്ട് അവർക്കായി ഒരു ചെറിയ പ്രാർത്ഥന ചൊല്ലുന്ന വാട്സ് ആപ്പ് ഗ്രൂപ്പാണിത്.

**പോൾ കോഴ്സ്**

2024 ജൂൺ 9 ഞായറാഴ്ച പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി കൗൺസലിങ് സെന്ററിൽ വച്ച് ജീസസ് യൂത്ത് ഫോർമേഷൻ കോഴ്സായ പോൾ കോഴ്സിന്റെ ഒന്ന്, രണ്ട് ഭാഗങ്ങൾ നടത്തപ്പെട്ടു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി ഏകദേശം 50 പേർ ഈ ഫോർമേഷൻ കോഴ്സിൽ പങ്കെടുത്തു.

**ഫോർ മൈ ഫ്രണ്ട്**

ജീസസ് യൂത്ത് പാലാ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ വിവിധ സ്കൂളുകളിൽ പഠിക്കുന്ന നിർധനരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ പുസ്തകങ്ങളും ബാഗും മറ്റും വാങ്ങി നൽകുന്നതിനായി ഫോർ മൈ ഫ്രണ്ട് എന്ന പേരിൽ പണം സ്വീകരിച്ചു വിദ്യാർത്ഥികൾക്കായി നൽകി. ഏകദേശം 12 സ്കൂളുകളിലെ വിദ്യാർത്ഥികളെ ഇതിലൂടെ സഹായിക്കാനായി. വിശുദ്ധ ബൈബിളിലെ നല്ല സമറായന്റെ ഉപമപോലെ തങ്ങളെക്കൊണ്ടാവുന്നവിധത്തിൽ മറ്റുള്ളവരെ സഹായിക്കാൻ ഈ സംരംഭത്തിലൂടെ കഴിഞ്ഞു.

### Aviv

2024 ജൂൺ എട്ടിന് പാലാ കാർമൽ പബ്ലിക് സ്കൂളിൽ വച്ച് രണ്ടാം ശനിയാഴ്ച കൂട്ടായ്മ നടത്തപ്പെട്ടു. സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കായി രണ്ടിടങ്ങളിലായാണ് പ്രോഗ്രാം നടത്തപ്പെട്ടത്. പാലാ ജീസസ് യൂത്ത് ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിയിൽ പ്രോഗ്രാമിനു നേതൃത്വം നൽകി. ക്രിസ്തു എനിക്ക് ആരാണെന്നും എങ്ങനെ ഈശോയെ എന്റെ ജീവിതത്തിലൂടെ മറ്റുള്ളവർക്കു പകർന്നുകൊടുക്കാമെന്നും, എങ്ങനെ ഒരു നല്ല മിഷണറിയായിത്തീരാമെന്നും പങ്കുവയ്ക്കുന്ന രീതിയിലുള്ള പ്രോഗ്രാമുകളും ക്ലാസ്സുകളുമാണു നടത്തപ്പെട്ടത്. ഏകദേശം എഴുപതോളം വിദ്യാർത്ഥികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു.

### നൈറ്റ് വിജിൽ

2024 ജൂൺ 7 ആദ്യവെള്ളിയാഴ്ച പാലാ ളാലം പുത്തൻപള്ളിയിൽ വച്ച് വൈകുന്നേരം ഏഴരമുതൽ ജൂൺ 8 രാവിലെ 6 മണിവരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്നുചേർന്നു പ്രാർത്ഥിച്ചു. ഈ കൂട്ടായ്മയിലൂടെ വചനം പഠിക്കുകയും പങ്കുവയ്ക്കുകയും ജീവിതാനുഭവങ്ങൾ കർത്താവിന്റെകൂടെ ആയിരുന്നുകൊണ്ടു മറ്റുള്ളവർക്കു പകർന്നുനൽകുകയും ചെയ്തു.

### ഹോളി വിങ്സ്

പാലാ ജീസസ് യൂത്ത് ടീൻസ് ടീമിന്റെ നേതൃത്വത്തിൽ വിളക്കുമാടം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിൽവച്ച് 2024 ജൂൺ 19 ന് ഹോളി വിങ്സ് എന്ന പേരിൽ പ്രോഗ്രാം നടത്തപ്പെട്ടു. ആഴമായ ദൈവസ്നേഹാനുഭവത്തിലും വിശുദ്ധിയിലും കൗമാരക്കാരെ വളർത്തുന്ന വിധത്തിലുള്ളതായിരുന്നു ഈ ഒരു മണിക്കൂർ പ്രോഗ്രാം. പാലാ സോൺ ജീസസ് യൂത്ത് ആനിമേറ്റർ സിസ്റ്റർ ലിസ്മരിയാ സി.എം.സിയും, ടീൻസ് ടീം ആനിമേറ്റർ സി. ആൻഞ്ചോ സി.എം.സി.യും പ്രോഗ്രാമിനു നേതൃത്വം നൽകി. എഴുപതോളം കൗമാരക്കാർ ഒന്നിച്ചുചേർന്ന ഈ പ്രോഗ്രാം ഏറെ മനോഹരമായിരുന്നു.

### ടീച്ചേഴ്സ് ഗാതറിങ്

2024 മേയ് 26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ടീച്ചേഴ്സ് ഗാതറിങ് നടത്തപ്പെട്ടു. പാലായുടെ വിവിധ ഭാഗങ്ങളിൽനിന്നായി ഏകദേശം ഇരുപതോളം അധ്യാപകരും അധ്യാപകവിദ്യാർത്ഥികളും പങ്കെടുത്തു. പാലാ ജീസസ് യൂത്ത് ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കപ്പള്ളിൽ, പ്രൊഫഷണൽ ടീം ആനിമേറ്റർ സിസ്റ്റർ റെജിൻ എസ്.എ.ബി.എസ് തുടങ്ങിയവർ ഈ ഗ്യാതറിങ്ങിനു നേതൃത്വം നൽകി.

### മംഗളവാർത്താധ്യാനം

പാലാ രൂപത മംഗളവാർത്ത ടീമിന്റെയും ജീസസ് യൂത്തിന്റെയും നേതൃത്വത്തിൽ കുഞ്ഞുങ്ങളുള്ളവരും കുഞ്ഞുങ്ങളെ ഉദരത്തിൽ സ്വീകരിച്ചവരും സ്വീകരിക്കാൻ ഒരുങ്ങുന്നവരുമായ ദമ്പതികൾക്കായി മംഗളവാർത്താധ്യാനം നടത്തപ്പെട്ടു

2024 ജൂൺ 16 മുതൽ 23 വരെ ഓൺലൈനിലാണ് ഈ ധ്യാനം നടത്തപ്പെട്ടത്. ഫാ. കുര്യൻ മറ്റം, ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ തുടങ്ങിയവർ ധ്യാനത്തിനു നേതൃത്വം നൽകി. ഡോക്ടർമാർ, സിസ്റ്റേഴ്സ്, വചനപ്രഘോഷകർ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ധ്യാനം ഏറെ അനുഭവവേദ്യമായിരുന്നു.

**പാരിഷ് കോർ ടീം കൂട്ടായ്മ**

2024 ജൂൺ 17 ന് പാലാ ഷലോം പാസ്റ്ററൽ സെൻറിൽ വച്ച് വിവിധ ഇടവകകളിലെ ജീസസ് യൂത്തിന്റെ കോർ ടീം അംഗങ്ങൾക്കായി കൂട്ടായ്മ നടത്തപ്പെട്ടു. ഏകദേശം 33 അംഗങ്ങൾ ഈ കൂട്ടായ്മയിൽ പങ്കെടുത്തു. ഓരോ കോർ ടീം അംഗവും താനനുഭവിച്ച ക്രിസ്താനുഭവം മറ്റുള്ളവരുമായി പങ്കുവച്ചു.

**മധ്യസ്ഥപ്രാർത്ഥന**

എല്ലാ ദിവസവും വൈകുന്നേരം 8:30 ന് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ സോണിന്റെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. പാലാ സോൺ ഒന്നിച്ചു നയിക്കുന്ന ഈ പ്രാർത്ഥന അനേകരെ യേശുവിലേക്ക് അടുപ്പിച്ചു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 നു ളാലം പള്ളിയിലെ മിനിഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്.

**ഓൺലൈൻ പ്രയർ മീറ്റിങ്**

എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 8.30 മുതൽ 10.30 വരെ സൂം പ്ലാറ്റ്ഫോമിൽ ഓൺലൈൻ പ്രയർ മീറ്റിങ് നടത്തപ്പെടുന്നു. ഈശോയുടെ ഒപ്പം, അവിടുത്തെ സ്നേഹത്തിൽ ആയിരിക്കുവാനും കഴിഞ്ഞ മണിക്കൂറുകളായിരുന്നു കടന്നുപോയത്.

**ടീൻ ക്രിസ്റ്റോസ്**

എല്ലാ മാസവും പാലാ ജീസസ് യൂത്ത് ടീൻസ് ടീമിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ തങ്ങളുടെ ദൈവാനുഭവം ഒരു മിനിറ്റ് വീഡിയോയിലൂടെ അനേകരിലേക്ക് എത്തിക്കുന്നു.

**തുടങ്ങനാട് ഏകദിന പ്രോഗ്രാം**

ജൂൺമാസം ഒന്നാം തീയതി തുടങ്ങനാട് സെന്റ് തോമസ് ഫൊറോനാ പ്പള്ളിയിലെ കൗമാരക്കാർക്കായി SITIO -3 നടത്തപ്പെട്ടു. ഇടവകയിൽനിന്ന് ഏകദേശം 110 കുട്ടികൾ പങ്കെടുത്തു. ഇടവകവികാരി ഫാ. ജോൺസൺ പുള്ളീറ്റ്, അസി. വികാരി ഫാ. ജോർജ് ചാത്തൻകുന്നേൽ, ഫാ. കുര്യൻ മറ്റം, സി. ലിസ്മരിയ CMC തുടങ്ങിവർ ഈ ഏകദിനപ്രോഗ്രാമിനു നേതൃത്വം നൽകി.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1.** 09/06 /2024 ഞായർ 5 pm ന് ചേറ്റുതോട് ഫാത്തിമ മാതാ ഇടവകയിൽ കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ വാർഡുതലക്ലാസുകൾ നടത്തപ്പെട്ടു. 5 pm നു വികാരി റവ.ഫാ. ജോസഫ് ചക്കാലയിലിന്റെ പ്രാർത്ഥനാശീർവാദത്തോടെ ക്ലാസുകൾ ആരംഭിച്ചു.

**2.** 23/6/2024 ഞായർ 11.15 am ന് ചെമ്മലമറ്റം, പന്ത്രണ്ട് ശ്ലീഹന്മാരുടെ ദൈവാലയത്തിലെ കുടുംബക്കൂട്ടായ്മാഭാരവാഹികളുടെ സമ്മേളനം വികാരി റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ ഉദ്ഘാടനം ചെയ്തു. കുടുംബക്കൂട്ടായ്മ രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപം സെമിനാർ നയിച്ചു.

**3.** 23/6/2024 ഞായർ 2.30 pm ന് സിബിഗിരി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം റവ.ഫാ. ജോൺ പാളിതോട്ടം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജിമ്മി മ്ലാക്കുഴി അധ്യക്ഷത വഹിച്ചു. രൂപതാ പ്രസിഡന്റ് സെമിനാർ നയിച്ചു. രൂപത സെക്രട്ടറി ശ്രീ ബാബു പോൾ ആശംസകൾ നേർന്നു.

**4.** 27/6/2024 വ്യാഴം 10 am ന് കുടുംബക്കൂട്ടായ്മ രൂപത എക്സിക്യൂട്ടീവ് യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ട്മെന്റ് ആരംഭിച്ച ചാനലായ 'അനുഗ്രഹ' യൂട്യൂബ് ചാനലിനെക്കുറിച്ചുള്ള വിവരവും പ്രോഗ്രാമുകളും കൂടുതൽ പേരിൽ എത്തിക്കാൻ തീരുമാനിച്ചു.

**5.** 30/6/2024 ഞായർ 3 pm ന് മുട്ടുചിറ ഹോളിഗോസ്റ്റ് ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ യോഗം അസി. വികാരി ഫാ. മാത്യു വാഴചാരിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് സെമിനാറിനു നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ജൂൺ 7-9, 17-19** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 225 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ജൂലൈ 01-03, 29-31, ആഗസ്റ്റ് 09-11, 30-സെപ്റ്റംബർ 1** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂൺ മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 402 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

## B. പിതൃവേദി

### 1. കുടുംബസംഗമം

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രധാനപ്പെട്ട 3 കർമ്മമേഖലകളായ മാതൃവേദി, പിതൃവേദി, പ്രോലൈഫ് സമിതികളുടെ നേതൃത്വത്തിൽ അരുണാപുരം സെന്റ് തോമസ് പള്ളി പാരീഷ് ഹാളിൽ ജൂൺ 8-ാം തീയതി ഉച്ച കഴിഞ്ഞ് 2.30 ന് ചേർന്ന സമ്മേളനം പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിന് പാലാ രൂപത മാതൃവേദി പ്രസിഡന്റ് ശ്രീമതി സിജി ലൂക്ക്സൺ അദ്ധ്യക്ഷത വഹിച്ചു. രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ആമുഖസന്ദേശം നൽകി. പ്ലാറ്റിനം ജൂബിലിലേയ്ക്ക് പാലാ രൂപത പ്രവേശിക്കുമ്പോൾ ഫാമിലി അപ്പോസ്തലേറ്റുവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപരിപാടികളെക്കുറിച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ വിശദീകരിച്ചു. മാതൃവേദി ജോയിന്റ് ഡയറക്ടർ റവ. ഡോ. എൽസാ ടോം ആശംസ അർപ്പിക്കുകയും ചടങ്ങിൽ പിതൃവേദി പ്രസിഡന്റ് ശ്രീ ജോസ് തോമസ് മുത്തനാട്ട് സ്വാഗതവും പ്രോലൈഫ് പ്രസിഡന്റ് ശ്രീ മാത്യു എം. കുര്യാക്കോസ് കൃതജ്ഞതയും അർപ്പിച്ചു. 4.30 തോടുകൂടി യോഗം അവസാനിച്ചു. വിവിധ ഇടവകകളിൽനിന്നായി 2500 ലധികം മാതാപിതാക്കൾ സമ്മേളനത്തിൽ സംബന്ധിച്ചു.

### 2. പിതൃദിനാഘോഷം

ജൂൺ 16-ാം തീയതി പിതൃദിനത്തോടനുബന്ധിച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ അരുണാപുരം ഇടവകയിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി പിതൃദിനാഘോഷങ്ങളിൽ പങ്കെടുത്തു.

### 3. പ്രവർത്തനവർഷ ഉദ്ഘാടനം

ജൂൺ 17-ാം തീയതി വൈകുന്നേരം 6 മണിക്ക് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ കുറവിലങ്ങാട് മേഖലപ്രവർത്തനവർഷ ഉദ്ഘാടനവും പ്രതിഭകളെ ആദരിക്കുകയും ചെയ്യുന്ന സമ്മേളനത്തിൽ പരിപാടി ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു.

ജൂൺ 23-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് മൂന്നിലവ് യൂണിറ്റിന്റെ ഒന്നാം വാർഷികം രൂപത ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം 4.30 ന് ഉള്ളനാട് പിതൃവേദി യൂണിറ്റിന്റെ മെരിറ്റ് ഇവന്റ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

### 5. രൂപതാസമിതി

മെയ് 19-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ജോസ് തോമസ് മുത്തനാട്ടിന്റെ അദ്ധ്യക്ഷതയിൽ രൂപതാസമിതി നടത്തപ്പെട്ടു.

## C. മാതൃവേദി

### 1. എക്സിക്യൂട്ടീവ് മീറ്റിങ്

ജൂൺ 18-ാം തീയതി രാവിലെ 10 മണിക്ക് റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി.

**2. രൂപതാസമിതി**

ജൂൺ 28-ാം തീയതി രാവിലെ 10 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് സിജി ലൂക്ക്സണിന്റെ അദ്ധ്യക്ഷതയിൽ രൂപതാസമിതി നടത്തപ്പെട്ടു.

**D. പ്രോലൈഫ്**

**1. സെമിനാർ**

ജൂൺ 28,29,30 തീയതികളിൽ എറണാകുളം പിഒസിയിൽ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ത്രിദിന സെമിനാറിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ അഞ്ചു പേർ പങ്കെടുത്തു.

**E. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി ' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിങ്**

ജൂൺ 21-ാം തീയതി ഓൺലൈനായി നടത്തപ്പെട്ട സീറോ മലബാർ മാട്രിമണിയുടെ ഡയറക്ടേഴ്സ് മീറ്റിങ്ങിൽ റവ.ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

**F. ഹോംമിഷൻ**

**1. സന്ദേശം**

ജൂൺ 10-ാം തീയതി ഏഴാച്ചേരി ഇടവകയിൽ ആരംഭിച്ച ഹോംമിഷൻ പ്രോഗ്രാമിന്റെ പ്രാരംഭദിവസം ഉദ്ഘാടനം ചെയ്ത് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സന്ദേശം നൽകി. മെയ് 20-ാം തീയതി ചിറ്റാർ ഇടവകയിൽ നടക്കുന്ന ഹോം മിഷന്റെ സമാപനദിവസം സന്ദേശം നൽകുകയും ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

**2. സന്ദർശനം**

ഹോം മിഷൻ നടത്തപ്പെടുന്ന ഇടവകകളിൽ ജൂൺ 13-ാം തീയതി സിബിഗിരി പള്ളിയിലും 15-ാം തീയതി അരുണാപുരം പള്ളിയിലും ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സന്ദർശനം നടത്തി.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് അവധിക്കാല ക്ലാസ്സുകൾ ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്,

മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – **7306293048**

**മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി മെയ് മാസത്തിൽ **ചെമ്പിളാവ്** ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**രൂപതാസമിതി**

കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതിയുടെയും ഫൊറോന പ്രസിഡന്റ്, സെക്രട്ടറിമാരുടെയും യോഗം 8-6-2024 ൽ ഭരണങ്ങാനം മാതൃഭവനിൽ ചേർന്നു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു.

**തീരുമാനങ്ങൾ**

1. സീറോ മലബാർ സഭാദിനാഘോഷം തിടനാട് യൂണിറ്റിന്റെ സഹകരണത്തോടെ തിടനാട് പാരിഷ് ഹാളിൽ ജൂൺ 30 ന് ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് നടത്തി. കാഞ്ഞിരപ്പള്ളി ബിഷപ് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

2. സഭാദിനാഘോഷത്തിൽ ഒരു യൂണിറ്റിൽനിന്ന് 10 ൽ കുറയാത്ത അംഗങ്ങളെ പങ്കെടുപ്പിക്കണം. സമീപ ഇടവകകളിൽനിന്ന് കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കണം.

3. ജൂലൈ അവസാനത്തിൽ യൂണിറ്റ്, ഫൊറോന ഭാരവാഹികൾക്കായി ഏകദിന ക്യാമ്പ് സംഘടിപ്പിക്കാനും തീരുമാനിച്ചു.

4. പാലാ രൂപതാസമിതി നടത്തിവരുന്ന അടുക്കളത്തോട്ടമത്സരം 10-ാം വർഷത്തിലേക്കു പ്രവേശിക്കുന്നു. 10-ാമത് മത്സരത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണവും സമ്മാനങ്ങളുടെ എണ്ണവും വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. സെപ്റ്റംബർ 1 മുതൽ മത്സരം ആരംഭിക്കും. നവംബർ അവസാനം മാർക്കിടീൽ പൂർത്തിയാക്കും.

5. സൗജന്യമായി നല്കുന്ന വിത്തുപായ്ക്കറ്റുകളുടെ എണ്ണം ഓരോ യൂണിറ്റിൽനിന്നും ജൂലൈ 20 നു മുമ്പായി കർഷകവേദി ചെയർമാനെയോ ജനറൽ സെക്രട്ടറിയെയോ അറിയിക്കണം. (ഫോൺ - 9447329943, 9446921795). അതിനുശേഷം അറിയിക്കുന്നവർക്കു വിത്തുകൾ കിട്ടണമെന്നില്ല. ഓഗസ്റ്റ് മാസത്തിൽ സോൺ മീറ്റിങ്ങുകൾ നടത്തി വിത്തുകൾ വിതരണം ചെയ്യും.

6. എ.കെ.സി.സി. വോയിസ് ഇറക്കുന്നതിന് തീരുമാനിച്ചു. ജോയി കെ. മാത്യു, എഡ്വിൻ പാമ്പാറ എന്നിവരെ ചുമതലപ്പെടുത്തി.

7. പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളുടെ നേതൃത്വത്തിലും സഹകരണത്തിലുംകൂടി ഒരു ഫൊറോനയിൽ മിനിമം ഒരു ഭവനമെങ്കിലും നിർമിച്ചുനല്കുന്നതിനുവേണ്ടി ഫൊറോന ഭാരവാഹികളെ ചുമതലപ്പെടുത്തി.

ക്രിസ്തുവിന്റെ മുഖം രാഷ്ട്രീയലാഭത്തിനുവേണ്ടി ഉപയോഗിക്കുന്നത് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു പ്രമേയം പാസ്സാക്കി.

106-ാം ജന്മദിനസമ്മേളനവും റാലിയും വിജയപ്രദമാക്കുവാൻ സഹകരിച്ച, സഹായിച്ച എല്ലാവർക്കും, പ്രത്യേകിച്ച് അരുവിത്തുറ വികാരി, യൂണിറ്റ് ഭാരവാഹികൾ എന്നിവർക്കും നന്ദി അറിയിച്ചു.

**ധർണ്ണ**

ക്രിസ്തുവിന്റെ മുഖം രാഷ്ട്രീയലാഭത്തിനുവേണ്ടി ഉപയോഗിക്കുന്നത് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാകോൺഗ്രസ് രൂപത സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ധർണ്ണ രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധീരി അധ്യക്ഷനായിരുന്നു. ജോസ് വട്ടുകുളം, രാജേഷ് കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**അടുക്കളത്തോട്ടമത്സരം**

മത്സരത്തിന്റെ മാർക്ക് വിഭജനരീതി.

പുഷ്ടിമ/കരുത്ത് - 30%, ഫലദായകത്വം - 50%, ക്രമീകരണ മികവ് - 20%

**നിബന്ധനകൾ**

ഇടവകതലത്തിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് വിത്തുകൾ സൗജന്യമായി വിതരണം ചെയ്യുന്നു.

ഒരു ഇടവകയിൽനിന്ന് പത്തു കുടുംബങ്ങൾ രജിസ്റ്റർ ചെയ്തെങ്കിൽ മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

ഇടവകയിൽനിന്ന് ഒന്നും രണ്ടും സ്ഥാനം കിട്ടുന്നവർക്ക് ഫൊറോനാതലത്തിൽ മത്സരിക്കാം. ഫൊറോനയിൽനിന്ന് ഒന്നും രണ്ടും സ്ഥാനം കിട്ടുന്നവർക്ക് രൂപതയിൽ മത്സരിക്കാം.

മത്സരത്തിനു താഴെപ്പറയുന്ന പച്ചക്കറിയിനങ്ങളിൽ മിനിമം ഏഴിനവും മാക്സിമം പത്തിനവുംമാത്രമേ പരിഗണിക്കുകയുള്ളൂ.

പയർ, പാവൽ, വെണ്ട, ചീര വഴുതന, മുളക്, പീച്ചിൽ, ചുരം, പടവലം, കോവൽ, തക്കാളി, പപ്പായ, കുക്കുംബർ, വെള്ളരി, കാബേജ്, ബീൻസ്, കോളിഫ്ളവർ, അടതാപ്പ്, മുരിങ്ങ, തഴുതാമ.

**അനുമോദിച്ചു**

കേന്ദ്ര ന്യൂനപക്ഷ, ഫിഷറീസ്, സഹമന്ത്രിയായി നിയമിതനായ നമ്പ്യാകുളം ഇടവകാംഗം ജോർജ് കുര്യനെ രൂപതാഭാരവാഹികൾ ബൊക്കേ നല്കിയും ഷാളണിയിച്ചും അനുമോദനങ്ങളും ആശംസകളും നേർന്നു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, ജോയി

കണിപറമ്പിൽ, സി.എം. ജോർജ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു. കത്തോലിക്ക കോൺഗ്രസ് സംഘടനയുമായുള്ള ബന്ധം അദ്ദേഹം പങ്കുവച്ചു.

**അരുവിത്തുറ ഫൊറോന**

തിടനാടുവച്ചു നടക്കുന്ന സീറോ മലബാർ സഭാദിനാഘോഷം വിജയപ്രദമാക്കുവാൻ അരുവിത്തുറ ഫൊറോന കമ്മിറ്റി ചേർന്നു തീരുമാനിച്ചു. ഫൊറോനയിലെ എല്ലാ ഇടവകകളിലും ബാനറുകൾ പ്രദർശിപ്പിക്കുക. വികാരിമാരെ സമ്മേളത്തിനു ക്ഷണിക്കുന്നതിന് എല്ലാ ഇടവകയിലും സന്ദർശനം നടത്തുന്നതിനും തീരുമാനിച്ചു. ഫൊറോന പ്രസിഡന്റ് സാബു പ്ലാത്തോട്ടം അധ്യക്ഷത വഹിച്ചു. റ്റോമിച്ചൻ പഴയമഠത്തിൽ, ബെന്നി കിണറ്റുകര, ജോൺസൺ ചെറുവള്ളി തുടങ്ങിയവർ സംസാരിച്ചു.

**തിടനാട് യൂണിറ്റ്**

സീറോ മലബാർ സഭാദിനാഘോഷത്തിന്റെ ആലോചനായോഗം യൂണിറ്റ് പ്രസിഡന്റ് സെബാസ്റ്റ്യൻ കൊള്ളികുളവിന്റെ അധ്യക്ഷതയിൽ കൂടി. ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ, ബെന്നി കിണറ്റുകര, സാബു പ്ലാത്തോട്ടം, റ്റോമിച്ചൻ പഴയമറ്റം എന്നിവർ സംസാരിച്ചു.

**ആദരിച്ചു**

പിഴക് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 10, +2 പരീക്ഷകൾക്ക് ഉന്നതവിജയം നേടിയവരെ ആദരിച്ചു. ജോയി കണിപറമ്പിൽ ഉദ്ഘാടനം ചെയ്തു. അൽഫോൻസാ ദാസ് അധ്യക്ഷത വഹിച്ചു. റവ. ഫാ. ജോസ് തെക്കേൽ അനുഗ്രഹപ്രഭാഷണം നടത്തി.

**പഠനസഹായം**

മരങ്ങാട്ടുപിള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മരങ്ങാട്ടുപിള്ളി സെന്റ് തോമസ് എൽ.പി., എച്ച്.എസ്. വിദ്യാർത്ഥികൾക്ക് പഠനസഹായം പ്രസിഡന്റ് ബെന്നി തോട്ടപ്പനാലിന്റെ നേതൃത്വത്തിൽ ഹെഡ്മാസ്റ്റർമാർക്കു കൈമാറി.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**ഹരിതഗ്രാമം സുസ്ഥിരഗ്രാമം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി അന്താരാഷ്ട്ര പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് 'ഹരിതഗ്രാമം സുസ്ഥിരഗ്രാമം' പദ്ധതി ആരംഭിച്ചു. ഫലവൃക്ഷങ്ങളാലും പച്ചക്കറിവിഭവങ്ങളാലും സമൃദ്ധമായ ഹരിതഗ്രാമങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യംവച്ചുകൊണ്ടാണ് ഈ കർമ്മപരിപാടിക്കു തുടക്കം കുറിച്ചിരിക്കുന്നത്. നാടൻ, വിദേശ ഫലവൃക്ഷങ്ങളും ഹൈബ്രീഡ് പച്ചക്കറിത്തൈകളും രൂപതയിലുടനീളം സബ്സിഡിനിരക്കിൽ വിതരണം ചെയ്യുന്നതാണ്. ജൈവകൃഷിമുറകളും ഉത്പന്ന, സംഭരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങളും അഗ്രിമ റൂറൽ മാർക്കറ്റുകളിലൂടെയും സൺഡേ മാർക്കറ്റുകളിലൂടെയും നടപ്പാ

ക്കാനാണ് പദ്ധതി. കർഷക ഉൽപ്പാദക കമ്പനികളുടെ നേതൃത്വത്തിൽ കാർഷിക മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യും. കാമ്പയിന്റെ ഔപചാരി കമായ ഉദ്ഘാടനം പരിസ്ഥിതിദിനത്തോടനുബന്ധിച്ച് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. തുടർന്നുവരുന്ന ദിവസങ്ങളിൽ അഗ്രിമ സെൻട്രൽ നേഴ്സറിയുടെയും സഹകരണത്തോടെ സന്നദ്ധമായ ഇടവകപ്പള്ളി കളിൽ ഫലവൃക്ഷങ്ങളുടെയും പച്ചക്കറിത്തൈകളുടെ വിതരണവും നടക്കുന്ന താണ്.

പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് പി.എസ്.ഡബ്ല്യു.എസ്. ന്റെ കീഴി ലുള്ള എസ്.എച്ച്.ജി./ കർഷകദളം നേതൃത്വത്തിൽ ഭൂരിപക്ഷം ഇടവകകളിലും വൃക്ഷത്തൈനടീൽ ചടങ്ങുകൾ നടന്നു. ഫലപ്രദമായ ബോധവത്കരണക്ലാസു കളും നടത്തപ്പെടുകയുണ്ടായി.

**ജീവിതശൈലി ബോധനസെമിനാറും ആരോഗ്യപരിശോധനാക്യാമ്പും**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി പാലാ മാർസ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ചുകൊണ്ട് ഇടമറുക് സെന്റ് ആന്റണീസ് പള്ളിയിൽ വിവിധ സംഘടനാംഗങ്ങൾക്കായി ജീവിതശൈലി ക്യാൻസർരോഗസാധ്യതകളും എന്ന വിഷയത്തെക്കുറിച്ച് ഡോ. ഡോൺഡ് പോൾ (കൺസൾട്ടന്റ് ഓങ്കോളജിസ്റ്റ്, മാർ സ്ലീവാ മെഡിസിറ്റി, പാലാ) ക്ലാസു നടത്തി. തുടർന്ന് അമ്പതോളം പേർക്ക് ആരോഗ്യപരിശോധനകളും നടത്തി.

**കുട്ടികളും കൃഷിയിലേക്ക്**

മുൻവർഷത്തിന്റെ തുടർച്ചയായി ഈ വർഷവും പാലാ കോർപ്പറേറ്റ് എജ്യു ക്കേഷണൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. ആറുമാസം നീണ്ടുനില്ക്കുന്ന പച്ചക്കറിക്കൃഷി കുട്ടികളിൽ വലിയ ഉണർവാണ് പോയ വർഷം ജനിപ്പിച്ചത്. ചിൽഡ്രൻസ് ഫാർമേഴ്സ് ക്ലബുകൾ രൂപീകരിച്ച് കുട്ടികളും അധ്യാപകരും അനധ്യാപകരും ഒരുമിച്ചുചേർന്നു സ്കൂളു കളിൽ നടപ്പിലാക്കുന്ന മാലിന്യസംസ്കരണവും ഒപ്പം വിവിധതരം പച്ചക്കറിക്കൃ ഷിയും ഈ വർഷവും ആരംഭിച്ചിരിക്കുന്നു. സർക്കാർ/സർക്കാരിതര ഏജൻസി കളെ സഹകരിപ്പിച്ചുകൊണ്ട് സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുന്ന താണ്.

**KCBC Justice Piece and Development Commission സർക്കാർ ഇക്കോളജി അവാർഡ്, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിക്ക്**

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഭാഗമായ ജസ്റ്റീസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ ഏർപ്പെടുത്തിയ ഫാ. എബ്രാഹം മുത്തോ ലത്ത് അവാർഡ്, ജൈവകൃഷിരീതിയും ശാസ്ത്രീയ മാലിന്യ സംസ്കാരണ മാതൃ കയും സാധാരണ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്ന മാതൃകാപരമായ പ്രവർത്ത നങ്ങൾക്ക് കേരളത്തിലെ 32 രൂപതകളിൽനിന്ന് ഒന്നാമനായി പി.എസ്.ഡബ്ല്യു. എസ്. തിരഞ്ഞെടുക്കപ്പെട്ടു. കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ആന്വൽ ജനറൽ ബോഡി യോഗത്തിൽ വച്ച് കേരള കത്തോലിക്കാമെത്രാൻ സമിതി ജെപിഡി കമ്മീഷൻ ചെയർമാൻ കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ

പിതാവിൽനിന്നു പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. എമ്മാനുവൽ കാഞ്ഞിരത്തുങ്കൽ എന്നിവർ ചേർന്നു അവാർഡ് ഏറ്റുവാങ്ങി. മെമന്റോയും ഇരുപത്തയ്യായിരം രൂപയും ചേർന്നതാണ് അവാർഡ്.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**തുടങ്ങനാട് സോണൽ സമ്മേളനം**

DCMS പാലാ രൂപതാസമിതി സപ്തതിവർഷത്തോടനുബന്ധിച്ച് 2024 ജൂൺ 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മൂലമറ്റം സെന്റ് ജോർജ് ഫൊറോനപ്പള്ളി ഓഡിറ്റോറിയത്തിൽ വച്ച് തുടങ്ങനാട് സോണൽ പ്രവർത്തനസമിതി യോഗം ചേരുകയുണ്ടായി. യോഗത്തിൽ വികാരി റവ. ഫാ. കുര്യൻ കാലായിൽ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് വികാരി ഫാ. തോമസ് താന്നിമലയിൽ, രൂപത ഓർഗനൈസർ ശ്രീ ബേബി ആന്റണി എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് രൂപത സെക്രട്ടറി ബിന്ദു ആന്റണി ഭവനസന്ദർശനത്തെക്കുറിച്ച് വിശദീകരണം നല്കി.

**തുടങ്ങനാട് ഫൊറോനസന്ദർശനം**

തുടങ്ങനാട് സെന്റ് തോമസ് ഫൊറോന ഇടവകയിലെ ദളിത് കത്തോലിക്കാ കുടുംബങ്ങളുടെ ഒരു സംഗമം പാലാ രൂപത ഡിസിഎംഎസ് ഡയറക്ടർ ബഹുമാനപ്പെട്ട ജോസ് വടക്കേക്കുറ്റച്ചന്റെ അധ്യക്ഷതയിൽ തുടങ്ങനാട് സെന്റ് തോമസ് ഫൊറോനപ്പള്ളിയിൽ വച്ചു നടത്തപ്പെട്ടു. വികാരി റവ. ഫാ. ജോൺസൺ പുള്ളീറ്റ് യോഗം ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് വികാരി ഫാ. മൈക്കിൾ ചാത്തൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. തുടങ്ങനാട് മേഖല പ്രതിനിധിയും രൂപത വൈസ് പ്രസിഡന്റുമായ ശ്രീമതി ഫെമിന സിബിച്ചൻ ഉൾപ്പെടെ അമ്പതോളം DCMS അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു.

**യുണിറ്റ് രൂപീകരണം**

DCMS പാലാ രൂപതസമിതി സപ്തതിവർഷത്തോടനുബന്ധിച്ചു യൂണിറ്റ് രൂപീകരണത്തിന്റെ ഭാഗമായി കാഞ്ഞിരമറ്റം മാർ സ്ലീവാ പള്ളി, പാദുവ സെന്റ് ആന്റണിസ് പള്ളി എന്നിവടങ്ങളിൽ പുതിയ യുണിറ്റുകൾ രൂപീകരിക്കുകയുണ്ടായി. കാഞ്ഞിരമറ്റം മാർ സ്ലീവാ പള്ളിയിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കെക്കുറ്റും പാദുവാ സെന്റ് ആന്റണീസ് പള്ളിയിൽ രൂപത ഓർഗനൈസർ ശ്രീ ബേബി ആന്റണിയും പങ്കെടുത്തു.

**നിവേദനം**

ദളിത് ക്രൈസ്തവപ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ എന്നിവർ കേന്ദ്രമന്ത്രി ശ്രീ ജോർജ്ജ് കുര്യനെ കണ്ടു നിവേദനം സമർപ്പിച്ചു.

**സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

2024 ൽ എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പിജി, വേദപാഠം (പ്ലസ് ടു) ഇതര കോഴ്സുകൾ എന്നിവയിൽ 60% ൽ കൂടുതൽ മാർക്കു വാങ്ങിയ ദളിത് കത്തോലിക്കാക്കുട്ടികൾക്ക് ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിലുള്ള സ്കോളർഷിപ്പുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു. സ്കോളർഷിപ്പിന് അർഹരായവർ അപേക്ഷാഫോറം പൂരിപ്പിച്ച്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ കോപ്പി, മാർക്ക്ലിസ്റ്റ് എന്നിവ സഹിതം വികാരിയച്ചന്റെയും യൂണിറ്റ് പ്രസിഡന്റിന്റെയും ശുപാർശയോടുകൂടി ജൂലൈ 31 നുമുമ്പ് രൂപതാ ഓഫീസിൽ നൽകേണ്ടതാണ്.

**എൻട്രൻസ് കോച്ചിംഗ്**

കഴിഞ്ഞ അധ്യയനവർഷം (2024-25) X, XI, XII ക്ലാസ്സുകളിൽ പഠനം പൂർത്തിയാക്കിയ ദലിത് കത്തോലിക്കാക്കുട്ടികൾക്ക് മെഡിക്കൽ, എഞ്ചിനീയറിങ് എൻട്രൻസ് കോച്ചിങ് ക്ലാസ്സിലും, സിവിൽ സർവ്വീസ് കോച്ചിങ് ക്ലാസ്സിലും പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ ഫീസ് ഇളവോടുകൂടി പഠിക്കുവാൻ ബ്രില്യന്റ് കോച്ചിംഗ് സെന്ററിലും, സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിലും അവസരമുണ്ട്. താത്പര്യമുള്ളവർ ജൂൺ 30 നുമുമ്പ് ഡി.സി.എം.എസ്. രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**നേഴ്സിംഗ് പഠനവസരം**

പ്ലസ്ടു കഴിഞ്ഞ് നഴ്സിങ് പഠിക്കുവാൻ (GNM, B.Sc) താത്പര്യമുള്ള കുട്ടികൾക്ക് കുറഞ്ഞ ഫീസിൽ കേരളത്തിനകത്തും പുറത്തും പഠിക്കുവാൻ അവസരമുണ്ട്. താത്പര്യമുള്ള കുട്ടികളുടെ പേരുവിവരം, ഫോൺ നമ്പർ സഹിതം ഡി.സി. എം.എസ്. രൂപത ഓഫീസിൽ നൽകണമെന്ന് അറിയിക്കുന്നു. താത്പര്യമുള്ളവർ ജൂലൈ 15 നുമുമ്പ് ഡി.സി.എം.എസ് രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**വിദ്യാഭ്യാസവായ്പാപദ്ധതി**

പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ഡി.സി.എം.എസ്. രൂപതാ ഓഫീസിൽനിന്ന് പലിശരഹിതവായ്പ നൽകുന്നതാണ്. താത്പര്യമുള്ളവർ യൂണിറ്റ് കമ്മറ്റിയുടെയും ഇടവകവികാരിയുടെയും ശുപാർശയോടുകൂടി അപേക്ഷ രൂപത ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം രൂപത ഓഫീസിൽ ലഭ്യമാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. കെയർ ഹോംസ് മീറ്റിംഗുകൾ**

1) സ്പെഷൽ സ്കൂൾ വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങൾ ചർച്ചചെയ്തു.

2) ഓൾഡ് ഏജ് ഹോം വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങൾ ചർച്ചചെയ്തു.

3) സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ വിഭാഗത്തിന്റെഎക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങൾ ചർച്ചചെയ്തു.

**2.സന്ദർശനം**

പുതിയ അധ്യയനവർഷത്തിൽ പുലിയന്നൂർ ഡി.സി.എം.ആർ സ്പെഷൽ സ്കൂളിൽ സന്ദർശനം നടത്തി കുട്ടികൾക്ക് ആശംസകൾ നേർന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ഓൺലൈൻ രജിസ്ട്രേഷൻ**

അസംഘടിത തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ ഓൺലൈൻ രജിസ്ട്രേഷൻ തുടരുന്നു.

**2. മീറ്റിംഗ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി.

**3. സംസ്ഥാന മീറ്റിംഗ്**

കേരളാ അഗ്രിക്കൾച്ചറൽ വർക്കേഴ്സ് ഫോറം ജില്ലാ/സംസ്ഥാന ഭാരവാഹികളുടെ മീറ്റിംഗിൽ സ്വപ്ന ജിജി, റോസി എന്നിവർ പങ്കെടുത്തു.

**4. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

**5.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിംഗ്)**

ജൂൺ 9, 16, 23 തീയതികളിൽ അഡാർട്ടിൽ വച്ച് ലഹരിവിമുക്തജീവിതം നയിക്കുന്നവർക്കുവേണ്ടി ഡയറക്ടറുടെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ വർഷങ്ങളായി ലഹരിവിമുക്തജീവിതം നയിക്കുന്നവരെ അനുമോദിക്കുകയും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

**അൽ-അനോൺ & അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ-അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ജൂൺ 8-ാം തീയതി ശനിയാഴ്ച രാവിലെ 11.30 ന് നടത്തപ്പെട്ടു.

**ബോധവത്കരണക്ലാസ്സുകൾ**

ജൂൺ 16-ാം തീയതി പാലാ സെന്റ് തോമസ് കത്തീഡ്രൽ സൺഡേ സ്കൂളിലും 23-ാം തീയതി അടിവാരം സെന്റ് മേരീസ് സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മാതാപിതാക്കൾക്കുംവേണ്ടി അഡാർട്ട് ഡയറക്ടർ ബോധവത്കരണക്ലാസ് നടത്തി.

**അഡാർട്ട് ക്ലബ്**

2024-25 അധ്യയനവർഷത്തിലെ അഡാർട്ട് ക്ലബിന്റെ പ്രവർത്തനപദ്ധതികളുടെ ഉദ്ഘാടനവും സെമിനാറും 2024 ജൂൺ മാസം 21-ാം തീയതി രാവിലെ 10 മണിക്ക് അഡാർട്ടിൽ വച്ചു നടത്തി. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. പാലാ രൂപത കോർപ്പറേറ്റ് മാനേജർ ഫാ. ജോർജ് പുല്ലുകാലായിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് നടന്ന ബോധവത്കരണസെമിനാർ അഡാർട്ട് പ്രോജക്ട് കോർഡിനേറ്റർ എൻ. എം. സെബാസ്റ്റ്യൻ നയിച്ചു.

**യോഗാദിനം ആചരിച്ചു.**

യോഗാദിനത്തോടനുബന്ധിച്ച് ജൂൺ 22-ാം തീയതി ക്ലാസും ലഹരിവിമുക്ത ജീവിതത്തിൽ യോഗയ്ക്കുള്ള പ്രസക്തിയെക്കുറിച്ചും തുടർന്ന് അഡാർട്ട് യോഗാ തെറാപ്പിസ്റ്റിന്റെ നേതൃത്വത്തിൽ യോഗവും നടത്തി.

**ലോകലഹരിവിരുദ്ധദിനം**

26-ാം തീയതി അഡാർട്ടിൽ വച്ച് എ.എ.യുടെ നേതൃത്വത്തിൽ ലോകലഹരി വിരുദ്ധദിനം ആചരിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് മൽസരത്തിന് സഹായകരമായ വിധത്തിൽ തയ്യാറാക്കിയ പഠനസഹായി ഓഫീസിൽ ലഭ്യമാണ്. ലോഗോസ് രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. ജൂലൈ 31 വരെ സെന്ററുകളിൽ മൽസരാർത്ഥികളുടെ പേരുവിവരങ്ങൾ സ്വീകരിക്കേണ്ടതാണ്. ഓഗസ്റ്റ് 8 നു മുമ്പായി രൂപതാ ഓഫീസിൽ സെന്റർ, ഹെഡ്ഷീറ്റും തുകയും എൽപ്പിക്കണം.

പഠനവിഷയം : ലൂക്കാ 9-16, 2 കോറിന്തോസ് 7-13,
ന്യായാധിപന്മാർ 1-10 പ്രഭാഷകൻ 34-40

**ബൈബിൾ കോഴ്സ്**

അല്മായർക്കായി നടത്തുന്ന ബൈബിൾ കോഴ്സിന്റെ ജൂൺമാസത്തെ ക്ലാസ്സ് 8-ാം തീയതി നടത്തപ്പെട്ടു. ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ വി. ലൂക്കായുടെ സുവിശേഷത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. അടുത്ത ക്ലാസ് ജൂലൈ 13 ന്.

**സ്വാഗതം ചെയ്തു**

കഴിഞ്ഞ പത്തു വർഷം ബൈബിൾ അപ്പോസ്തലേറ്റിന്റെ ഡയറക്ടറായി സേവനംചെയ്തുവന്നിരുന്ന ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ ചുമതല ഒഴിഞ്ഞതിനെത്തുടർന്ന് പുതിയ ഡയറക്ടറായി നിയമിക്കപ്പെട്ട ഫാ. തോമസ് പുതുപ്പറമ്പിലിനെ സ്വാഗതം ചെയ്തു.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

1. **മദ്ധ്യസ്ഥ പ്രാർത്ഥന**

തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

2. ജൂൺ 8, 18 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.
3. ജൂൺ 11 ന് ഹോസ്പിറ്റൽ മിനിസ്ട്രി അംഗങ്ങൾ കാർമ്മൽ മെഡിക്കൽ സെന്റർ സന്ദർശിച്ച് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു.
4. ജൂൺ 17 ന് രാമപുരം കുടുംബക്കൂട്ടായ്മാവാർഷികത്തിൽ പങ്കെടുത്തു.
5. **സ്ട്രീറ്റ് മിനിസ്ട്രി**

താഴെപ്പറയുന്ന തീയതികളിൽ തെരുവു വചനപ്രഘോഷണശുശ്രൂഷ നടത്തി. റിട്ട. എസ്.ഐ. റ്റി.എം. മാത്യു ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

13.06.2024 - Thodupuzha, 25.06.2024 - Pravithanam

6. **You tube Channel ആരംഭിച്ചു.**

Augraham Pala എന്ന പേരിൽ ഇവാഞ്ചെലൈസേഷൻ പ്രഘോഷണ Youtube channel ആരംഭിച്ചു. രാവിലെ 5 മണിക്ക് പ്രഭാതപ്രാർത്ഥനയും വൈകിട്ട് 5 മണിക്ക് പ്രഭാഷണങ്ങളും നടത്തുന്നു. ഇവാഞ്ചലൈസേഷൻ, കുടുംബക്കൂട്ടായ്മ, കരിസ്മാറ്റിക്, ജാഗ്രത, ലഹരിവിരുദ്ധം, സഭാനവീകരണം, യുവജനങ്ങളും കുട്ടികളും എന്ന വിഷയങ്ങളിൽ എല്ലാ ആഴ്ചകളിലും ക്ലാസ്സെടുക്കുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# മദ്യവിരുദ്ധസമിതി

**1. ലഹരിവിരുദ്ധദിനം ഭരണാധികാരികൾക്കും ശക്തമായ സന്ദേശം**

ലഹരിവിരുദ്ധദിനം പൊതുസമൂഹത്തിനു മാത്രമല്ല ഭരണാധികാരികൾക്കും ശക്തമായ സന്ദേശമാണ് നൽകുന്നതെന്ന് കേരള നിയമസഭാ മുൻസ്പീക്കർ വി.എം. സുധീരൻ. അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പാലായുടെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോന പാരീഷ് ഹാളിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധ മാസാചരണപരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു വി.എം. സുധീരൻ.

ലഹരിവിരുദ്ധദിനം കൊണ്ടാടുമ്പോൾ നാനാവിധത്തിലുള്ള ലഹരിയുടെ ലഭ്യതയും, പ്രാപ്യതയും കുറച്ചുകൊണ്ടുവരികയെന്നുള്ളതും തിരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികളുടെ ചുമതലയാണ്. നിർഭാഗ്യവശാൽ ഭരണത്തിലെത്തുന്നവർ മദ്യം തുടങ്ങിയ ലഹരിവസ്തുക്കളുടെ പ്രചാരകരായി മാറുന്നു. ഭരണകൂടങ്ങൾ പരാജയപ്പെടുമ്പോൾ ജുഡീഷ്യറിയുടെ ഭാഗത്തുനിന്ന് ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകുന്നില്ലായെന്നതും ദൗർഭാഗ്യകരമാണ്.

മാസാചരണ പരിപാടികളുടെ ഭാഗമായി വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ, കോളനികൾ, തൊഴിൽമേഖലകൾ എന്നിവിടങ്ങളിലൂടെ ലഹരിവിരുദ്ധപ്രതിജ്ഞ, സന്ദേശം, കോർണർ യോഗങ്ങൾ, പൊതുയോഗങ്ങൾ എന്നിവ സംഘടിപ്പിക്കും. പ്രസംഗം-ഉപന്യാസം-ചിത്രരചന മത്സരങ്ങളും ഒരു മാസം നീണ്ടുനില്ക്കുന്ന പരിപാടികളിൽപെടുന്നു.

സമ്മേളനത്തിൽ ഭരണങ്ങാനം സെന്റ് മേരീസ് ഹയർസെക്കൻഡറി, ഹൈസ്കൂൾ, എസ്.എച്ച്. ജി.എച്ച്.എസ്., അൽഫോൻസാ റെസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിലെ അധ്യാപകരും വിദ്യാർത്ഥിനി-വിദ്യാർത്ഥികളും പങ്കെടുത്തു.

**2.** ജൂൺ, ജൂലൈ മാസങ്ങളിൽ രൂപതയിലെ കലാലയങ്ങളിൽ ലഹരിവിരുദ്ധ സന്ദേശം നൽകും.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ഥ ശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണി മുതൽ 2 മണിവരെയും കരുണക്കൊന്ത, ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. ജൂൺ മാസത്തിൽ ബ്രദർ ജോൺസൻ തടത്തിൽ രാമപുരം, ബ്രദർ നന്ദു ജോൺ ചാലക്കുടി, ബ്രദർ സണ്ണി ജോസഫ് കട്ടപ്പന എന്നിവർ ഓരോ ആഴ്ചയിലും വചനപ്രേഘോഷണം നടത്തുകയുണ്ടായി.

**2.** രൂപതാ കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനി ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന ജൂൺ 29 ശനി വൈകുന്നേരം 7 മണി മുതൽ 30 രാവിലെ 5 മണി വരെ നടത്തപ്പെട്ടു. റവ. ഫാ. തോമസ് കാഞ്ഞിരക്കോണം (ഡയറക്ടർ അസിസ്സി ധ്യാനകേന്ദ്രം ഭരണങ്ങാനം) വചനപ്രഘോഷണം നടത്തി. റവ. ഫാ. ആഗസ്റ്റ്യൻ പാലക്കാപറമ്പിൽ (തീർത്ഥാടനകേന്ദ്രം റെക്ടർ) റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (കരിസ്മാറ്റിക് ഡയറക്ടർ) റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ (അസി. ഡയറക്ടർ) കരിസ്മാറ്റിക് സേവനസമിതിയംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**3. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവികരണ സുവർണ്ണ ജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥനദിനമായി

പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ജൂൺ 7 വെള്ളി പാലാ സബ് സോൺ B യുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ ജേക്കബ് വെള്ളമരുതുങ്കൽ, റവ.ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയുണ്ടായി.

**4.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളി വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**5.** എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെ കുരിശിന്റെ വഴിയും ഞായറാഴ്ചകളിൽ രാത്രി 8.30 മുതൽ 10 വരെ വചനസന്ദേശവും മദ്ധ്യസ്ഥപ്രാർത്ഥനയും ഓൺലൈനായി നടത്തപ്പെട്ടു.

**6.** പാലാ സോണിലെ 18 സബ് സോണുകളിലും സർവീസ് ടീം പുനഃസംഘടന ജൂൺ മാസത്തിൽ നടത്തുവാൻ സാധിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** മൗണ്ട് നെബോ – ആബാ ഭവനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി ഫാ. മാത്യു കാടൻകാവിൽ 2024 ജൂൺ 1 ന് ചുമതലയേറ്റു.

**2.** മൗണ്ട് നെബോ – ആബാ ഭവനം ഡയറക്ടർ റവ. ഫാ. തോമസ് വാഴചാരിക്കൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന സീറോ മലബാർ സഭയിലെ യുവപുരോഹിതരുടെ തുടർപരീശീലനത്തിന്റെ ഭാഗമായി ജൂൺ 13 ന് വൈദികർക്കായി ഭൂതോച്ചാടനത്തെ സംബന്ധിക്കുന്ന വിവിധ ക്ലാസുകൾ എടുത്തു.

**3.** 2024 ജൂൺ 16 മുതൽ 22 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടന്നു.

4. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം – രാവിലെ 9 മണിക്ക് ആരംഭിച്ച്, മദ്ധ്യസ്ഥപ്രാർത്ഥന, നിയോഗ സമർപ്പണം, അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ അഭിഷേക-കൈവയ്പ്പുശുശ്രൂഷകൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം – ജൂൺ 8 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

5. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്തമാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയും വിധമായിരിക്കും:

2024 ജൂലൈ 13 – ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2024 ജൂലൈ 28 മുതൽ ഓഗസ്റ്റ് 3 വരെയും, ഓഗസ്റ്റ് 25 മുതൽ 31 വരെയും പഞ്ചദിന ദൈവരാജ്യാനുഭവധ്യാനങ്ങൾ.

ബുക്കിംഗിന് : www.mountnebo.online വെബ്സൈറ്റ് സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ** (അസി. ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിംഗുകളും നടന്നുവരുന്നു. S. F. O രൂപത സ്പിരിച്വൽ അസിസ്റ്റന്റുമാരുടെ നേതൃത്വത്തിൽ രൂപത റീജിയൻ ഭാരവാഹികൾ, യൂണിറ്റുകൾ ആധ്യാത്മികവും ഭൗതികവുമായി ശക്തിപ്പെടുത്തുന്നതിന് യൂണിറ്റുകളിൽ സന്ദർശനം നടത്തുകയും അല്മായസഭാംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. S. F. O പാലാ രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ 2024 ജൂലൈ മാസം 25-ാം തീയതി വ്യാഴാഴ്ച വിശുദ്ധ അൽഫോൻസാ തീർത്ഥാടനം നടത്തുന്നു. അന്നേദിവസം ഭരണങ്ങാനം അസ്സിസി ആശ്രമദേവാലയത്തിൽ വച്ച് രാവിലെ 10 ന് സെമിനാറും തുടർന്ന് ഉച്ചയ്ക്ക് 1:30 ന് വിശുദ്ധ അൽഫോൻസ തീർത്ഥാടന കേന്ദ്രത്തിലേക്ക് ജപമാലറാലിയും നടത്തപ്പെടുന്നു. സെമിനാറിൽ S. F. O സീറോ മലബാർ ഏരിയ പ്രസിഡന്റ് ബ്രദർ വി.എൽ. വർഗീസ് വളപ്പില ക്ലാസ് നയിക്കുന്നു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം**

(1) ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗിൽ ഈ വർഷം സ്കൂളുകളിൽ നടത്തുന്ന ടീച്ചേഴ്സ് കോപ്പി, ഭാഷാപദ്ധതി തുടങ്ങിയ പദ്ധതികളെക്കുറിച്ച് പരിചയപ്പെടുത്തി.

(2) എൽ.പി., യു.പി ഹെഡ്മാസ്റ്റർമാരുടെ ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

**2. മീറ്റിംഗ്**

(1) ഡി.എഫ്.സി. രൂപത, ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**3. ദീപിക 138-ാമത് വാർഷികം പാലായിൽ**

22-6-2024-ൽ ദീപിക 138-മത് വാർഷികത്തിൽ ഡി.എഫ്.സി പങ്കാളിത്വത്തെക്കുറിച്ചു ചർച്ചകൾ നടത്തി.

(2) ഡി.എഫ്.സി. എക്സിക്യൂട്ടീവ് & പ്രൊമോട്ടേഴ്സ് മീറ്റിംഗ് കൂടി ദീപിക വാർഷികസമ്മേളനത്തിലേക്ക് വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

3) ഡി.എഫ്.സി. എക്സിക്യൂട്ടീവ് & പ്രൊമോട്ടേഴ്സ് മീറ്റിംഗ് കൂടി 138-ാമത് ദീപിക വാർഷികത്തിൽ സംബന്ധിക്കുന്നവരുടെ പേര് വിവരങ്ങൾ തയാറാക്കി.

**3. ഫൊറോന മീറ്റിംഗ്**

1) ഡി.എഫ്.സി. കടനാട് ഫൊറോന മീറ്റിംഗ് നടന്നു.

2) ഡി.എഫ്.സി അരുവിത്തുറ ഫൊറോന മീറ്റിംഗ് നടന്നു.

3) ഡി.എഫ്.സി പൂഞ്ഞാർ ഫൊറോന മീറ്റിംഗ് നടന്നു.

ഡി.എഫ്.സി. ഫൊറോന മീറ്റിങ്ങിൽ രൂപത ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപത പ്രസിഡന്റ് ജയ്സൺ ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

**4. ഡിഎഫ്സി ഡ്രീം ലൈൻ പ്രോജക്ട്**

23-6-2024 -ൽ കാഞ്ഞിരമറ്റം ഇടവകയിൽ ദീപിക വർക്ക് നടത്തി.

30-6-2024-ൽ പൂഴിക്കോൽ ഇടവകയിൽ ദീപിക വർക്ക് നടത്തി

**5. ദീപിക 138-ാമത് വാർഷികം**

ദീപിക 138-ാമത് വാർഷികത്തിൽ 160 ഡി.എഫ്.സി. മെമ്പേഴ്സ് പങ്കെടുത്തു.

**6. ദീപിക നമ്മുടെ ഭാഷാപദ്ധതി**

1) കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിലും ഹൈസ്കൂളിലും ദീപിക നമ്മുടെ ഭാഷാപദ്ധതി ഉദ്ഘാടനം മാനേജർ ഫാ. അഗസ്റ്റ്യൻ അരഞ്ഞാണിപുത്തൻപുരയ്ക്കൽ വിദ്യാർത്ഥികൾക്ക് പത്രത്തിന്റെ കോപ്പി നൽകി നിർവഹിച്ചു. ഡി.എഫ്.സി. രൂപത ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, പ്രിൻസിപ്പൽ സെബാസ്റ്റ്യൻ തെരുവിൽ, ഹെഡ്മാസ്റ്റർ സജി തോമസ്, ഫാ. ജോർജ് പോളച്ചിറ, പി.റ്റി.എ പ്രസിഡന്റ് സിബി അഴകൻപറമ്പിൽ, ഡി.എഫ്.സി രൂപത പ്രസിഡന്റ് ജയ്സൺ ജോസഫ്, കടനാട് ഫൊറോന പ്രസിഡന്റ് മധു നിരപ്പേൽ, ഡി.എഫ്.സി രൂപത വനിത പ്രസിഡന്റ് ജാൻസി ജോസഫ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

2) മാനത്തൂർ സെന്റ് ജോസഫ് ഹൈസ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി. രൂപത ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, ഡി.എഫ്.സി രൂപത പ്രസിഡന്റ് ജയ്സൺ ജോസഫ്, കടനാട് ഫൊറോന പ്രസിഡന്റ് മധു നിരപ്പേൽ, ഡി.എഫ്.സി രൂപത വനിത പ്രസിഡന്റ് ജാൻസി ജോസഫ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**7. ദീപിക പത്രം അനുബന്ധപ്രസിദ്ധീകരണങ്ങൾ**

കടനാട് ഫൊറോനയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലും ദീപിക പത്രത്തിന്റെ അനുബന്ധ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം നടത്തി.

**8. പള്ളികൾ സന്ദർശിച്ചു**

കടനാട് ഫൊറോനയുടെ കീഴിലുള്ള എല്ലാ ഇടവകപ്പള്ളികളും സന്ദർശിച്ച് ദീപിക ദിനപത്രം, ദീപിക അനുബന്ധപ്രസിദ്ധീകരണങ്ങൾ എന്നിവ പരിചയപ്പെടുത്തി.

**9. ഡി.എഫ്.സി പ്രൊമോട്ടേഴ്സ്**

| | |
|---|---|
| ബെന്നി മറ്റം | മൂന്നിലവ് |
| ഫ്ളവറി സെബാസ്റ്റ്യൻ | ചേർപ്പുങ്കൽ |
| സോഹൻ ഷൈജു | ഇലഞ്ഞി |
| ജോർഡിൻ ജോൺസ് | ഇലഞ്ഞി |
| ജോയിച്ചൻ കാക്കനാട്ട് | തിടനാട് |

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. ഇൻഫാം ദക്ഷിണമേഖല നേതൃത്വപരിശീലനക്ലാസ്**

ഇൻഫാം ദക്ഷിണമേഖലയുടെ ഒരു നേതൃത്വപരിശീലനക്ലാസ് 24-5-2024 വെള്ളിയാഴ്ച പാറത്തോട് മലനാട് ഡവലപ്മെന്റ് സൊസൈറ്റിയിൽ വച്ചു നടത്തി. രാവിലെ 10 ന് പ്രാർത്ഥനയോ പരിശീലനപരിപാടികൾ ആരംഭിച്ചു. ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ സ്വാഗതം ആശംസിച്ചു. ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരകുന്നേൽ ആമുഖപ്രസംഗം നടത്തി. പാലാ കാർഷിക ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ ഉദ്ഘാടനം നിർവഹിച്ചു. ഫാ. തോമസ് മറ്റമുണ്ടയിൽ ക്ലാസുകൾ നയിച്ചു. ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, ബെന്നി തുളുവനാനിക്കൽ, ജെസ്റ്റിൻ ഇടയോടിയിൽ, തോമസ് മറ്റം എന്നിവരും പങ്കെടുത്തു.

**ഇൻഫാം അംഗത്വകാർഡ് വിതരണവും പരിസ്ഥിതിദിനാഘോഷവും**

2-6-2024 ഞായറാഴ്ച വൈകുന്നേരം 4 ന് ചേറ്റുതോട് പള്ളിയിൽ ഇൻഫാം അംഗങ്ങളുടെ അംഗത്വകാർഡ് വിതരണം നടത്തി. വികാരി ഫാ. ജോസഫ് ചക്കാലയ്ക്കൽ സ്വാഗതം ആശംസിച്ചു. ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ കാർഡ് വിതരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഫാ. ജോസ് തറപ്പേൽ, ഡോ. കെ.കെ. ജോസ് കരിപ്പാകുടിയിൽ എന്നിവർ പ്രസംഗിച്ചു. സമ്മേളനാനന്തരം പള്ളിയങ്കണത്തിൽ മാവിൻതൈ നട്ടു.

2-6-2024 ഞായറാഴ്ച വൈകിട്ട് ചെമ്മലമറ്റം പള്ളിയിൽ അംഗത്വകാർഡ് വിതരണം നടത്തി. വികാരി ഫാ. സെബാസ്റ്റ്യൻ കൊല്ലമ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് ചെറുകരകുന്നേൽ കാർഡുകളുടെ വിതരണം നിർവഹിച്ചു. ഫാ. ജോസ് തറപ്പേൽ, ഡോ. കെ.കെ. ജോസ് കരിപ്പാകുടിയിൽ, ജോസ് വടക്കേൽ, ടോമി തറപ്പേൽ, തോമസ് മറ്റം എന്നിവർ പ്രസംഗിച്ചു.

**തീക്കോയി താലൂക്ക് പ്രവർത്തനോദ്ഘാടനവും പരിസ്ഥിതിദിനാഘോഷവും**

5-6-2024 ബുധനാഴ്ച രാവിലെ 10.30 ന് തീക്കോയി യൂണിറ്റ് രൂപീകരണവും ഫൊറോന പ്രവർത്തനോദ്ഘാടനവും പരിസ്ഥിതിദിനാഘോഷവും നടത്തി. വികാരി ഫാ. തോമസ് മേനാച്ചേരി സ്വാഗതം ആശംസിച്ചു. ഫാ. ജോസ് തറപ്പേൽ ആമുഖപ്രസംഗം നടത്തി. ഫാ. ജോസഫ് ചെറുകരക്കുന്നേൽ ഉദ്ഘാടനം നിർവഹിച്ചു. ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ പരിസ്ഥിതിദിനസന്ദേശം നൽകി. തോമസ് മറ്റം നന്ദി പറഞ്ഞു. അയ്യമ്പാറ, വെള്ളികുളം, മംഗളഗിരി, പാറമൺ എന്നീ ഇടവകകളിലേക്ക് അംഗത്വഫോറം വിതരണം ചെയ്തു. യോഗാനന്തരം പള്ളിയങ്കണത്തിൽ തെങ്ങിൻതൈ നട്ടു.

**കടുത്തുരുത്തി താലൂക്ക് പ്രവർത്തനോദ്ഘാടനവും പരിസ്ഥിതിദിനാഘോഷവും**

15-6-2024 ൽ കടുത്തുരുത്തി താലൂക്ക് പ്രവർത്തനോദ്ഘാടനവും പരിസ്ഥിതിദിനാഘോഷവും വികാരി ഫാ. മാത്യു ചന്ദ്രൻകുന്നേലിന്റെ അധ്യക്ഷതയിൽ

നടത്തി. ഫാ. ജോസ് തറപ്പേൽ ഉദ്ഘാടനം നിർവഹിച്ചു. ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ പരിസ്ഥിതിദിനസന്ദേശം നൽകി. തോമസ് മറ്റം, പി.സി. ജോസഫ് എന്നിവർ പ്രസംഗിച്ചു. കീഴൂർ, തുരുത്തിപ്പള്ളി, മാന്നാർ, പൂഴിക്കോൽ എന്നീ ഇടവകകളിലേക്ക് അംഗത്വഫോറം വിതരണം ചെയ്തു.

**കിസാൻ ജെംസ് എക്സലൻസ് അവാർഡുവിതരണം**

ഇൻഫാം ദേശീയസമിതിയുടെ ആഭിമുഖ്യത്തിൽ 17-6-2024 ൽ കാഞ്ഞിരപ്പള്ളി പൊടിമറ്റം സെന്റ് മേരീസ് പള്ളി പാരിഷ് ഹാളിൽ വച്ച് കിസാൻ ജെംസ് എക്സലൻസ് അവാർഡ് വിതരണം നടത്തി. എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ, ഇൻഫാം അംഗങ്ങളുടെ മക്കൾക്ക് സ്വർണനാണയങ്ങൾ, മറ്റു സാമഗ്രികൾ എന്നിവ നൽകി ആദരിച്ചു. ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. പാലാ രൂപതയിൽ ചേറ്റുതോട്, ചെമ്മലമറ്റം, മലയിഞ്ചിപ്പാറ തുടങ്ങിയ ഇടവകകളിൽനിന്ന് പത്തു കുട്ടികൾ അവാർഡ് ഏറ്റുവാങ്ങി. പാലാ കാർഷിക ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## ഫാ. ജോർജ് വഞ്ചിപ്പുരയ്ക്കൽ

കടുത്തുരുത്തി സെന്റ് മേരീസ് പള്ളിയിൽ വർക്കി-റോസ ദമ്പതികളുടെ അഞ്ചു മക്കളിൽ ഒരാളായി 1948 മേയ് 07-ാം തീയതി ജോർജ് വഞ്ചിപ്പുരയ്ക്കൽ ജനിച്ചു. 1948 മെയ് 14-ാം തീയതി മരങ്ങോലി പള്ളിയിൽ വച്ച് മാമ്മോദീസ സ്വീകരിച്ചു. കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂൾ, പാലാ സെന്റ് തോമസ് കോളജ്, മാന്നാനം കെ.ഇ. കോളജ് എന്നിവിടങ്ങളിൽനിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി. 1965 ൽ പാലാ രൂപത മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തത്ത്വശാസ്ത്രം ദൈവശാസ്ത്രവും പഠിച്ചു. 1978 മാർച്ച് 02-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ ആദ്യനാളുകളിൽ വടകര, കുറവിലങ്ങാട് എന്നീ പള്ളികളിൽ അസ്തേന്തി അച്ചനായും തുടർന്ന് ചേന്നാട്, പൈക, മോനിപ്പള്ളി, തിടനാട്, ഇലഞ്ഞി, മരങ്ങാട്ടുപ്പള്ളി, പ്രവിത്താനം എന്നീ പള്ളികളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. 1989 മുതൽ 1997 വരെ പറത്താനം സിവ്യൂ എസ്റ്റേറ്റിന്റെ മാനേജരായി ശുശ്രൂഷ ചെയ്തു. 2023 ൽ ഔദ്യോഗിക അജപാലനശുശ്രൂഷയിൽനിന്ന് വിരമിച്ച അച്ചൻ മുട്ടുചിറയിലും ചേർപ്പുങ്കലുമായി വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. 2024 ജൂൺ 24 ന് ഇഹലോകവാസം പൂർത്തിയാക്കി നിത്യകിരീടം നേരാൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹുമാനപ്പെട്ട വഞ്ചിപ്പുരയ്ക്കൽ ജോർജ് അച്ചന്റെ ഭൗതികശരീരം 2024 ജൂൺ 28-ാം തീയതി രാവിലെ 9 ന് ഭവനത്തിലുള്ള ശുശ്രൂഷ

കൾക്കുശേഷം രാവിലെ 10 ന് ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാനയ്ക്കും തുടർന്ന് മൃതസംസ്കാരശുശ്രൂഷാപ്രാർത്ഥനകൾക്കുംശേഷം കടുത്തുരുത്തി പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മരിച്ചവരെ നിത്യതയിൽ ഉയിർപ്പിക്കുന്ന ദൈവം തന്റെ വിശ്വസ്തദാസനായ വഞ്ചിപ്പുരയ്ക്കൽ ജോർജ് അച്ചന്റെ ജീവന്റെ കിരീടം അണിയിക്കട്ടെ.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## MAY 2024

| | | |
|---|---|---|
| 01 | 09.30 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിശ്വാസപരിശീലന പ്രഥമാധ്യാപകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 10.45 am | പാലാ സിവിൽ ഇൻസ്റ്റിറ്റ്യൂട്ട് അക്കാദമിയുടെ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 03.00 pm | പിഴക് ഇടവകയിൽ കച്ചിറമറ്റം ജോൺ സാറിന്റെ അവാർഡുദാനച്ചടങ്ങിൽ അഭിനന്ദനങ്ങൾ നൽകി സംസാരിച്ചു. |
| 02 | 04.00 pm | കീഴൂർ പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട ഓഡിറ്റോറിയം ആശീർവദിച്ചു. |
| | 07.00 | കത്തീഡ്രൽ ഫൊറോനയിൽ ചക്കൻകുളത്തുതറപ്പേൽ ടി.ജെ ജോസഫിന്റെയും അദ്ദേഹത്തിന്റെ ഭാര്യ എൽസിയുടേയും മൃതശരീരങ്ങൾക്കരിക്കിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 03 | 10. 00 am | അറക്കുളം പുതിയപള്ളി ഇടവകയിൽ അഞ്ചാനിക്കൽ ബഹു. ജോസ് അച്ചന്റെ സഹോദരൻ അഞ്ചാനിക്കൽ ജോയിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 12.00 pm | കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ചു നടത്തപ്പെട്ട നൂതനസംരംഭകത്വ പദ്ധതി സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 03.00 pm | തിടനാട് ഇടവകയിൽ ഹോം പാലാ പ്രോജക്ടിലുൾപ്പെടുത്തി നിർമ്മിക്കപ്പെട്ട 2 ഭവനങ്ങളുടെ ആശീർവാദ കർമ്മം നിർവ്വഹിച്ചു. |

| | | |
|---|---|---|
| 05 | 10. 00 am | ചേർപ്പുങ്കൽ ഫൊറോനയിൽ ചാവേലിൽ ബഹു. ജോണച്ചന്റെ പിതാവ് ചാവേലിൽ ശ്രീ. ജോയി തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 05, 06 | | കാക്കനാട് പി.ഒ.സിയിൽ കെ.സി.ബി.സി യുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 06, 07 | | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്ന റീജിയണൽ ബിഷപ്സ് കോൺഫറൻസിന് ആതിഥേയത്വം വഹിച്ചു. |
| | 02. 30 pm | പൈക ഇടവകയിൽ പന്തിരുവേലിൽ ബഹു. മാർട്ടിൻ, മാത്യു അച്ചൻമാരുടെ അമ്മയായ പന്തിരുവേലിൽ ശ്രീമതി മോളി ജോയിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 04. 00 pm | ബിഷപ്സ് ഹൗസിൽ പാലാ കോർപ്പറേറ്റ് എജ്യുക്കേഷന്റെ കീഴിൽ 12-ാം ക്ലാസിൽ മുഴുവൻ മാർക്കും കരസ്ഥമാക്കിയ കുട്ടികൾക്ക് അഭിനന്ദനങ്ങളും സമ്മാനങ്ങളും നൽകി. |
| 08 | 11.00 am | കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 02.30 pm | അരുണാപുരംപള്ളി ഓഡിറ്റോറിയത്തിൽ വച്ച് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പിതൃവേദി, മാതൃവേദി, പ്രൊലൈഫ് സമിതികളുടെ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 6.00 pm | കാഞ്ഞിരപ്പള്ളിയിൽ കോക്കാട്ട് ബഹു. മാത്യു അച്ചന്റെ സഹോദരൻ കോക്കാട്ട് ഡോ. ജോസിന്റെ മൃതശരീരത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 09-30 | | റോമാ സന്ദർശനം. |

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ റോമാ യാത്രയിൽനിന്ന്




പാലാ രൂപതയുടെ പ്രഥമമെത്രാനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് കാർഡിനൽ ടിസറന്റിൽനിന്ന് മെത്രാഭിഷേകം സ്വീകരിച്ച റോമിലെ ആവിലായിലെ വി. തെരേസാ ബസലിക്കായിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിശുദ്ധ കുർബാന അർപ്പിക്കുന്നു.




മാർ ജോസഫ് കല്ലറങ്ങാട്ട് റോമിലുള്ളള വൈദികരോടും വൈദികവിദ്യാർത്ഥികളോടുമൊപ്പം സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ



**മാർ ജോസഫ് കല്ലറങ്ങാട്ട് ജർമ്മനിയിലെ Eichstätt സെമിനാരി സന്ദർശിച്ചപ്പോൾ**



**മാർ ജോസഫ് കല്ലറങ്ങാട്ട് പേസറോ മെത്രാപ്പോലീത്തയായ
Sandro Salvucci യോടും വൈദികരോടുമൊപ്പം**



മാർ ജോസഫ് കല്ലറങ്ങാട്ട് ജർമ്മനിയിലെ Schönstatt ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ചപ്പോൾ



മാർ ജോസഫ് കല്ലറങ്ങാട്ട് റോമിലെ
Mater Ecclesiae കോളേജ് സന്ദർശിച്ചപ്പോൾ



Uznach ലെ St. Otmarsberg Benedictine
ആശ്രമത്തിൽ Abbot Emmanuel OSB-യുമൊത്ത്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്



യൂറോപ്പിൽ ശുശ്രൂഷ ചെയ്യുന്ന പാലാ രൂപതയിലെ ബഹുമാനപ്പെട്ട അച്ചന്മാരുമൊത്ത്
വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

2024
JULY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



ജൂലൈ 28 – വി. അൽഫോൻസാമ്മയുടെ തിരുനാൾ

*Printed at St.Thomas Press, Palai and Published by Fr. John Pakkarampel*